January 2016
Vol. 13 - Issue 01
Published on
2nd Jan. 2016

# Sahyanadham

Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.



Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
ജനുവരി 2016
ലക്കം 01



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 13
Issue No. : 1
Month : January 2016





*Patron*
**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*
**Rev. Dr. Joseph Kochukunnel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikkoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| 49-ാം ലോകസമാധാനദിനസന്ദേശം | 05 |
| മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ | 26 |
| സഭൈക്യവാര പ്രാർത്ഥന | 38 |
| രൂപതക്കച്ചേരി | 48 |
| മൈനർ സെമിനാരി | 51 |
| ക്രിസ്തുജ്യോതി | 52 |
| വിദ്യാഭ്യാസം | 54 |
| സാമൂഹ്യസേവനം | 56 |
| ചെറുപുഷ്പ മിഷൻലീഗ് | 59 |
| കെ.സി.എസ്.എൽ. | 60 |
| കെ.സി.വൈ.എം. | 62 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി | 63 |
| കുടുംബ പ്രേഷിതത്വം | 64 |
| പ്രാർത്ഥനാഗ്രൂപ്പ് | 66 |
| മാതൃവേദി | 66 |
| കത്തോലിക്കാ കോൺഗ്രസ് | 67 |
| കേരള ലേബർ മൂവ്മെന്റ് | 70 |
| ആത്മജ്യോതിയിലെ പരിപാടികൾ | 71 |
| അറിയിപ്പുകൾ | 71 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 73 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 75 |


"കർത്താവിനു നന്ദി പറയുവിൻ, അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം അനന്തമാണ്." (സങ്കീ. 136:1)

## ഓർമ്മിക്കാൻ

### ജനുവരിയിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | വർഷാരംഭം, നമ്മുടെ കർത്താവിന്റെ നാമകരണം, ദൈവമാതൃത്വ തിരുനാൾ |
| 02 | : | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 04-06 | : | വിവാഹ ഒരുക്ക സെമിനാർ ആത്മജ്യോതി അടിമാലി |
| 06 | : | ദനഹാത്തിരുനാൾ, പ്രേഷിതവാരം ആരംഭിക്കുന്നു |
| 08 | : | വി. യോഹന്നാൻ മാംദാന |
| 08-09 | : | സംസ്ഥാന കലോത്സവം കെ.സി.എസ്.എൽ. |
| 09 | : | ജീസസ് നൈറ്റ് കെ.സി.വൈ.എം. |
| 10 | : | സീറോ മലബാർ മിഷൻ ഞായർ |
| 10-15 | : | എഫാത്താധ്യാനം ആത്മജ്യോതി അടിമാലി |
| 12 | : | പ്രേഷിതവാരം അവസാനിക്കുന്നു |
| 14-16 | : | സെനറ്റ് മീറ്റ് കെ.സി.വൈ.എം. |
| 16-17 | : | തിയോളജി കോഴ്സ് ആത്മജ്യോതി അടിമാലി |
| 15 | : | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |
| 18 | : | മൂന്ന് നോമ്പ് ആരംഭം, സഭൈക്യവാരം ആരംഭിക്കുന്നു |
| 20 | : | മൂന്ന് നോമ്പ് അവസാനിക്കുന്നു, വി. സെബസ്ത്യാനോസ് |
| 22 | : | വി. സുവിശേഷകന്മാർ |
| 23 | : | കൈയെഴുത്ത് മാസികാ മത്സരം സി.എം.എൽ. |
| 25 | : | സഭൈക്യവാരം അവസാനിക്കുന്നു |
| 25-27 | : | വിവാഹ ഒരുക്ക സെമിനാർ ആത്മജ്യോതി അടിമാലി |
| 26 | : | സമർപ്പിതവർഷ സമാപനം, ഇന്ത്യൻ റിപ്പബ്ലിക് ദിനം, വി. തിമോത്തേയോസും വി. തീത്തൂസും |
| 28 | : | വി. തോമസ് അക്വിനാസ് പു. മ. |
| 29 | : | വി. എസ്തപ്പാനോസ് വേ. |
| 30 | : | ലോകസമാധാനം, വി. ജോൺ ബോസ്കോ |

# C. 1. നാല്പത്തി ഒമ്പതാം ലോകസമാധാന ദിനാചരണ സന്ദേശം

## ഫ്രാൻസിസ് മാർപാപ്പ

**2016 ജനുവരി 1**

### *നിസ്സംഗതയെ കീഴടക്കുകയും സമാധാനം നേടുകയും ചെയ്യുക*

1. ദൈവം നിസ്സംഗനല്ല, ദൈവം മനുഷ്യവംശത്തിന്റെ കാര്യത്തിൽ താത്പര്യം കാണിക്കുന്നുണ്ട്. ദൈവം നമ്മെ ഉപേക്ഷിക്കുകയില്ല. ഈ നവവത്സരാരംഭത്തിൽ അഗാധമായ ഈ അവബോധം പങ്കുവയ്ക്കാൻ മാത്രമല്ല ഞാൻ ആഗ്രഹിക്കുന്നത്. രാഷ്ട്രത്തലവന്മാരും മതനേതാക്കന്മാരും ഉൾപ്പെടെയുള്ള എല്ലാ സ്ത്രീപുരുഷന്മാർക്കും ഓരോ കുടുംബത്തിനും ലോകത്തിലെങ്ങുമുള്ള ഓരോ ജനതയ്ക്കും രാഷ്ട്രത്തിനും സമൃദ്ധിയും സമാധാനവും പ്രതീക്ഷാസാഫല്യവും ഉണ്ടാകുവാനുള്ള ഹൃദയംഗമമായ ആശംസകൾ അറിയിക്കാൻ കൂടി ഞാൻ ആഗ്രഹിക്കുന്നു. നമ്മൾ എല്ലാവരും വ്യത്യസ്ത തലങ്ങളിൽ ധൈര്യത്തോടും ആത്മവിശ്വാസത്തോടും കൂടെ നീതിക്കും സമാധാനത്തിനും വേണ്ടി അദ്ധ്വാനിക്കുന്നതായി 2016-ാം വർഷം കാണുമെന്ന ആത്മവിശ്വാസം നാം പുലർത്തിക്കൊണ്ടിരിക്കുന്നു. സമാധാനമെന്നത് ദൈവത്തിന്റെ ദാനവും മാനുഷിക നേട്ടവുമാണ്. ദൈവദാനമെന്ന നിലയിൽ, അത് നേടാൻ വിളിക്കപ്പെട്ട എല്ലാ സ്ത്രീപുരുഷന്മാരെയും അത് ഏല്പിച്ചിരിക്കുന്നു.

**പ്രത്യാശയ്ക്കായുള്ള നമ്മുടെ പ്രവർത്തനങ്ങൾ തുടരുക**

2. ഇക്കഴിഞ്ഞവർഷം ആരംഭം മുതൽ അവസാനം വരെ യുദ്ധം, ഭീകരപ്രവർത്തനങ്ങൾ, മനുഷ്യരെ തട്ടിക്കൊണ്ടു പോകൽ, വംശപരമോ മതപരമോ ആയ പീഡനം, അധികാര ദുർവിനിയോഗം എന്നിവയിൽ മുദ്രിതമായിരുന്നുവെന്നത് അത്യന്തം ദുഃഖകരമാണ്. ലോകത്തിന്റെ പല ഭാഗങ്ങളിൽ അവയെല്ലാം സാധാരണ സംഭവങ്ങളായിത്തീർന്നു; ഭാഗീകമായി ''യഥാർത്ഥ മൂന്നാം ലോകമഹായുദ്ധ''മായിത്തീർന്നു. എന്നാലും അവസാനിക്കുന്ന വർഷത്തിലുണ്ടായ ചില സംഭവങ്ങൾ എനിക്കു പ്രചോദനം നല്കുന്നുണ്ട്. പുതിയ വർഷത്തെ കാത്തിരിക്കാനും തിന്മയെ കീഴടക്കാനും പിന്തിരിയലിനെയും നിസ്സം



ഗതയെയും എതിർക്കാനുമുള്ള മാനുഷികശക്തിയിലുള്ള പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കാൻ ഓരോ വ്യക്തിയെയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട പ്രചോദനം നല്കുന്നു. ഐക്യദാർഢ്യത്തിനുള്ള നമ്മുടെ കഴിവിനെയും നിർണായക നിമിഷങ്ങളിൽ സ്വാർത്ഥത, വെറുപ്പ്, നിസ്സംഗത എന്നിവയ്ക്ക് അതീതരായി ഉയർന്നു നില്ക്കാനുള്ള കഴിവിനെയും അവർ കാണിക്കുന്നുണ്ട്.

കാലാവസ്ഥാ മാറ്റത്തെ നേരിടാനും നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കാനുമുള്ള അന്വേഷണത്തിൽ ലോകനേതാക്കന്മാർ സി.ഒ.പി 21 സമ്മേളനത്തിൽ നടത്തിയ പരിശ്രമങ്ങളെ സൂചിപ്പിക്കാൻ ഞാനിവിടെ ആഗ്രഹിക്കുന്നു. മുമ്പുണ്ടായ രണ്ട് ആഗോള സംഭവങ്ങളെക്കുറിച്ചും നമുക്കു ചിന്തിക്കാം. അവയിൽ ആദ്യത്തേത് അഡിസ് അബാബാ സമ്മേളനമാണ്. ലോകവ്യാപകമായ ശാശ്വതവികസനം ഉറപ്പാക്കാനുള്ള സാമ്പത്തിക സഹായം നല്കുന്നതിനുവേണ്ടിയുള്ളതായിരുന്നു അത്. സുസ്ഥിരവികസനത്തിനുവേണ്ടിയുള്ള യുണൈറ്റഡ് നേഷൻസ് 2030 അജണ്ടയുടെ സ്വീകരണമാണ് രണ്ടാമത്തേത്. ലോകത്തിലെ സകല ജനതകൾക്കും പ്രത്യേകിച്ച് - മഹത്ത്വപൂർണമായ ജീവിത നിലവാരം ആ വർഷം കൊണ്ട് ഉറപ്പുവരുത്താൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു അത്.

സഭയെ സംബന്ധിച്ചിടത്തോളം 2015 ഒരു സവിശേഷ വർഷമായിരുന്നു. കാരണം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രണ്ടു പ്രമാണ രേഖകളുടെ അമ്പതാം വാർഷികമായിരുന്നു 2015. ആ രേഖകൾ സഭയ്ക്കു ലോകവുമായുള്ള ഐക്യദാർഢ്യത്തെ ശക്തിയുക്തം പ്രകാശിപ്പിക്കുന്നവയായിരുന്നു. ജോൺ 23-ാമൻ മാർപാപ്പ കൗൺസിലിന്റെ ആരംഭത്തിൽത്തന്നെ, ലോകവുമായുള്ള സഭയുടെ സമ്പർക്കം വർധിപ്പിക്കാൻ സഭയുടെ ജനലുകൾ മലർക്കെ തുറന്നിടാൻ ആഗ്രഹിച്ചു. ആ രണ്ടു പ്രമാണരേഖകൾ ''അക്രൈസ്തവ മതങ്ങൾ'' (Nostra aetate), ''സഭ ആധുനികലോകത്തിൽ'' എന്നിവയാണ്. മാനുഷിക കുടുംബത്തിൽ സഭ തട്ടിയുണർത്താൻ ആഗ്രഹിച്ച പുതിയ സംവാദബന്ധം ഐക്യദാർഢ്യം സഹഗമനം എന്നിവയുടെ അടയാളങ്ങളാണവ. സഭ ''അക്രൈസ്തവമതങ്ങൾ'' എന്ന പ്രഖ്യാപനത്തിൽ, അക്രൈസ്തവ മതങ്ങളുമായി സംവാദം നടത്താനുള്ള

തന്റെ തുറവി പ്രകാശിപ്പിച്ചു. ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യാ, പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെ കൂടിയാണ് എന്ന അംഗീകാരത്തെ ആസ്പദമാക്കിക്കൊണ്ടുള്ളതാണ് ''സഭ ആധുനികലോകത്തിൽ'' എന്ന പ്രമാണരേഖ. നമ്മുടെ ലോകത്തിന്റെ പ്രശ്നങ്ങളെയും കുറിച്ച് ഐക്യദാർഢ്യത്തിന്റെയും ആദരവിന്റെയും വാത്സല്യത്തിന്റെയും അടയാളമെന്ന നിലയിൽ മുഴുവൻ മാനുഷിക കുടുംബവുമായി സ്നേഹസംവാദത്തിലേർപ്പെടാൻ ആ പ്രമാണരേഖയിൽ സഭ സന്നദ്ധത പ്രകടിപ്പിച്ചു.[2]

അതുപോലെതന്നെ, ഓരോ ക്രൈസ്തവനും കാരുണ്യം പ്രഘോഷിക്കാനും അതിനു സാക്ഷ്യം നല്കാനും കഴിവുള്ള വിനീതവും സഹാനുഭൂതി നിറഞ്ഞതുമായ ഹൃദയമുണ്ടാകാൻവേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമായി ഈ കാരുണ്യജൂബിലിവർഷത്തിൽ സഭയെ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ക്ഷമിക്കാനും നല്കാനും നമ്മളെല്ലാവരും പഠിക്കുമെന്നാണ് എന്റെ പ്രതീക്ഷ. ആധുനിക സമൂഹം തന്നെ സൃഷ്ടിക്കുന്ന സമൂഹത്തിന്റെ അങ്ങേയറ്റങ്ങളിൽ ജീവിക്കുന്നവരോട് കൂടുതൽ തുറവുണ്ടാകാനാണത്. നവീനമായതെന്താണെന്ന് കണ്ടെത്തുന്നതിൽ നിന്ന് നമ്മെ തടയുന്ന ''തരം താഴ്ത്തുന്ന നിസ്സംഗതയിലേക്ക് അഥവാ വിരസമായ പ്രവർത്തനശൈലിയിലേക്ക് വീഴാൻ സ്വയം അനുവദിക്കാതിരിക്കുന്നതിനുവേണ്ടിയാണത്. നമുക്ക് വിനാശകരമായ വിമർശനബുദ്ധിയിൽ നിന്ന് ഒഴിവാകാം.''[3]

ഐക്യദാർഢ്യത്തോടെ ഒന്നിച്ചു പ്രവർത്തിക്കാൻ മനുഷ്യവംശത്തിനു കഴിവുണ്ടെന്നു വിശ്വസിക്കാൻ പല കാരണങ്ങളുമുണ്ട്. നമ്മുടെ കൂടുതൽ ദുർബലരായ സഹോദരീസഹോദരന്മാരോടും പൊതുനന്മയുടെ സംരക്ഷണത്തോടുമുള്ള താത്പര്യം തെളിയിക്കാൻ പരസ്പരബന്ധത്തിന്റെയും പരസ്പരാശ്രയത്തിന്റെയും അടിസ്ഥാനത്തിൽ കഴിയുമെന്നു വിശ്വസിക്കാൻ കാരണങ്ങളുണ്ട്. പരസ്പര ഉത്തരവാദിത്വത്തിന്റെ ഈ മനോഭാവം സഹോദര്യത്തിലേക്കും പൊതുജീവിതത്തിലേക്കുമുള്ള നമ്മുടെ മൗലികവിളിയിൽ വേരുറച്ചതാണ്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാൻ



നിശ്ചയിക്കപ്പെട്ട ജീവികളാണു മനുഷ്യർ. അതാണ് വ്യക്തിമഹത്ത്വത്തിന്റെയും വ്യക്ത്യന്തരബന്ധത്തിന്റെയും അടിസ്ഥാനം. അന്യാധീനപ്പെടുത്താനാവാത്ത സൃഷ്ടികളാണു നമ്മൾ. ആ നിലയിൽ നമ്മൾ നമ്മുടെ സഹോദരീസഹോദരന്മാരുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മൾ അവരെ സംബന്ധിച്ച് ഉത്തരവാദിത്വമുള്ളവരാണ്. അവരുമായുള്ള ഐക്യദാർഢ്യത്തോടെ നമ്മൾ പെരുമാറണം. ഈ ബന്ധമില്ലെങ്കിൽ നമ്മൾ മനുഷ്യത്വം കുറഞ്ഞവരായിരിക്കും. അപ്പോൾ, നിസ്സംഗത മനുഷ്യകുടുംബത്തിനെതിരേയുള്ള ഭീഷണിയായെന്നു നാം കാണുന്നു. നാം പുതിയൊരു വർഷത്തെ സമീപിക്കുമ്പോൾ, എല്ലാവരും ഈ വസ്തുത പരിഗണിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. നിസ്സംഗതയെ കീഴടക്കാനും സമാധാനം നേടാനുമാണത്.

**നിസ്സംഗതയുടെ ഇനങ്ങൾ**

3. നിസ്സംഗത പുതിയൊരു സംഗതിയല്ലെന്നതു വ്യക്തമാണ്. മറ്റുള്ളവരുടെ നേരെ ഹൃദയം അടയ്ക്കുന്ന ആളുകൾ ചരിത്രത്തിന്റെ ഒരോ ഘട്ടത്തിലുമുണ്ടായിരുന്നതായി അറിയാം. തങ്ങൾക്കു ചുറ്റും സംഭവിക്കുന്നവയ്ക്കു നേരെ അവർ കണ്ണടച്ചു. മറ്റുള്ളവരുടെ പ്രശ്നങ്ങളെ നേരിടാതെ അവർ ഒഴിഞ്ഞു മാറി. എന്നാൽ ഇന്ന് നിസ്സംഗത കേവലം വ്യക്തിപരമായ കാര്യമല്ലാതായിരിക്കുന്നു. അത് കൂടുതൽ വ്യാപകമായ മാനങ്ങളുള്ളതായി ''നിസ്സംഗതയുടെ ആഗോളവത്കരണം'' സംഭവിച്ചിരിക്കുന്നു.

മനുഷ്യസമൂഹത്തിൽ നിസ്സംഗതയുടെ ഒന്നാമത്തെ ഇനം ദൈവത്തെ സംബന്ധിച്ച നിസ്സംഗതയാണ്. അത് അയൽക്കാരോടും പരിസ്ഥിതിയോടുമുള്ള നിസ്സംഗതയിലേക്കു നയിക്കുന്നു. ആപേക്ഷികതാവാദത്തോടും (relativism) ശൂന്യതാവാദത്തോടും (nihilism) ബന്ധപ്പെട്ട തെറ്റായ മാനുഷികതാവാദത്തിന്റെയും പ്രായോഗിക ഭൗതികവാദത്തിന്റെയും ഗൗരവപൂർണമായ അനന്തരഫലമാണ്. നമ്മുടെയും നമ്മുടെ ജീവിതത്തിന്റെയും സമൂഹത്തിന്റെയും ഉറവിടവും സൃഷ്ടാവും നമ്മളാണെന്ന ചിന്തയിലേക്കു നാം എത്തിച്ചേരുന്നു. നമ്മൾ സ്വയം പര്യാപ്തരാണെന്ന ചിന്തയിലേക്കു നാം എത്തിച്ചേർന്നു. നമ്മൾ സ്വയം പര്യാപ്തരാണെന്നു നാം കരുതുന്നു. ദൈവത്തിനുപകരമായ ഒരു ശക്തിയെ കണ്ടെത്താൻ മാത്രമല്ല അവിടത്തെ

കൂടാതെ ജീവിക്കാൻ കൂടി തയ്യാറായി. അതിന്റെ ഫലമായി നമ്മോടു തന്നെയല്ലാതെ മറ്റാരോടും നമുക്കു കടപ്പാടില്ലെന്നു ചിന്തിക്കുന്നു. അവകാശങ്ങൾക്കുവേണ്ടി മാത്രം നാം വാദിക്കുന്നു.[4] വ്യക്തിയെ സംബന്ധിച്ച ഈ തെറ്റിധാരണയ്ക്കെതിരെ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ ഇങ്ങനെ നിരീക്ഷിച്ചു: നമ്മുടെ ആത്യന്തികമായ അർത്ഥത്തെ സംബന്ധിച്ച ചോദ്യത്തിനു ഉത്തരം നല്കാൻ മനുഷ്യനു തന്നെയോ മാനുഷികവികസനത്തിനു തന്നെയോ ഒറ്റയ്ക്കു സാധ്യമല്ല.[5] അതുപോലെ പോൾ ആറാമൻ മാർപാപ്പാ പ്രസ്താവിച്ചു: ''കേവല ശക്തിയോട് (Absolute) തുറവുള്ളതും മനുഷ്യജീവിതത്തിന് യഥാർത്ഥ പ്രാധാന്യം നല്കുന്ന ഒരു വിളിയെപ്പറ്റി ബോധമുള്ളതുമായ മാനുഷികതാവാദമല്ലാതെ യഥാർത്ഥമായ മാനുഷികതാവാദമില്ല.''[6]

അയൽക്കാരനോടുള്ള നമ്മുടെ നിസ്സംഗത പലവിധത്തിൽ സ്വയം പ്രകടിപ്പിക്കുന്നു. ചില ആളുകൾ നല്ല വിദ്യാഭ്യാസമുള്ളവരാണ്. അവർ റേഡിയോ കേൾക്കും; പത്രങ്ങൾ വായിക്കും. അല്ലെങ്കിൽ ടെലിവിഷൻ കാണും. പക്ഷേ, അവ അതൊക്കെ കേവലം യാന്ത്രികമായി, മനഃസാന്നിധ്യമില്ലാതെ ചെയ്യുന്നു. മനുഷ്യവംശത്തെ ബാധിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് അവ്യക്തമായ ധാരണ അവർക്കുണ്ട്. എന്നാൽ ഇടപെടാനോ സഹതപിക്കാനോ അവർക്കു തോന്നുന്നില്ല. അറിയുകയും എന്നാൽ നോട്ടവും ചിന്തകളും പ്രവൃത്തികളും തങ്ങളിൽത്തന്നെ കേന്ദ്രീകരിക്കുകയും ചെയ്യുന്ന മനോഭാവമാണ് അവരുടേത്. ദുഃഖകരമെന്നു പറയട്ടെ, ഇന്നത്തെ വിവരദാനവിസ്ഫോടനം സ്വയമേ മറ്റുള്ളവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച വർധിച്ച ഉത്കണ്ഠയിലേക്കു നയിക്കുന്നില്ല. തുറവും ഐക്യദാർഢ്യബോധവും അതിന് ആവശ്യമാണല്ലോ.[7] യഥാർത്ഥത്തിൽ വിവരങ്ങളെ ആർത്തിയോടെ വിഴുങ്ങുന്നതുവഴി ആളുകളുടെ സംവേദകത്വം നശിക്കുന്നു. പ്രശ്നങ്ങളുടെ ഗൗരവത്തെ കുറെയെല്ലാം കുറയ്ക്കുകയും ചെയ്യുന്നു. ''ദരിദ്രരെയും ദരിദ്രരാഷ്ട്രങ്ങളെയും അവരുടെ പ്രശ്നങ്ങളുടെ പേരിൽ കുറ്റപ്പെടുത്തിക്കൊണ്ടുമാത്രം തൃപ്തിപ്പെടുന്ന ആളുകളുണ്ട്. അതൊക്കെ സർവസാധാരണമാണെന്ന് വെറുതേ കരുതുന്നു. അവരെ പ്രശാന്തരാക്കാൻ വിദ്യാഭ്യാസമാണ്



പരിഹാരമാർഗമായിട്ടുള്ളതെന്ന് അവർ വാദിക്കുന്നു. അവരെ മെരുക്കാനും നിരുപദ്രവകാരികളാക്കാനും അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. അനേകം രാഷ്ട്രങ്ങളിൽ - അവയുടെ ഗവൺമെന്റുകളിലും ബിസിനസ്സുകളിലും സ്ഥാപനങ്ങളിലും - വ്യാപകവും ആഴത്തിൽ വേരുറച്ചതുമായ അഴിമതിയുടെ വെളിച്ചത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഇത് കൂടുതൽ നിരാശാജനകമാകുന്നു. രാഷ്ട്രങ്ങളുടെ നേതാക്കൾക്കുള്ള രാഷ്ട്രീയാദർശം എന്തായാലും അഴിമതി വ്യാപകവും ആഴത്തിൽ വേരുറച്ചതുമാണ്.''[8]

മറ്റു സാഹചര്യങ്ങളിൽ നിസ്സംഗത നമ്മുടെ ചുറ്റും സംഭവിക്കുന്നതിനെ സംബന്ധിച്ച താത്പര്യരാഹിത്യമായി പ്രത്യക്ഷപ്പെടുന്നു. പ്രത്യേകിച്ച് ആ സംഭവങ്ങൾ നമ്മെ നേരിട്ടു സ്പർശിക്കുന്നവയല്ലെങ്കിൽ അങ്ങനെ സംഭവിക്കുന്ന പലരും കൂടുതൽ ഇഷ്ടപ്പെടുന്നത് ചോദ്യങ്ങൾ ചോദിക്കാതിരിക്കാനും ഉത്തരങ്ങൾ അന്വേഷിക്കാതിരിക്കാനുമാണ്. അവർ സഹിക്കുന്നവരുടെ വിലാപം കേൾക്കാതിരിക്കാൻ ചെവിപൊത്തി ആശ്വാസകരമായ ജീവിതം നയിക്കുന്നു. മറ്റുള്ളവരെയും അവരുടെ പ്രശ്നങ്ങളെയും കുറിച്ച് സഹതപിക്കാൻ നാം സൂക്ഷ്മമാംവിധം അശക്തരായിത്തീരുന്നു. അവരെ ശുശ്രൂഷിക്കാൻ നമുക്കു താത്പര്യമില്ല. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഉത്തരവാദിത്വം അവരുടേതാണെന്നും അത് നമ്മുടെ കാര്യമല്ലെന്നും ഭാവിക്കുന്നു.[9] ''നാം ആരോഗ്യവാന്മാരും സുഖജീവിതം നയിക്കുന്നവരുമായിരിക്കുമ്പോൾ നാം മറ്റുള്ളവരെ മറക്കുന്നു (പിതാവായ ദൈവം ഒരിക്കലും അങ്ങനെ ചെയ്യുന്നില്ല). അവരുടെ പ്രശ്നങ്ങളിലും സഹനത്തിലും അവർ അനുഭവിക്കുന്ന അനീതികളിലും നമുക്കു താത്പര്യമില്ലാതാകുന്നു. നമ്മുടെ ഹൃദയം തണുത്തു മരവിച്ചതായിത്തീരുന്നു. സമ്പത്തു കുറഞ്ഞവരെപ്പറ്റി ഞാൻ ചിന്തിക്കുന്നില്ല.''[10]

നമ്മൾ ഒരു പൊതുഭവനത്തിൽ വസിക്കുന്നു. അതുകൊണ്ട് അതിന്റെ ആരോഗ്യാവസ്ഥയെക്കുറിച്ചു നമ്മോടുതന്നെ ചോദിക്കാതിരിക്കാൻ സാധ്യമല്ല. ''കർത്താവേ അങ്ങേക്കു സ്തുതി'' (Laudato si) എന്ന ചാക്രികലേഖനത്തിൽ ഞാൻ പരിശ്രമിച്ചതുപോലെ തന്നെ. ജലത്തിനും വായുവിനും ഉണ്ടാകുന്ന മലനീകരണവും വിവേകമി

ല്ലാതെ നടത്തുന്ന വനനശീകരണവും സ്വാഭാവിക പരിസ്ഥിതി നശിപ്പിക്കലും മിക്കവാറും സംഭവിക്കുന്ന മനുഷ്യനോടുള്ള മനുഷ്യന്റെ നിസ്സംഗതയാണ്. എന്തെന്നാൽ എല്ലാം പരസ്പരബന്ധിതങ്ങളാണ്. കൂടാതെ മൃഗങ്ങളോടുള്ള നമ്മുടെ പെരുമാറ്റത്തിന്റെ രീതിയുമുണ്ട്. അത് മറ്റു മനുഷ്യരോടുള്ള നമ്മുടെ പെരുമാറ്റത്തെ ബാധിക്കുന്നു.[11] ആളുകൾ തങ്ങളുടെ സ്വന്തം വീട്ടിൽ ചെയ്യാൻ ഒരിക്കലും ധൈര്യപ്പെടാത്തത് മറ്റു സ്ഥലങ്ങളിൽ തന്നിഷ്ടം പോലെ ചെയ്യുന്നു.[12]

ഇക്കാര്യങ്ങളിലും മറ്റു സാഹചര്യങ്ങളിലും നിസ്സംഗത സ്വാർത്ഥതയിലേക്കും സമർപ്പണരാഹിത്യത്തിലേക്കും നമ്മെ നയിക്കുന്നു. അങ്ങനെ അത് ദൈവത്തോടും അയൽക്കാരനോടും പരിസ്ഥിതിയോടും സമാധാനത്തിൽ കഴിയുകയെന്നത് അസാധ്യമായിത്തീരുന്നു.

**ഭീഷണിക്കു വിധേയമാക്കപ്പെടുന്ന സമാധാനം**

4. ദൈവത്തോടുള്ള നിസ്സംഗത വ്യക്തിയുടെ സ്വകാര്യമണ്ഡലത്തിന് അതീതമായിത്തീർന്ന് പൊതുവും സാമൂഹികവുമായ മണ്ഡലത്തിലേക്കു പ്രവേശിക്കുന്നു. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ ചൂണ്ടിക്കാണിച്ചതുപോലെ ''ലോകത്തിൽ ദൈവമഹത്ത്വീകരണവും മാനുഷിക സമാധാനവും അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു.''[13] യഥാർത്ഥത്തിൽ ''സർവാതീതനോട്'' തുറവില്ലാതിരിക്കുന്ന മനുഷ്യർ പെട്ടെന്നു ആപേക്ഷികതാവാദത്തിന് ഇരയായിത്തീരും. നീതിപൂർവം പെരുമാറാനും സമാധാനത്തിനുവേണ്ടി അധ്വാനിക്കാനും പ്രയാസമായിത്തീരും.[14] ദൈവനിഷേധവും ദൈവത്തോടുള്ള അവഗണനയും തന്റെ മാത്രമല്ലാത്ത മറ്റൊരു നിയമവും അംഗീകരിക്കാതിരിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. അത് വർണ്ണനാതീതമായ ക്രൂരതയും അക്രമവും ഉത്പാദിപ്പിച്ചിട്ടുണ്ട്.[15]

ദൈവത്തോടുള്ള നിസ്സംഗത ഉത്പാദിപ്പിക്കുന്നതാണ് വ്യക്തിതലത്തിലും സമൂഹതലത്തിലും അയൽക്കാരനോടുള്ള നിസ്സംഗത. അത് താത്പര്യമില്ലായ്മയിലും അധ്വാനരാഹിത്യത്തിലും പ്രകടിതമാകുന്നു. അതാകട്ടെ അനീതിയെയും ഗൗരവപൂർണമായ സാമൂഹിക അസന്തുലിതാവസ്ഥയെയും ദീർഘിപ്പിക്കാൻ സഹായിക്കുന്നു. അവ



സംഘർഷത്തിലേക്കു നയിക്കുന്നു. എങ്ങനെയായാലും അത് അസംതൃപ്തിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. അതാകട്ടെ പെട്ടെന്നായാലും സാവധാനത്തിലായാലും അക്രമത്തിന്റെയും അരക്ഷിതത്വത്തിന്റെയും പ്രവൃത്തികളായി പൊട്ടിത്തെറിക്കും.

നിസ്സംഗതയും സമർപ്പണബോധരാഹിത്യവും കടമയോടുള്ള ഗൗരവപൂർണമായ അവജ്ഞ സൃഷ്ടിക്കും. തന്മൂലം നമ്മൾ നമ്മുടെ കഴിവുകളും സമൂഹത്തിലുള്ള നമ്മുടെ ധർമ്മവുമനുസരിച്ചും പ്രവർത്തിക്കണം. പൊതുനന്മയുടെ വളർച്ചയ്ക്കും പ്രത്യേകമായി മനുഷ്യജാതിയുടെ ഏറ്റവും വിലപ്പെട്ട നന്മയായ സമാധാനത്തിനു വേണ്ടി പ്രവർത്തിക്കണം.[16]

സ്ഥാപനപരമായ തലത്തിൽ മറ്റുള്ളവരോടും അവരുടെ മഹത്ത്വത്തോടും അവരുടെ മൗലികാവകാശങ്ങളോടും അവരുടെ സ്വാതന്ത്ര്യത്തോടും നിസ്സംഗതയുണ്ടാകുന്നു. അത് ലാഭത്തിനും സുഖജീവിതത്തിനുംവേണ്ടിയുള്ള പരിശ്രമത്താൽ സംസ്കാരത്തിന്റെ ഭാഗമായിരിക്കുമ്പോൾ ആത്യന്തികമായി സമാധാനഭീഷണിയായിത്തീരുന്ന പ്രവൃത്തികളെയും നയങ്ങളെയും വളർത്തുകയും നീതികരിക്കുകയെങ്കിലും ചെയ്യുന്നു. വിലപനീയമായ സാമ്പത്തികതയെ നീതീകരിക്കാൻപോലും നിസ്സംഗത കാരണമാകും. ആ നിസ്സംഗത അനീതിയെയും വിഭജനത്തെയും അക്രമത്തെയും വ്യക്തികളുടെയും ജനതകളുടെയും ക്ഷേമം ഉറപ്പാക്കാൻ വേണ്ടി നീതീകരിക്കുക പോലും ചെയ്യും.

പലപ്പോഴും സാമ്പത്തികവും രാഷ്ട്രീയവുമായ പദ്ധതികൾ അധികാരത്തിന്റെയും സമ്പത്തിന്റെയും സുരക്ഷിതത്വത്തെ ലക്ഷ്യമാക്കുന്നു. മറ്റുള്ളവരുടെ മൗലികാവകാശങ്ങളെയും ആവശ്യങ്ങളെയും ചവിട്ടിമെതിച്ചുപോലും അങ്ങനെ ചെയ്യുന്നു. ഭക്ഷണം, ജലം, ആരോഗ്യം സംരക്ഷണം തൊഴിൽ എന്നിങ്ങനെയുള്ള മൗലികാവശ്യങ്ങളെ നിഷേധിക്കുന്നതിന്റെ സാക്ഷികളായിത്തീരുന്നു. അപ്പോൾ അവയെല്ലാം ബലം പ്രയോഗിച്ചു നേടാൻ പ്രലോഭിപ്പിക്കപ്പെടുന്നു.[17]

കൂടാതെ സ്വാഭാവിക പരിസ്ഥിതിയോടു നിസ്സംഗത പുലർത്തുന്നു. വനനശീകരണം, മലനീകരണം, പ്രകൃതിപരമായ

ദുരന്തങ്ങൾ എന്നിവയെ നീതീകരിക്കുന്നു. അത് സമൂഹങ്ങളെ മുഴുവനും അവരുടെ പരിസ്ഥിതിയിൽ നിന്നു പറിച്ചെറിയുന്നു. അത് ദാരിദ്ര്യത്തിന്റെ പുതിയ രൂപങ്ങളെയും അനീതിയുടെ പുതിയ അവസ്ഥകളെയും സൃഷ്ടിക്കുന്നതിൽ ചെന്നെത്തുന്നു. മിക്കപ്പോഴും അതു സുരക്ഷിതത്വത്തിനും സമാധാനത്തിനും എതിരായ കടുത്ത അനന്തരഫലങ്ങളെ സൃഷ്ടിക്കും. എത്രമാത്രം യുദ്ധങ്ങൾ നടത്തിയിരിക്കുന്നു. എത്രയോ യുദ്ധങ്ങൾ തുടർന്നുകൊണ്ടിരിക്കും. വസ്തുക്കളുടെ ദൗർബല്യം മൂലമോ പ്രകൃതിവിഭവങ്ങൾക്കുവേണ്ടിയുള്ള അടക്കാനാവാത്ത ദാഹം മൂലമോ അവ തുടർന്നുകൊണ്ടിരിക്കും.

**നിസ്സംഗതയിൽ നിന്നു കാരുണ്യത്തിലേക്ക്: ഹൃദയങ്ങളുടെ പരിവർത്തനം**

5. ഒരു വർഷം മുമ്പ് 2015-ലെ ലോകസമാധാനദിനത്തിൽ ''ഇനിമേൽ അടിമകളല്ല സഹോദരീസഹോദരന്മാർ'' എന്ന പ്രമേയത്തോടെ ഞാൻ ഒരു സന്ദേശം നല്കി. അതിൽ മാനുഷിക സാഹോദര്യത്തിന്റെ ബൈബിൾപരമായ ഒന്നാമത്തെ ചിത്രം, കായേന്റെയും ആബേലിന്റെയും ചിത്രം (cf ഉത് 4:1-16) ഞാൻ പരാമർശിച്ചു. ആരംഭത്തിൽത്തന്നെ ഈ ആദിമസാഹോദര്യം നശിപ്പിക്കപ്പെട്ടുവെന്നതിലേക്കു ഞാൻ ശ്രദ്ധ ക്ഷണിച്ചു. കായേനും ആബേലും സഹോദരന്മാരായിരുന്നു. രണ്ടുപേരും ഒരേ ഗർഭപാത്രത്തിൽ നിന്നു വന്നവരാണ്. തുല്യമഹത്ത്വമുള്ളവരാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്. പക്ഷേ, സഹോദരന്മാർ എന്ന നിലയിലുള്ള അവരുടെ ബന്ധം നശിപ്പിക്കപ്പെട്ടു. ''കായേൻ ആബേലിനെ വെറുക്കുക മാത്രമല്ല ചെയ്തത്. അവൻ ആബേലിനെ അസൂയമൂലം വധിക്കുകകൂടി ചെയ്തു''.[19] ഭ്രാതൃഹത്യ ഒറ്റിക്കൊടുക്കലിന്റെ രൂപമായിരുന്നു. ആബേലിനെ സ്വന്തം സഹോദരനായി കായേൻ അംഗീകരിച്ചില്ല. ആ നിഷേധം കുടുംബങ്ങളിലുള്ള ആദ്യത്തെ തകർച്ചയായിരുന്നു. ഭ്രാതൃത്വത്തിന്റെ ഐക്യദാർഢ്യത്തിന്റെയും പരസ്പരബഹുമാനത്തിന്റെയും ആദ്യത്തെ തകർച്ച.

അപ്പോൾ ദൈവം മനുഷ്യന് അവന്റെ സഹജീവികളോടുള്ള ഉത്തരവാദിത്വം ഓർമ്മപ്പെടുത്താൻ ഇടപെട്ടു. നമ്മുടെ ആദിമാതാപിതാക്കളായ ആദവും ഹവ്വായും അവരുടെ സ്രഷ്ടാവായ ദൈവ



വുമായുള്ള ബന്ധം തകർത്തപ്പോൾ അവിടുന്നു ചെയ്തതുപോലെ തന്നെ. അപ്പോൾ കർത്താവ് കായേനോടു ചോദിച്ചു: നിന്റെ സഹോദരനായ ആബേൽ എവിടെ? അപ്പോൾ അവൻ പറഞ്ഞു: എനിക്ക് അറിഞ്ഞുകൂടാ. ഞാൻ എന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനാണോ? എന്നാൽ ദൈവം ഇങ്ങനെ മറുപടി പറഞ്ഞു: ''നീ എന്താണു ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽ നിന്ന് എന്നെ വിളിച്ചു വിലപിക്കുന്നു'' (ഉത്പ 4:9-10).

തന്റെ സഹോദരന് എന്തു സംഭവിച്ചുവെന്നു തനിക്ക് അറിയാൻ പാടില്ലെന്നും താൻ തന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനല്ലെന്നും കായേൻ പറഞ്ഞു. അവന്റെ ജീവനെ സംബന്ധിച്ച് അവന്റെ വിധിയെ സംബന്ധിച്ച് തനിക്ക് ഉത്തരവാദിത്വമില്ലെന്നു കായേൻ പറഞ്ഞു. അയാൾ തന്റെ സഹോദരനെ സംബന്ധിച്ച് നിസ്സംഗനായിരുന്നു. അവർ രണ്ടുപേർക്കും ഒരേ ഉത്പത്തിയാണുള്ളതെങ്കിലും അങ്ങനെ ചെയ്തു. എത്രയോ ദുഃഖകരമായ കാര്യമാണിത്. സഹോദരങ്ങളുടെയും കുടുംബങ്ങളുടെയും മനുഷ്യജീവികളുടെയും എന്തൊരു ദുഃഖകഥയാണിത്. സഹോദരന്മാർ തമ്മിലുള്ള നിസ്സംഗതയുടെ ആദ്യത്തെ പ്രകടനമാണിത്. എന്നാൽ ദൈവം നിസ്സംഗനല്ല. ആബേലിന്റെ രക്തത്തിന് അവിടത്തെ നോട്ടത്തിൽ അളവറ്റ മൂല്യമാണുള്ളത്. അതിന്റെ കണക്കുകൊടുക്കാൻ അവിടുന്ന് കായേനോട് ആവശ്യപ്പെട്ടു. മനുഷ്യവംശത്തിന്റെ ഉത്പത്തിയിൽ താൻ മനുഷ്യന്റെ ഭാഗധേയത്തിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നു ദൈവം സ്വയം കാണിക്കുന്നു. പിന്നീട് ഇസ്രായേൽ മക്കൾ ഈജിപ്തിൽ അടിമകളായിരുന്നപ്പോൾ ദൈവം ഒരിക്കൽ കൂടി ഇടപെടുകയും മോശയോടു ഇങ്ങനെ പറയുകയും ചെയ്തു. ''ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപ്തുകാരുടെ കൈയിൽ നിന്ന് അവരെ മോചിപ്പിക്കാനും അവിടെ നിന്ന് ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നുതുമായ ഒരു ദേശത്തേക്ക്...അവരെ നയിക്കാനുമാണ് ഞാൻ ഇറങ്ങിവന്നിരിക്കുന്നത്'' (പുറ3:7-8). ദൈവത്തിന്റെ ഇടപെടലിനെ വിവരിക്കുന്ന ക്രിയകളെ നാം ശ്രദ്ധിക്കണം: അവിടുന്ന് കാണുന്നു, അറിയുന്നു, താഴേക്ക് ഇറ

ങ്ങിവരുന്നു, അവരെ വിമോചിപ്പിക്കുന്നു. ദൈവം നിസ്സംഗനായിരുന്നില്ല. അവിടന്നു ശ്രദ്ധാലുവാണ്, അവിടുന്ന് പ്രവർത്തിക്കുന്നു.

അതുപോലെതന്നെ ദൈവം തന്റെ പുത്രനായ യേശുവിൽ ഇറങ്ങിവന്നു. അവിടുന്ന് ശരീരം ധരിക്കുകയും പാപം ഒഴികെ മറ്റ് എല്ലാ കാര്യങ്ങളിലും മനുഷ്യവംശത്തോടുള്ള തന്റെ ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു. യേശു നമ്മോട് ഒന്നായിത്തീർന്നു. ''അനേകം സഹോദരങ്ങളിൽ പ്രഥമ ജാതനായിത്തീർന്നു'' (റോമാ 8:29). ജനസമൂഹങ്ങളെ പഠിപ്പിക്കുന്നതുകൊണ്ടുമാത്രം അവിടുന്ന് തൃപ്തിപ്പെട്ടില്ല. അവരുടെ ക്ഷേമത്തിലും താത്പര്യം കാണിച്ചു. പ്രത്യേകിച്ച് അവർക്കു വിശക്കുന്നതായിട്ടോ (cf. മർക്കോ 6:34-44) തൊഴിലില്ലാതിരിക്കുന്നതായിട്ടോ (cf. മത്താ 20:3) കണ്ടപ്പോൾ അങ്ങനെ ചെയ്തു. സ്ത്രീ പുരുഷന്മാരോടു മാത്രമല്ല അവിടുന്ന് താത്പര്യം കാണിച്ചത്. കടലിലെ മത്സ്യത്തോടും ആകാശത്തിലെ പറവകളോടും സസ്യങ്ങളോടുംമരങ്ങളോടും ചെറുതും വലുതുമായ എല്ലാറ്റിനോടും അവിടന്ന് താത്പര്യം പ്രദർശിപ്പിച്ചു. അവിടുന്ന് സൃഷ്ടിയെ മുഴുവനും കാണുകയും ആശ്ലേഷിക്കുകയും ചെയ്തു. അവിടന്ന് കാണുക മാത്രമല്ല ചെയ്തത്. അതിലേറെ പ്രവർത്തിച്ചു. അവിടുന്ന് ജനങ്ങളുടെ ജീവിതത്തെ സ്പർശിച്ചു. അവരോടു സംസാരിച്ചു. അവരെ സഹായിച്ചു. ആവശ്യത്തിൽപ്പെട്ടവരോട് അവിടുന്ന് കാരുണ്യം കാണിച്ചു. ഇതു മാത്രമല്ല അവിടന്ന് ശക്തമായ വികാരങ്ങൾ അനുഭവിക്കുകയും വിലപിക്കുകയും ചെയ്തു. (cf. യോഹ 11:33-44). സഹനത്തിനും ദുഃഖത്തിനും ദുരിതത്തിനും മരണത്തിനും അന്ത്യം വരുത്താൻ അവിടുന്ന് പ്രവർത്തിച്ചു.

നമ്മുടെ സ്വർഗസ്ഥനായ പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കാൻ യേശു നമ്മെ പഠിപ്പിച്ചു (ലൂക്കാ 6:36). ആവശ്യത്തിൽപ്പെട്ടവരെ സഹായിക്കാതെ വഴിമാറിപ്പോകുന്നവരെ (cf. ലൂക്കാ 10:31-32) അവിടുന്നു ശപിച്ചു. ഈ ഉപമ വഴി തന്റെ ശ്രോതാക്കളെയും പ്രത്യേകിച്ച് ശിഷ്യന്മാരെയും ഇങ്ങനെ പഠിപ്പിച്ചു: ഈ ലോകത്തിന്റെ സഹനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരുടെ വേദനകളും ശമിപ്പിക്കാൻ സഹായിക്കുക. നമ്മൾ എത്ര തിരക്കുള്ളവരായാലും സമയം തൊട്ടുള്ള സകല മാർഗങ്ങളും ഉപയോഗിച്ചു സഹായിക്കുക.



നിസ്സംഗത മിക്കപ്പോഴും ഒഴികഴിവുകൾ കണ്ടെത്താൻ ശ്രമിക്കും. അനുഷ്ഠാനപരമായ നിയമങ്ങൾ പാലിച്ചുകൊണ്ട് ചെയ്തുതീർക്കാനുള്ള സകല കാര്യങ്ങളിലേക്കും നോക്കിക്കൊണ്ടു ശത്രുതയും മുൻവിധികളും മറച്ചുവച്ചുകൊണ്ട് ഇവയെല്ലാം അകലത്തിലാക്കുന്നു.

കാരുണ്യം ദൈവത്തിന്റെ ഹൃദയമാണ്. അത് അവിടത്തെ മക്കളുടെ വലിയ കുടുംബത്തിലുള്ള എല്ലാ അംഗങ്ങളുടെ ഹൃദയമായിരിക്കണം. മനുഷ്യമഹത്ത്വം തകർക്കപ്പെടുന്ന എവിടെയും കൂടുതൽ ശക്തമായി തുടിക്കുന്ന ഹൃദയം തന്നെ. ദൈവത്തിന്റെ സൃഷ്ടികളിൽ അവിടത്തെ മുഖത്തിന്റെ പ്രതിഛായയെന്ന നിലയിലുള്ളതാണ് മനുഷ്യമഹത്ത്വം. ദൈവം നമ്മുടെ പ്രവൃത്തികളെ വിധിക്കാൻ ഉപയോഗിക്കുന്ന അളവുകോല് മറ്റുള്ളവരോടുള്ള-വിദേശീയരോടും, ബന്ധനസ്ഥരോടും ഭവനരഹിതരോടും നമ്മുടെ ശത്രുക്കളോടുപോലുള്ള - സ്നേഹമാണെന്നു യേശു നമ്മോടു പറയുന്നു. നമ്മുടെ ശാശ്വത ഭാഗധേയം ഇതിനെ ആശ്രയിച്ചാണിരിക്കുന്നത്. സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കാനും വിലപിക്കുന്നവരോടുകൂടെ വിലപിക്കാനും റോമിലെ ക്രിസ്ത്യാനികളോടു പൗലോസ് ശ്ലീഹാ പറയുന്നതിൽ വിസ്മയിക്കാനില്ല (cf. റോമാ 12:15). സഭയിൽ ക്ലേശിക്കുന്ന അംഗങ്ങളോടുള്ള ഐക്യദാർഢ്യത്തിന്റെ അടയാളമെന്ന നിലയിൽ സംഭാവനകൊടുക്കാൻ കോറിന്തൂസിലുള്ളവരെ അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നതിലും അത്ഭുതപ്പെടാനില്ല (cf. 1കോറി 16:2-3). വിശുദ്ധ യോഹന്നാൻ ഇപ്രകാരം എഴുതുന്നു: ''ലൗകിക സമ്പത്തുണ്ടായിരിക്കേ ഒരുവൻ തന്റെ സഹോദരനെ സഹായം അർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരേ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും?'' (1 യോഹ 3:17; cf. യാക്കോ 2:15-16).

അതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്: ''കരുണയുടെ ജീവിതം നയിക്കുകയെന്നതും അതിനു സാക്ഷ്യം വഹിക്കുകയെന്നതും സഭയെ സംബന്ധിച്ചും സഭയുടെ വിശ്വാസ്യതയെ സംബന്ധിച്ചും തികച്ചും സാരാംശപരമാണ്. സഭയുടെ ഭാഷയും ആംഗ്യങ്ങളും കരുണയെ വിക്ഷേപിക്കണം. എല്ലാ മനുഷ്യരുടെയും ഹൃദയങ്ങളെ സ്പർശിക്കാനും പിതാവിങ്കലേക്കു നയിക്കുന്ന പാത ഒരി

ക്കൽക്കൂടി കണ്ടെത്താൻ അവരെ പ്രചേദിപ്പിക്കാനുമാണത്. സഭയുടെ ഒന്നാമത്തെ സത്യം ക്രിസ്തുവിന്റെ സ്നേഹമാണ്. സഭ തന്നെത്തന്നെ ഈ സ്നേഹത്തിന്റെ ദാസിയാക്കുന്നു. അത് എല്ലാ ജനതകളിലേക്കും കടത്തി വിടുകയും ചെയ്യുന്നു. ക്ഷമിക്കുകയും ആത്മദാനത്തിൽ സ്വയം പ്രകാശിപ്പിക്കുകയും ചെയ്യുന്ന സ്നേഹമാണത്. തത്ഫലമായി സഭ സന്നിഹിതയായിരിക്കുന്നിടത്തെല്ലാം പിതാവിന്റെ സ്നേഹം പ്രകടമാകണം. നമ്മുടെ ഇടവകകളിലും സമൂഹങ്ങളിലും അസോസിയേഷനുകളിലും പ്രസ്ഥാനങ്ങളിലും അപ്രകാരമായിരിക്കണം. ഒറ്റവാക്കിൽ പറഞ്ഞാൽ ക്രിസ്ത്യാനികൾ ഉള്ള സ്ഥലത്തെല്ലാം ഓരോ വ്യക്തിയും കാരുണ്യത്തിന്റെ മരുപ്പച്ച കാണണം.''[20]

അപ്പോൾ സഹതാപവും സ്നേഹവും കാരുണ്യവും ഐക്യദാർഢ്യവും യഥാർത്ഥജീവിതപാതയായിരിക്കണം. നമ്മുടെ പരസ്പരബന്ധങ്ങളിൽ അത് പെരുമാറ്റത്തിന്റെ നിയമമായിരിക്കണം.[21] ഇതിന് നമ്മുടെ ഹൃദയപരിവർത്തനം ആവശ്യമാണ്. കല്ലുകൊണ്ടുള്ള നമ്മുടെ ഹൃദയങ്ങളെ ദൈവകൃപ മാംസഹൃദയമാക്കി മാറ്റണം (cf. എസെ. 36:26). യഥാർത്ഥമായ ഐക്യദാർഢ്യത്തിൽ മറ്റുള്ളവരോടു തുറവുള്ളതായിരിക്കണം. എന്തെന്നാൽ അടുത്തും അകലെയുമുള്ള അനേകരുടെ ദൗർഭാഗ്യം കാണുമ്പോൾ ഉണ്ടാകുന്ന അവ്യക്തമായ സഹതാപമോ ആഴമില്ലാത്ത അസ്വസ്ഥതയോ അല്ല, അതിനെക്കാൾ വലുതാണ് ഐക്യദാർഢ്യം.[22] ഐക്യദാർഢ്യമെന്നത് പൊതുനന്മയ്ക്കായി സ്വയം സമർപ്പിക്കാനുള്ള സുദൃഢവും സുസ്ഥിരവുമായ തീരുമാനമാണ്. അതായത് എല്ലാവരുടെയും, ഓരോ വ്യക്തിയുടെയും നന്മയ്ക്കായുള്ള തീരുമാനം. എന്തെന്നാൽ എല്ലാവരെയും സംബന്ധിച്ച ഉത്തരവാദിത്വം നമുക്കുണ്ട്.[23] എന്തെന്നാൽ സഹതാപം ഭ്രാതൃത്വത്തിൽ നിന്നാണ് ഒഴുകുന്നത്.

ഈ വിധത്തിൽ മനസ്സിലാക്കുമ്പോൾ ഐക്യദാർഢ്യമെന്നത് ധാർമ്മികവും സാമൂഹികവുമായ മനോഭാവമാണ്. നമ്മുടെ കാലഘട്ടത്തിലെ കഠോര മർദനങ്ങളെയും വർധിച്ചുവരുന്ന പരസ്പരാശ്രയത്വത്തെയും കുറിച്ചുള്ള ബോധമാണത്. പ്രത്യേകിച്ച് ആഗോളവത്കരണങ്ങളുള്ള ഒരു ലോകത്തിൽ വ്യക്തികളും സമൂഹങ്ങളും



തമ്മിലുള്ള, ലോകത്തിന്റെ ബാക്കി ഭാഗത്തുള്ള ജനങ്ങളുടെ പരസ്പരാശ്രിതത്വത്തെക്കുറിച്ചുള്ള ബോധം തന്നെ.[24]

**നിസ്സംഗതയെ കീഴടക്കാൻ ഐക്യദാർഢ്യത്തിന്റെയും കരുണയുടെയും ഒരു സംസ്കാരം വളർത്തിയെടുക്കൽ**

6. വ്യക്തിപരമായ മനഃപരിവർത്തനത്തിൽ നിന്നുണ്ടാകുന്ന ധാർമ്മികഗുണവും സാമൂഹിക മനോഭാവവുമെന്ന നിലയിൽ ഐക്യദാർഢ്യം വിദ്യാദാനത്തിനും പരിശീലിപ്പിക്കലിനും ഉത്തരവാദിത്വപ്പെട്ടവർക്ക് സമർപ്പണ ബുദ്ധിയുണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഒന്നാമതായി ഞാൻ കുടുംബങ്ങളെക്കുറിച്ചു ചിന്തിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പ്രാഥമികവും സജീവവുമായ ദൗത്യമുണ്ടായിരിക്കാൻ വിളിക്കപ്പെട്ടവയാണു കുടുംബങ്ങൾ. സ്നേഹം ഭ്രാതൃത്വം എന്നീ മൂല്യങ്ങളുടെ പ്രഥമസ്ഥാനങ്ങളാണ് കുടുംബങ്ങൾ. ഒരുമയും പങ്കുവയ്ക്കലും മറ്റുള്ളവരോടുള്ള താത്പര്യവും ജീവിക്കുകയും കൈമാറുകയും ചെയ്യുന്ന ഒന്നാമത്തെ സ്ഥാനമാണ് കുടുംബങ്ങൾ. വിശ്വാസം പകർന്നു കൊക്കാൻ പ്രത്യേക ആനുകൂല്യമുള്ള സ്ഥാനങ്ങളാണ് കുടുംബങ്ങൾ. അമ്മമാർ കുട്ടികളെ പഠിപ്പിക്കുന്ന ലളിതമായ ആംഗ്യങ്ങളിൽ തുടങ്ങി വിശ്വാസകൈമാറ്റം കുടുംബങ്ങളിൽ നടക്കുന്നു.[25]

വിദ്യാലയങ്ങളിലും മറ്റു സാഹചര്യങ്ങളിലും കുട്ടികളെ പരിശീലിപ്പിക്കുകയെന്ന വെല്ലുവിളി നിറഞ്ഞ ധർമ്മം അദ്ധ്യാപകർക്കുണ്ട്. ജീവിതത്തിന്റെ ധാർമ്മികവും ആദ്ധ്യാത്മികവും സാമൂഹികവുമായ വശങ്ങളിലേക്കു കൂടി വ്യാപിക്കുന്ന ഉത്തരവാദിത്വം തങ്ങൾക്കുണ്ടെന്ന് അവർ അറിഞ്ഞിരിക്കണം. സ്വാതന്ത്ര്യം, പരസ്പര ബഹുമാനം, ഐക്യദാർഢ്യം എന്നീ മൂല്യങ്ങൾ ചെറുപ്പത്തിൽ തന്നെ കൈമാറാവുന്നതാണ്. അദ്ധ്യാപകരോടു സംസാരിച്ചപ്പോൾ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ നിരീക്ഷിച്ചതുപോലെ തന്നെ അദ്ദേഹം പറയുന്നു: സർവ്വാതിശായിയോടും മറ്റുള്ളവരോടും തുറവുള്ള സ്ഥാനമായിരിക്കാൻ ഓരോ വിദ്യാലയത്തിനും സാധിക്കും. സംവാദത്തിന്റെ ചേർച്ചയുടെ ശ്രദ്ധാപൂർവ്വകമായ ശ്രവണത്തിന്റെയും സ്ഥാനമായിരിക്കാൻ അവയ്ക്കു കഴിയും. അവിടെ

വ്യക്തിപരമായ കഴിവുകളും ആന്തരികസമ്പന്നതയും അംഗീകരിക്കപ്പെടുന്നതായി യുവജനത്തിന്നു തോന്നും. അവരുടെ സഹോദരീസഹോദരന്മാരെ വിലമതിക്കാൻ പഠിക്കാനാവും. പരസ്നേഹത്തിന്റെയും മറ്റുള്ളവരെ സംബന്ധിച്ച സഹതാപത്തിന്റെയും അനുദിന അഭ്യസനത്തിൽനിന്നും കൂടുതൽ മാനുഷികവും സാഹോദര്യപൂർണ്ണവുമായ സമൂഹത്തെ പടുത്തുയർത്തുന്നതിൽ സജീവ ഭാഗഭാഗിത്വം വഹിക്കുന്നതിൽ നിന്നും ഉണ്ടാകുന്ന സന്തോഷം രുചിച്ചറിയാൻ അനേകം യുവതീയുവാക്കളെ പഠിപ്പിക്കാൻ കഴിയും.[26]

വിദ്യാഭ്യാസത്തെയും പരിശീലനത്തെയും സംബന്ധിച്ച് വിവരദാനക്കാർക്കും ഉത്തരവാദിത്വമുണ്ട്; പ്രത്യേകിച്ച് ഇക്കാലത്ത്. കാരണം ഇന്നു വിവരദാനത്തിന്റെയും സമ്പർക്കത്തിന്റെയും മാർഗ്ഗങ്ങൾ ഏറെ വ്യപകമായിരിക്കുന്നു. അവരുടെ പ്രഥമവും പ്രമുഖവുമായ കടമ പ്രത്യേക താത്പര്യങ്ങൾക്ക് ശുശ്രൂഷ നല്കാതെ സത്യത്തിനു സേവനം ചെയ്യുകയെന്നതാണ്. എന്തെന്നാൽ മാധ്യമങ്ങൾ ''അറിവു നൽകുക മാത്രമല്ല ചെയ്യുന്നത്. അവയുടെ ശ്രോതാക്കളുടെ മനസ്സുകളെ രൂപപ്പെടുത്തുകയും ചെയ്യുന്നുണ്ട്. തന്മൂലം യുവജന വിദ്യാഭ്യാസത്തിനു ശ്രദ്ധേയമായ സംഭാവന നല്കാൻ അവർക്കു സാധിക്കും. വിദ്യാഭ്യാസവും സമ്പർക്കവും തമ്മിൽ അവഗാഢ ബന്ധമുണ്ടെന്ന കാര്യം മറക്കാതിരിക്കുക സുപ്രധാന കാര്യമാണ്: വിദ്യാഭ്യാസം സമ്പർക്കമാധ്യമങ്ങളിലൂടെ നടക്കുന്നു. അവ വ്യക്തിയെ നന്മയ്ക്കോ തിന്മയ്ക്കോ രൂപപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തുന്നുണ്ട്.''[27]

മാധ്യമപ്രവർത്തകർ ഒരു വസ്തുത കൂടി ഓർമ്മിക്കണം. അതായത് വിവരം നേടുന്നതും പരസ്യപ്പെടുത്തുന്നതും എപ്പോഴും നിയമപരമായും ധാർമ്മികമായും അംഗീകരിക്കത്തക്ക വിധത്തിലായിരിക്കണം.

**സമാധാനം: ഐക്യദാർഢ്യത്തിന്റെയും കാരുണ്യത്തിന്റെയും സഹതാപത്തിന്റെയും സംസ്കാരത്തിന്റെ ഫലമാണ്.**

**7.** നിസംഗതയുടെ ആഗോളവത്കരണം ഉയർത്തുന്ന ഭീഷണിയെക്കുറിച്ചു ബോധമുണ്ടായിരിക്കണം. അതേ സമയം ഒരു കാര്യം കൂടി



നാം തിരിച്ചറിയണം. അതായത്, ഞാൻ ഇപ്പോൾ വിവരിച്ച രംഗത്ത് ഭാവാത്മകമായ അനേകം പ്രാരംഭങ്ങളുണ്ട്. അവ നമുക്കു സാധ്യമായിരിക്കുന്ന സഹതാപത്തിനും കാരുണ്യത്തിനും ഐക്യദാർഢ്യത്തിനും സാക്ഷ്യം വഹിക്കുന്നുണ്ട്.

പ്രശംസനീയമായ സമർപ്പണത്തിന്റെ ചില മാതൃകകൾ ഞാനിവിടെ എടുത്തു കാണിക്കാം. നമ്മുടെ അയൽക്കാരുടെ നേരെ കണ്ണടക്കാതിരുന്ന് നിസ്സംഗതയെ കീഴടക്കാൻ നമുക്ക് എല്ലാവർക്കും സാധിക്കുമെന്ന് അവ തെളിയിക്കുന്നു.

സഭയ്ക്കുള്ളിലും സഭയ്ക്ക് വെളിയിലും ധാരാളം ഗവണ്മെന്റിതര പരസ്നേഹ സംഘടനകളുണ്ട്. അവയുടെ അംഗങ്ങൾ പകർച്ചവ്യാധികളുടെയും പ്രകൃതിക്ഷോഭങ്ങളുടെയും സായുധസംഘട്ടനങ്ങളുടെയും ഇടയിൽ മുറിവേറ്റവരെയും രോഗികളെയും ശുശ്രൂഷിക്കാനും മൃതരെ സംസ്കരിക്കാനും ധീരതയോടെ പ്രയാസങ്ങളും അപകടങ്ങളും നേരിടുന്നുണ്ട്. കൂടുതൽ നല്ല ജീവിതമന്വേഷിച്ച് മരുഭൂമികളും കടലുകളും കടന്നു വരുന്ന കുടിയേറ്റക്കാരെ സാഹായിക്കുന്ന വ്യക്തികളെയും സംഘടനകളെയും കൂടി ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ പരിശ്രമങ്ങൾ ആധ്യാത്മികവും ശാരീരികവുമായ കാരുണ്യ പ്രവൃത്തികളാണ്. അവയുടെ അടിസ്ഥാനത്തിലായിരിക്കും നമ്മുടെ ജീവിതാന്ത്യത്തിൽ നാം വിധിക്കപ്പെടുന്നത്.

നമ്മുടെ മനസ്സാക്ഷിയെ ശല്യപ്പെടുത്തുന്ന പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിൽ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന ജേർണലിസ്റ്റുകളെയും ഫോട്ടോഗ്രാഫർമാരെയും കുറിച്ച് ഞാൻ ചിന്തിക്കുന്നു. മനുഷ്യാവകാശങ്ങളെ-പ്രത്യേകിച്ച് വംശപരവും മതപരവുമായ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെയും, ദേശീയ ജനങ്ങളുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ഏറ്റവും അധികം ദ്രോഹിക്കപ്പെടാവുന്ന നമ്മുടെ സഹോദരീസഹോദരന്മാരുടെയും അവകാശങ്ങളെയും രക്ഷിക്കാൻ വേണ്ടി സ്വയം സമർപ്പിക്കുന്ന എല്ലാവരെക്കുറിച്ചും ഞാൻ ചിന്തിക്കുന്നു. അവരിൽ ധാരാളം വൈദികരും മിഷണറിമാരുമുണ്ട്. അവർ നല്ല ഇടയന്മാരെപ്പോലെ തങ്ങളുടെ അജഗണങ്ങളുടെ പക്ഷത്തു നിലകൊള്ളുകയും അവരെ പിന്താങ്ങുകയും ചെയ്യുന്നു. അപകടത്തെയും ക്ലേശത്തെയും – പ്രത്യേകിച്ച് സായുധ

സംഘട്ടനങ്ങളിലുണ്ടാകുന്നവയെ - വകവയ്ക്കാതെ അവർ അപ്രകാരം ചെയ്യുന്നു.

തൊഴിൽപരവും സാമൂഹികവുമായ പ്രയാസങ്ങൾക്കിടയിലും തങ്ങളുടെ കുട്ടികൾക്ക് ഐക്യദാർഢ്യത്തിന്റയും കരുണയുടെയും സാഹോദര്യത്തിന്റെയും മൂല്യങ്ങളിൽ ''പ്രതിസംസ്കാര'' വിദ്യാഭ്യസം നൽകാൻ എത്രയോ കുടുംബങ്ങൾ വലിയ ക്ലേശങ്ങൾ സഹിക്കുന്നു! അഭയാർത്ഥികൾ കുടിയേറ്റക്കാർ എന്നിവരെപ്പോലെ ആവശ്യത്തിൽപ്പെട്ടവർക്കുവേണ്ടി എത്രയോ കുടുംബങ്ങൾ ഹൃദയങ്ങളും വീടുകളും തുറന്നു കൊടുത്തിട്ടുണ്ട്. അഭയാർത്ഥിക്കുടുംബത്തെ സ്വാഗതം ചെയ്യാനുള്ള എന്റെ അഭ്യർത്ഥന സന്മനസ്സോടെ സ്വീകരിച്ച വ്യക്തികൾക്കും കുടുംബങ്ങൾക്കും ഇടവകകൾക്കും സന്ന്യാസസമൂഹങ്ങൾക്കും സന്യാസാശ്രമങ്ങൾക്കും ആരാധനാലയങ്ങൾക്കും പ്രത്യേകമായി നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.[28]

അവസാനമായി ഐക്യദാർഢ്യത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നതിൽ, തങ്ങളുടെ നഗരങ്ങളിലോ രാജ്യങ്ങളിലോ ലോകത്തിന്റെ മറ്റ് ഏതെങ്കിലും ഭാഗത്തോ ആവശ്യത്തിൽപെട്ട അയൽക്കാരെ ഉദാരതയോടെ സഹായിക്കുന്നതിൽ, സഹകരിക്കുന്ന യുവജനത്തെ പ്രത്യേകമായി ഇവിടെ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മിക്കപ്പോഴും ആരുടെയും ശ്രദ്ധയിൽപെടാതിരിക്കുന്ന അത്തരം പരിശ്രമങ്ങളിൽ മുഴുകിയിരിക്കുന്ന എല്ലാവർക്കും ഞാൻ നന്ദി പറയുകയും അവരെ ഞാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നീതിക്കു വേണ്ടിയുള്ള അവരുടെ വിശപ്പും ദാഹവും തൃപ്തി കണ്ടെത്തും. അവരുടെ കാരുണ്യം അവരെ കാരുണ്യം കണ്ടെത്തുന്നതിലേക്കു നയിക്കും. സമാധാനം സൃഷ്ടിക്കുന്നവരെന്ന നിലയിൽ അവർ ദൈവമക്കളെന്നു വിളിക്കപ്പെടും (cf. മത്താ: 5: 6-9).

**കാരുണ്യത്തിന്റെ ജൂബിലിയുടെ അടയാളത്തിലുള്ള സമാധാനം**

**8.** കാരുണ്യത്തിന്റെ ജൂബിലിയുടെ ചൈതന്യത്തിൽ നമ്മുടെ ജീവിതത്തിൽ എങ്ങനെ നിസ്സംഗത പ്രകടമാകുന്നുവെന്ന് തിരിച്ചറിയാനും നമുക്കു ചുറ്റുമുള്ള ലോകത്തെ വളർത്തുന്നതിനും വസ്തു നിഷ്ഠമായി അദ്ധ്വാനിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പരി



ശ്രമം കുടുംബങ്ങളിലും അയൽക്കാരിലും തൊഴിൽ സ്ഥലത്തും തുടങ്ങണം.

അതുപോലെ ഏറ്റവും ദുർബ്ബലരായ വ്യക്തികളോട് സവിശേഷവും സുധീരവുമായ താല്പര്യം കാണിക്കാൻ സിവിൽ സമൂഹത്തിന് കടമയുണ്ട്. ജയിൽ വാസികൾ, കുടിയേറ്റക്കാർ, തൊഴിൽ രഹിതർ, രോഗികൾ മുതലായവർ ഏറ്റവും ദുർബ്ബല വിഭാഗത്തിൽ പെടുന്നു.

ജയിൽവാസികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതാവസ്ഥയെ മെച്ചപ്പെടുത്താൻ പല കാര്യങ്ങളിലും വേഗം തന്നെ പ്രായോഗിക പരിശ്രമം നടത്തണം. പ്രത്യേകിച്ച്, വിചാരണ കാത്തു കഴിയുമ്പോൾ തടവിലാക്കപ്പെട്ടവരുടെ കാര്യത്തിൽ പ്രായോഗിക പരിശ്രമമുണ്ടാകണം.[29] പീനൽ ശിക്ഷകൾക്ക് പുനരധിവാസമെന്ന ലക്ഷ്യം ഉണ്ടെന്ന് ഓർമ്മിക്കണം. ജയിൽവാസമല്ലാതെ മറ്റു ശിക്ഷകൾ നല്കാനുള്ള സാധ്യതയെപ്പറ്റി ദേശീയ നിയമങ്ങൾ പരിഗണിക്കണം. ഈ സാഹചര്യത്തിൽ, ഇന്നും മരണശിക്ഷ നിലനിൽക്കുന്നിടത്ത് അത് ഇല്ലാതാക്കാനും മാപ്പു കൊടുക്കാനുമുള്ള സാധ്യതയെക്കുറിച്ച് ചിന്തിക്കാനും ഭരണാധികാരികളോട് ഒരിക്കൽ കൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

കുടിയേറ്റക്കാരെ സംബന്ധിച്ചിടത്തോളം കുടിയേറ്റത്തെ സംബന്ധിച്ച നിയമങ്ങൾ പുന:പരിശോധിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു. അങ്ങനെ പരസ്പരാവകാശങ്ങളും പരസ്പര ഉത്തരവാദിത്വവും ആദരിക്കപ്പെട്ടുകൊണ്ടുതന്നെ കുടിയേറ്റക്കാരെ സ്വാഗതം ചെയ്യാനും അവരുടെ ഉദ്ഗ്രഥനം എളുപ്പമുള്ളതാക്കാനുമുള്ള സന്നദ്ധത പ്രതിഫലിപ്പിക്കാൻ അതിനു കഴിയും. നിയമപരമായ താമസത്തിനുള്ള വ്യവസ്ഥകളെ പ്രത്യേകം പരിഗണിക്കണം. എന്തെന്നാൽ നിഗൂഢമായിട്ടുള്ള താമസം കുറ്റകരമായ പെരുമാറ്റത്തിലേക്കു നയിക്കും.

ഈ ജൂബിലിവർഷത്തിൽ, തൊഴിലും ഭൂമിയും വാസസ്ഥലങ്ങളും ഇല്ലാത്തതുമൂലം കഷ്ടപ്പെടുന്ന നമ്മുടെ സഹോദരീസഹോദരന്മാർക്കു അനുകൂലമായി പ്രവർത്തിക്കാൻ ദേശീയനേതാക്കളോട് ഞാൻ അഭ്യർത്ഥിക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കാൻ മഹത്വപൂർണമായ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുന്നതിനെപ്പറ്റി ഞാൻ

ചിന്തിക്കുന്നു. തൊഴിലില്ലായ്മ അനേകം കുടുംബങ്ങളെയും യുവജനങ്ങളെയും ബാധിക്കുന്നുണ്ട്. അതാകട്ടെ പൊതുവേ സമൂഹത്തിൽ ഗൗരവപൂർണമായ അനന്തരഫലങ്ങൾ സൃഷ്ടിക്കുന്നു. തൊഴിലില്ലായ്മ മഹത്ത്വത്തെയും പ്രത്യാശയെയും കുറിച്ചുള്ള ജനങ്ങളുടെ ബോധത്തെ തകർക്കുന്നു. തൊഴിലില്ലാത്തവർക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടിയുള്ള ക്ഷേമപരമായ ആനുകൂല്യങ്ങൾ കൊണ്ട് അത് ഭാഗികമായിട്ടേ പരിഹരിക്കുന്നുള്ളു. സ്ത്രീകൾക്കു പ്രത്യേക പരിഗണന നല്കണം. തൊഴിൽ മണ്ഡലത്തിൽ അവർ നിർഭാഗ്യവശാൽ ഇന്നും വിവേചനം അനുഭവിക്കുന്നുണ്ട്. അപകടകരമായ തൊഴിൽരംഗത്തുള്ള തൊഴിലാളികളുടെ കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കണം. അവർക്കു ലഭിക്കുന്ന കൂലി അവരുടെ സാമൂഹിക ദൗത്യത്തിനു ആനുപാതികമായിരിക്കുന്നില്ല.

അവസാനമായി രോഗികളുടെ ജീവിതാവസ്ഥയെ മെച്ചപ്പെടുത്താൻ കാര്യക്ഷമമായ നടപടികളുണ്ടാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. അവർക്ക് ജീവിക്കാൻ അത്യാവശ്യമായ ചികിത്സയും മരുന്നും വീട്ടിൽ തന്നെയുള്ള ശുശ്രൂഷാസാധ്യതയുമുണ്ടായിരിക്കണം.

ദേശീയ നേതാക്കൾ മറ്റു ജനതകളുമായുള്ള ബന്ധം തങ്ങളുടെ അതിരുകൾപ്പുറത്തേക്കു വ്യാപിപ്പിച്ച് നവീകരിക്കണം. അവർ അന്താരാഷ്ട്ര ജീവിതത്തിൽ അവരുടെ ശരിയായ ഭാഗഭാഗിത്വവും, ഉൾപ്പെടലും സാധ്യമാക്കണം. രാഷ്ട്രങ്ങളുടെ കുടുംബത്തിലും സാഹോദര്യം ഉറപ്പാക്കുന്നതിനുവേണ്ടിയാണത്.

ഇക്കാര്യം മനസ്സിൽ വച്ചുകൊണ്ട് രാഷ്ട്രനേതാക്കളോട് മൂന്നു കാര്യങ്ങൾ ചെയ്യാൻ ഞാൻ അഭ്യർത്ഥിക്കുന്നു: 1)ജനങ്ങളുടെ ഭൗതികവും സാംസ്കാരികവും സാമൂഹികവുമായ പിതൃസ്വത്ത് മാത്രമല്ല; കാലക്രമേണ അവരുടെ ധാർമ്മികവും ആധ്യാത്മികവുമായ സമഗ്രതകൂടി നശിക്കുന്നതാകയാൽ സംഘട്ടനങ്ങളിലേക്കും യുദ്ധങ്ങളിലേക്കും അവരെ നയിക്കുന്നതിൽ നിന്നു പിന്മാറുക; 2) കൂടുതൽ ദാരിദ്ര്യമുള്ള രാഷ്ട്രങ്ങളുടെ അന്തരാഷ്ട്ര കടങ്ങൾ ഇളച്ചു കൊടുക്കണം. അല്ലെങ്കിൽ സുസ്ഥിരമായ രീതിയിൽ അവ കൈകാര്യം ചെയ്യണം; 3) സഹകരണത്തിന്റെ നയങ്ങൾ സ്വീകരിക്കണം. അത് ചില പ്രത്യയശാസ്ത്രങ്ങളുടെ സ്വേച്ഛാധിപത്യത്തിനു മുമ്പിൽ തല



കുനിക്കുന്നതിനു പകരം തദ്ദേശീയ ജനതകളുടെ മൂല്യങ്ങളെ ആദരിക്കാൻ ഇടയാക്കും. ജനിക്കാനിരിക്കുന്ന കുട്ടികൾക്ക് ജീവിക്കാനുള്ള മൗലികവും അന്യവത്കരിക്കാനാവാത്തതുമായ അവകാശത്തിന് അത് ഒരിക്കലും അപകടകരമായിത്തീരുകയില്ല.

പുതുവത്സരാശംസകളോടെ ഈ വിചിന്തനം ഞാൻ നമ്മുടെ അമ്മയായ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥതയ്ക്കു സമർപ്പിക്കുന്നു. അവൾ നമ്മുടെ മാനുഷിക കുടുംബത്തിന്റെ ആവശ്യങ്ങൾ സാധിച്ചു തരുന്നതിൽ താത്പര്യമുള്ളവളാണല്ലോ. നമ്മുടെ പ്രാർത്ഥനയ്ക്ക് ഫലപ്രാപ്തിയും സഹോദരപരവും ഏകീകൃതവുമായ ഒരു ലോകമുണ്ടാക്കാൻ വേണ്ടിയുള്ള നമ്മുടെ അനുദിന പരിശ്രമങ്ങളുടെ ഫലപൂർണ്ണതയും തന്റെ പുത്രനും സമാധാന രാജാവുമായ യേശുവിൽ നിന്നു ലഭ്യമാക്കാൻ ഇടയാകട്ടെ.

വത്തിക്കാനിൽ നിന്ന് 8 ഡിസംബർ 2015, കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾദിനം, കാരുണ്യത്തിന്റെ അസാധാരണജൂബിലിയുടെ തുടക്കം.

**ഫ്രാൻസീസ് മാർപാപ്പാ**

## Footnote

[1] SECOND VATICAN ECUMENICAL COUNCIL, Pastoral Constitution *Gaudium et Spes*, 1.
[2] Cf. ibid., 3.
[3] Bull of Indiction of the Extraordinary Jubilee of Mercy *Misericordiae Vultus*, 14-15.
[4] Cf. BENEDICT XVI, Encyclical Letter *Caritas in Veritate*, 43.
[5] Cf. ibid., 16.
[6] Encyclical *Populorum Progressio*, 42.
[7] "As society becomes ever more globalized, it makes us neighbours but does not make us brothers. Reason, by itself, is capable of grasping the equality between men and of giving stability to their civic coexistence, but it cannot establish fraternity" (BENEDICT XVI, Encyclical Letter *Caritas in Veritate*, 19).
[8] Apostolic Exhortation *Evangelii Gaudium*, 60.
[9] Cf. ibid., 54.
[10] Message for Lent 2015.

[11] Cf. Encyclical Letter *Laudato Si*, 92.
[12] Cf. ibid., 51.
[13] Address to the Diplomatic Corps accredited to the Holy See, 7 January 2013.
[14] Ibid.
[15] Cf. BENEDICT XVI, Intervention during the Day of Reflection, Dialogue and Prayer for Peace and Justice in the World, Assisi, 27 October 2011.
[16] Cf. Apostolic Exhortation *Evangelii Gaudium*, 217-237.
[17] "Until exclusion and inequality in society and between peoples are reversed, it will be impossible to eliminate violence. The poor and the poor peoples are accused of violence, yet without equal opportunities the different forms of aggression and conflict will find a fertile terrain for growth and eventually explode. When a society – whether local, national or global – is willing to leave a part of itself on the fringes, no political programmes or resources spent on law enforcement or surveillance systems can indefinitely guarantee tranquility. This is not the case simply because inequality provokes a violent reaction from those excluded from the system, but because the socioeconomic system is unjust at its root. Just as goodness tends to spread, the toleration of evil, which is injustice, tends to expand its baneful influence and quietly to undermine any political and social system, no matter how solid it may appear" (Apostolic Exhortation *Evangelii Gaudium*, 59),
[18] Cf. Encyclical Letter *Laudato Si*, 31 and 48.
[19] Message for the 2015 World Day of Peace, 2.
[20] Bull of Indiction of the Extraordinary Jubilee of Mercy *Misericordiae Vultus*, 12.
[21] Cf. ibid., 13.
[22] JOHN PAUL II, Encyclical Letter *Sollicitudo Rei Socialis*, 38.
[23] Ibid.
[24] Cf. ibid.
[25] Cf. Catechesis for the General Audience of 7 January 2015.
[26] Message for the 2012 World Day of Peace, 2.
[27] Ibid.
[28] Cf. Angelus Address of 6 September 2015.
[29] Cf. Address to Delegates of the International Association of Penal Law, 23 October 2014.



## C. 2. മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ

**2015 ആഗസ്റ്റ് 17 മുതൽ 29 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർസഭാ മെത്രാന്മാരുടെ 23-ാമത് സിനഡിന്റെ ദ്വിതീയ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ**.

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരൻമാരേ,

2015 ആഗസ്റ്റ് 17 മുതൽ 29 വരെ നടന്ന സീറോമലബാർ സഭാ സിനഡിന്റെ രണ്ടാം സെഷനെ സംബന്ധിച്ച വിവരങ്ങൾ ഈ സർക്കുലറിലൂടെ നിങ്ങളേവരെയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയം പ്രാർത്ഥിച്ചും ധ്യാനിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും സിനഡുപിതാക്കന്മാർ ആത്മീയമായി ഒരുങ്ങി. ഉച്ചകഴിഞ്ഞ് സിനഡ് ഔദ്യോഗികമായി സമ്മേളിച്ച് നിശ്ചിതവിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചകളിലേക്കു പ്രവേശിച്ചു. 46 പിതാക്കന്മാർ സിനഡിൽ സംബന്ധിച്ചു.

### മാണ്ഡ്യാ രൂപതയുടെ അതിർത്തി വികസനവും പുതിയ മെത്രാനും

സിനഡിലെ ഏറ്റവും സന്തോഷകരവും സുപ്രധാനവുമായ ഒരു സംഭവം മാണ്ഡ്യാ രൂപതയുടെ പുതിയ മെത്രാന്റെ നിയമനവും പ്രഖ്യാപനവുമായിരുന്നു. ബാംഗ്ലൂർ ലത്തീൻ അതിരൂപതയുടെ ഭൂപ്രദേശംകൂടി ഉൾപ്പെടുത്തി മാണ്ഡ്യാ രൂപതയുടെ അതിർത്തി വികസിപ്പിക്കയും രൂപതയുടെ രണ്ടാമത്തെ ഇടയനായി അഭിവന്ദ്യ ആന്റണി കരിയിൽ സി.എം.ഐ. പിതാവ് നിയമിതനാവുകയും ചെയ്തു. പുതിയ ഇടയന്റെ മെത്രാഭിഷേകം ഒക്ടോബർ 18-ന് മാണ്ഡ്യാരൂപതയുടെ കത്തീഡ്രൽ പള്ളിയങ്കണത്തിൽ നടക്കുകയുണ്ടായി. ബാംഗ്ലൂരിലെ ആറു ഡിസ്ട്രിക്റ്റുകളിലായി കഴിയുന്ന പതിനായിരക്കണക്കിന് സീറോമലബാർ വിശ്വാസികൾക്ക് മാതൃസഭയുടെ അധികാരത്തിൻകീഴിൽ അജപാലനശുശ്രൂഷ ലഭിക്കാനുള്ള സാഹചര്യം പുതിയ ക്രമീകരണത്തിലൂടെ സംജാതമായിരിക്കുന്നു.

### പ്രേഷിതമുന്നേറ്റവും അജപാലകരും

പ്രേഷിതപ്രവർത്തനത്തിനും അജപാലനശുശ്രൂഷയ്ക്കുമായി

കൂടുതൽ പ്രദേശങ്ങൾ സീറോമലബാർ സഭയ്ക്ക് തുറന്നുകിട്ടുന്ന ഇന്നത്തെ സാഹചര്യത്തിൽ, അവിടെ സേവനം ചെയ്യുന്നതിന് നല്ല തീക്ഷ്ണതയും പ്രേഷിതചൈതന്യവുമുള്ള വൈദികരെ സഭയ്ക്കാവശ്യമുണ്ട്. വൈദികാർത്ഥികൾക്ക് അത്തരത്തിലുള്ള പരിശീലനം ലഭിക്കേണ്ടിയിരിക്കുന്നു. പരിശീലനകാലഘട്ടത്തിൽത്തന്നെ മിഷൻ അനുഭവം ലഭിക്കാനും മിഷൻ സെമിനാരികളിൽ പരിശീലനം നേടാനും അവസരമൊരുക്കണമെന്ന് സിനഡ് നിർദ്ദേശിച്ചു. മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കണമെന്നും മിഷൻരൂപതകൾക്കുവേണ്ടി കേരളത്തിലെ രൂപതകളിൽനിന്ന് കൂടുതൽ ദൈവവിളികൾ കണ്ടെത്താൻ പരിശ്രമിക്കണമെന്നും സിനഡ് നിർദ്ദേശിച്ചു.

സാംഗ്ലി, രാജ്കോട്ട്, സാഗർ, ബിജ്നോർ, ബെൽത്തങ്ങാടി തുടങ്ങിയ സീറോ മലബാർ മിഷൻ കേന്ദ്രങ്ങൾ ഞാൻ സന്ദർശിക്കുകയുണ്ടായി. നമ്മുടെ മിഷൻ രൂപതകളിൽ നടക്കുന്ന പ്രവർത്തനങ്ങളും അവയുടെ വളർച്ചയും പരസ്പരം പങ്കുവയ്ക്കുന്നതിന് സഹായകരമായ ഒരു പ്രസിദ്ധീകരണം, മെത്രാന്മാർ മിഷൻരൂപതകൾ സന്ദർശിക്കുന്നത്, മിഷൻ അനുഭവം ലഭിക്കുന്നതിന് വടക്കേ ഇന്ത്യയിൽവച്ച് വൈദികർക്ക് തുടർപരിശീലനം നൽകുന്നത്, പ്രാദേശികമായി ചില മിഷൻകേന്ദ്രങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ കാര്യങ്ങളും സിനഡ് ചർച്ച ചെയ്തു. ചുരുക്കത്തിൽ, സീറോമലബാർ സഭയുടെ മിഷൻ മേഖലയെ സംബന്ധിച്ച് ഏറെ താല്പര്യത്തോടെയും ക്രിയാത്മകമായും സിനഡ് പരിചിന്തിക്കുകയുണ്ടായി.

**സാമൂഹിക പ്രവർത്തനങ്ങൾ**

വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും മറ്റു സ്ഥാപനങ്ങളും ചെയ്യുന്ന സാമൂഹ്യസേവനപ്രവർത്തനങ്ങൾ അതിവിപുലമാണ്. ഇവയെക്കുറിച്ച് വളരെ പരിമിതമായ അറിവേ പൊതുസമൂഹത്തിനുള്ളൂ. നമ്മുടെ സഭയിൽ വിവിധ തലങ്ങളിൽ നടക്കുന്ന സാമൂഹ്യപ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും അറിയിക്കുകയും ചെയ്യുന്ന ഒരു സംവിധാനത്തിനു രൂപംകൊടുക്കാൻ സിനഡു തീരുമാനിച്ചു.



**കരുണയുടെ വിശുദ്ധ വത്സരം**

ഫ്രാൻസീസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കരുണയുടെ വിശുദ്ധ വത്സരത്തിന്റെ ആചരണം സംബന്ധിച്ച് ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ. പതിവിൽനിന്ന് വ്യത്യസ്തമായ രീതിയിലായിരിക്കണം കരുണയുടെ വിശുദ്ധ വത്സരം ആചരിക്കേണ്ടതെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു. സത്യവും നീതിയും നിഷേധിക്കാതെതന്നെ നമുക്കൊരു കരുണയുടെ മുഖമുണ്ടായിരിക്കണം. നമ്മുടെ വ്യക്തിജീവിതത്തിലും അജപാലന സമീപനത്തിലും കരുണയുടെ വത്സരാചരണം പ്രതിഫലിക്കണം. വ്യക്തിബന്ധങ്ങളും ആളുകളോടുള്ള ഇടപെടലുകളും ആദരവോടെയും സ്നേഹത്തോടെയുമായിരിക്കണം.

**മാരകരോഗം ബാധിച്ചവരെ ശുശ്രൂഷിക്കുന്നത്**

മാരകരോഗം ബാധിച്ച് മരണം പ്രതീക്ഷിച്ചു കഴിയുന്നവർക്ക് ആവശ്യമായ ശുശ്രൂഷകൾ നൽകി അവർക്ക് ആശ്വാസം പകരുവാൻ രൂപതകൾ കൂടുതൽ ശ്രദ്ധ കാണിക്കണമെന്ന് സിനഡ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു. അങ്ങനെയുള്ള സേവനകേന്ദ്രങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. കരുണയുടെ വർഷത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളും പിതാക്കന്മാർ പങ്കുവയ്ക്കുകയുണ്ടായി. അനുരഞ്ജന കൂദാശയുടെ സ്വീകരണം, സഭാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് നീതിപൂർവ്വമായ വേതനം, സാമൂഹികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾക്ക് വരുമാനത്തിന്റെ നിശ്ചിത ശതമാനം ചെലവഴിക്കുക തുടങ്ങിയ കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടു. കരുണയുടെ വർഷാചരണത്തിനുള്ള ഒരു പ്രവർത്തനപദ്ധതി സിനഡ് അംഗീകരിക്കുകയുണ്ടായി.

**ചില സഭാസംഭവങ്ങൾ**

1. **സമർപ്പിതവർഷാചരണ സമാപനം:** 2016 ഫെബ്രുവരി 2-ന് സമർപ്പിത വർഷാചരണം സമാപിക്കുകയാണല്ലോ. സമാപനാഘോഷം ഓരോ രൂപതയിലും യഥോചിതം നടത്തിയാൽ മതിയെന്നും സഭയ്ക്ക് പൊതുവായൊരു ആഘോഷം വേണ്ടെന്നുമാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്.

## 2. മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയുടെ രജതജൂബിലി

സീറോമലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേയ്ക്കുയർത്തിയതിന്റെ രജതജൂബിലിയാണ് 2016-ൽ. ഈ സംഭവം സമുചിതമായി ആഘോഷിക്കുന്നതിനുള്ള പല നിർദ്ദേശങ്ങളും സിനഡ് പിതാക്കന്മാർ മുന്നോട്ടുവയ്ക്കുകയുണ്ടായി. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 3. റോമിൽ സീറോമലബാർ സഭയ്ക്കൊരു കേന്ദ്രം (Procura)

സഭാപരമായ കാര്യങ്ങളിൽ ആവശ്യാനുസരണം വത്തിക്കാൻ കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സഭാപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനു സഹായകരമായ ഒരു ഭവനം സീറോമലബാർ സഭയുടേതായി റോമിൽ ഉണ്ടാകണമെന്നുള്ളത് ഏറെക്കാലമായുള്ള സഭയുടെ ആഗ്രഹമായിരുന്നു. അതിപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു എന്നുള്ളത് ഏറെ സന്തോഷത്തോടെ എല്ലാവരെയും അറിയിക്കുന്നു. ഇപ്പോൾ ഈ ഭവനത്തിന്റെ ചുമതല വഹിക്കുന്നത് മോൺ സ്റ്റീഫൻ ചിറപ്പണത്താണ്. റോമിലും ഇറ്റലിയിലെ വിവിധ സ്ഥലങ്ങളിലുമായി ചിതറിക്കഴിയുന്ന സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ട് എന്ന കാര്യവും എല്ലാവരെയും അറിയിക്കുന്നു.

## 4. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

അടുത്ത മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി (നാലാമത്തേത്) 2016 ആഗസ്റ്റ് 26 മുതൽ 28 വരെ തീയതികളിൽ നടത്തുവാൻ സിനഡ് നിശ്ചയിച്ചിരിക്കുകയാണ്. 475-ഓളം പേർ പങ്കെടുക്കുന്ന അസംബ്ലിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ പരിഗണിച്ച് ഇരിങ്ങാലക്കുട രൂപതയിലെ കൊടകരയിലുള്ള സഹൃദയാ എൻജിനീയറിംഗ് കോളേജിൽവച്ചായിരിക്കും അസംബ്ലി നടത്തുന്നത്. അസംബ്ലിയുടെ മുഖ്യചർച്ചാവിഷയംഇന്നത്തെ വെല്ലുവിളികൾക്ക് സഭയുടെ പ്രതികരണംഎന്നതാണ്. കുടുംബം, ലാളിത്യം, പ്രവാസികൾ എന്നിവയെ സംബന്ധിച്ചും അസംബ്ലിയിൽ ചർച്ച ഉണ്ടാകും. അസംബ്ലിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് അസംബ്ലി കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിശദാംശങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്.



## പ്രവാസികളുടെ അജപാലനം

## 1. അപ്പസ്തോലിക്ക് വിസിറ്ററിന്റെ പ്രവർത്തനങ്ങൾ

ഇന്ത്യയിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ വിശ്വാസികളുടെ അജപാലനപരമായ അവസ്ഥയെക്കുറിച്ചും അവർക്കു നൽകേണ്ട ശുശ്രൂഷയെക്കുറിച്ചും പഠിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടിരിക്കുന്ന അപ്പസ്തോലിക് വിസിറ്റർ മാർ റാഫേൽ തട്ടിൽ പിതാവ് വളരെ ശ്ലാഘനീയമായ രീതിയിൽത്തന്നെ തന്റെ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും ഏറെയുണ്ടെങ്കിലും ഇതിനോടകം ഏറെക്കാര്യങ്ങളിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രവാസികളുടെ അജപാലനാവശ്യങ്ങളെല്ലാം സാദ്ധ്യമാക്കാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

## 2. കമ്മീഷന്റെ പ്രവർത്തനങ്ങൾ

വിവിധരാജ്യങ്ങളിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷയുടെ കാര്യത്തിൽ സിനഡ് ഏറെ ജാഗ്രത പുലർത്തുന്നതോടൊപ്പം പരിമിതികളുടെ നടുവിൽ പരമാവധി ചെയ്യുവാൻ ശ്രമിക്കുന്നുമുണ്ട്. യൂറോപ്യൻ രാജ്യങ്ങളിലെ പ്രവാസികളുടെ കാര്യത്തിൽ ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇംഗ്ലണ്ടിലെ ലാങ്കാസ്റ്റർ രൂപതയിൽ രണ്ടു വ്യക്തിഗത ഇടവകകൾ നമുക്കു അനുവദിച്ചിട്ടുണ്ട്. ഒരു പള്ളിയും നമുക്കു ലഭിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിലവിലിരിക്കുന്ന ബുദ്ധിമുട്ടുകൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. അതിനുള്ള പരിശ്രമങ്ങൾ തുടരുന്നു.

## ആരാധനാക്രമ വിഷയങ്ങൾ

1. മെത്രാന്റെ സാന്നിധ്യത്തിലുള്ള സമൂഹബലിയിൽ വൈദികരിലൊരാൾ കാർമ്മികനാകുമ്പോൾ പാലിക്കേണ്ടക്രമവും, ദൈവാലയ കൂദാശാകർമ്മം സംബന്ധിച്ച് ചില പൊതുനിർദ്ദേശങ്ങളും സിനഡ് ചർച്ച ചെയ്ത് നിശ്ചയിക്കുകയുണ്ടായി.

2. പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിലെ മൂന്നാമത്തെ അനാഫൊറയായ നെസ്തോറിയസിന്റെ അനാഫൊറയുടെ

മലയാളടെക്സ്റ്റ് സിനഡ് ചർച്ചചെയ്ത് അംഗീകരിച്ചു. ടെക്സ്റ്റിന്റെ ഭാഷാപരിശോധനയ്ക്കായി ഒരു പ്രത്യേക കമ്മിറ്റിയെ ഇപ്പോൾ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സിനഡ് ഔദ്യോഗികമായി അംഗീകരിച്ച്, റോമിൽനിന്നുള്ള അംഗീകാരവും ലഭിച്ചതിനുശേഷം നമ്മുടെ സഭയിൽ ഉപയോഗത്തിനായി ടെക്സ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

**ചില അറിയിപ്പുകളും പൊതുവിവരങ്ങളും**

**1. ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരു പാഠപുസ്തകം**

ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്നതിന് സഹായകരമായ ഒരു മതബോധന പാഠപുസ്തകം മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറായി വരുന്നു. ജനുവരി സിനഡിന്റെ അവസരത്തിൽ ഇതു പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നു കരുതുന്നു.

**2. ആരാധനക്രമ വിശ്വാസപരിശീലനഗ്രന്ഥം**

സീറോമലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം എന്ന പേരിൽ ഒരു വിശ്വാസപ്രബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നു. സിനഡിന്റെ താല്പര്യപ്രകാരം ലിറ്റർജി കമ്മീഷനും മതബോധനകമ്മീഷനും സംയുക്തമായിട്ടാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. വിശുദ്ധ കുർബാനയിലും മറ്റു കൂദാശകളിലും സഭയോടു ചേർന്നുള്ള ജീവിതത്തിലും കുട്ടികൾക്കും യുവജനങ്ങൾക്കും പരിശീലനം നൽകുക എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. നമ്മുടെ സഭയുടെ വിശ്വാസപാരമ്പര്യങ്ങൾക്കനുസരിച്ച് വിശ്വാസജീവിതം നയിക്കാൻ സഹായകമായ ഈ ഗ്രന്ഥം എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. തുരുത്തേലച്ചന് വൈദികരത്ന ബഹുമതി**

മാതൃകാ വൈദികനും തീക്ഷ്ണമതിയും MSTസമൂഹാംഗവുമായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തുരുത്തേലച്ചന് അദ്ദേഹത്തിന്റെ ദീർഘകാലത്തെ വിശിഷ്ടമായ സഭാസേവനങ്ങൾ പരിഗ



ണിച്ച് 'വൈദികരത്നം' എന്ന ബഹുമതി നൽകി ആദരിക്കാൻ സിനഡ് തീരുമാനിച്ചു.

**4. ഡോ. സിസ്റ്റർ മേരി ലിറ്റി LSDPയ്ക്ക് LRCഅവാർഡ്**

പാവപ്പെട്ടവരും ഏറ്റവും താഴേക്കിടയിലുള്ള നിസ്സഹായരുമായവർക്കുവേണ്ടി കരുണാർദ്രമായ സ്നേഹശുശ്രൂഷ നിർവ്വഹിക്കുന്ന ദൈവപരിപാലനയുടെ എളിയ സഹോദരികൾ (LSDP) എന്ന സമർപ്പിത സമൂഹത്തിന്റെ സ്ഥാപക ബഹുമാനപ്പെട്ട മദർ മേരി ലിറ്റിക്ക് സിനഡ് ഏർപ്പെടുത്തിയിരിക്കുന്ന LRC അവാർഡ് നൽകി ആദരിച്ചു.

**5. സീറോമലബാർ സഭാ ആന്തം രചനാ വിജയികൾക്ക് സമ്മാനം**

സീറോമലബാർ സഭയ്ക്ക് ഒരു ആന്തം (Anthem) രചിക്കുന്നതിനു LRC നടത്തിയ മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

**6. കുരിശുകളുടെ ശേഖരം**

വിവിധ തരത്തിലുള്ള കുരിശുകളുടെ ശേഖരം മൗണ്ട് സെന്റ് തോമസിലെ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു. സന്ദർശകർക്ക് കാണുന്നതിന് കുരിശുകളുടെ ഈ മ്യൂസിയം ഭാഗം ഔദ്യോഗികമായി തുറന്നിരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയിലെ ബഹുമാനപ്പെട്ട ആലുങ്കൽ ജോർജച്ചനാണ് കുരിശുകളുടെ വൻശേഖരം സംഭാവന ചെയ്തത്.

**7. ബഹു. തെള്ളിയിൽ എമ്മാനുവേലച്ചൻ CMI യുടെ മരണം**

സീറോമലബാർ സഭയുടെ ആരാധനക്രമ പരിഷ്കരണത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ തെള്ളിയിൽ ബഹു. എമ്മാനുവേലച്ചന്റെ മരണത്തിൽ സിനഡ് അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്ന തെള്ളിയിലച്ചൻ ഒരു സുറിയാനി നിഘണ്ടു പ്രസിദ്ധീകരിക്കുകയും ആരാധനക്രമത്തിന്റെ സുറിയാനി ഉറവിടങ്ങൾ ആധുനിക തലമുറയ്ക്ക് പരിചയപ്പെടുത്തുകയും അതുവഴി ആരാധനക്രമ പുനരുദ്ധാരണ

ത്തിൽ നിർണായക പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. സുറിയാനി മല്പാൻ എന്ന പേരിന് അദ്ദേഹം തികച്ചും യോഗ്യനാണ്. തെള്ളി യിലച്ചന്റെ സഭാസേവനങ്ങളെ നന്ദിയോടെ ഓർക്കുകയും അദ്ദേഹ ത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

**8. 'ജീസസ് യൂത്ത്'**

ജീസസ് യൂത്ത് എന്ന യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്ത നങ്ങൾക്ക് സഭാതലത്തിൽ ഒരു മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. മാതൃ സഭയോടുള്ള ബന്ധത്തിൽ അടിയുറച്ചും സഭാപാരമ്പര്യങ്ങൾക്കനു സരിച്ചും പ്രവർത്തിക്കുന്നതിനു സഹായകമായ പരിശീലനം ജീസസ് യൂത്ത് അംഗങ്ങൾക്കു ലഭിക്കേണ്ടതിന്റെ ആവശ്യകത സിനഡ് വ്യക്ത മാക്കി. ഈ പ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മികത സ്വന്തം സ്വയാധികാ രസഭയുടേതാണ്. ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാർക്ഷ രേഖ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**9. ധ്യാനകേന്ദ്രങ്ങൾക്ക് മാർഗരേഖ**

സീറോമലബാർ സഭയിലെ ധ്യാനകേന്ദ്രങ്ങൾക്കായി ഒരു മാർഗരേഖയ്ക്ക് അന്തിമരൂപം കൊടുക്കാൻ സിനഡിനു സാധിച്ചു. പ്രത്യേകം നിയോഗിക്കപ്പെട്ട ഒരു കമ്മിറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് സമ ഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി സിനഡ് അംഗീകരിക്കുകയും ചെയ്തു. ഇതിലെ മാർഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ധ്യാനകേന്ദ്രങ്ങൾ പ്രവർത്തിക്കാൻ ചുമ തലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മാർഗരേഖ താമസിയാതെ ലഭ്യമാ ക്കുന്നതാണ്.

**10. വൈദികാർത്ഥികളുടെ രൂപീകരണം**

വൈദികാർത്ഥികളുടെ രൂപീകരണം സഭയെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമാണ്. ഉത്തമരായ വൈദികരെ രൂപപ്പെടുത്തുന്ന സെമിനാരി പരിശീലനത്തിന്റെ വിവിധ വശങ്ങൾ സിനഡ് ചർച്ചചെയ്തു. സിനഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നാലു സെമിനാരികളാണുള്ളത്. വടവാതൂർ, ആലുവ, കുന്നോത്ത്, സത്നാ എന്നിവയാണ് പ്രസ്തുത സെമിനാരികൾ. മെത്രാന്മാർ അംഗങ്ങളായുള്ള കമ്മീഷനുകൾക്കാണ് ഈ സെമിനാരികളുടെ



മേൽനോട്ടം. സഭമുഴുവന്റെയും ശ്രദ്ധയും പ്രാർത്ഥനയും വൈദികാർത്ഥികളുടെ പരിശീലനകാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സീറോമലബാർ സഭയിലെ വിവിധ സെമിനാരികളിൽ മെത്രാന്മാരുടെ വിവിധ ടീമുകൾ ഔദ്യോഗിക സന്ദർശനം നടത്തുകയും സെമിനാരി പരിശീലനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സമഗ്രമായി പഠിച്ച് വിലയിരുത്തുകയുംചെയ്തു. അത് ഏറെ പ്രയോജനകരമായി. അതിന്റെ വെളിച്ചത്തിൽ ഭാവി കാര്യങ്ങൾ ചെയ്യുവാനാണ് ശ്രമിക്കുന്നത്. സഭയിൽ സെമിനാരി പരിശീലനത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയ ഈ സന്ദർശനം വളരെയേറെ സ്വാഗതം ചെയ്യപ്പെട്ടു എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു.

**11. സെമിനാരിക്കാർക്ക് പുന:പ്രവേശനം നൽകുന്നത് സംബന്ധിച്ച്**

ഏതെങ്കിലും ഒരു സമർപ്പിത സമൂഹത്തിൽനിന്നോ രൂപതയിൽനിന്നോ പുറത്താക്കപ്പെട്ട സെമിനാരിക്കാരെ മറ്റൊരു സമർപ്പിത സമൂഹമോ രൂപതയോ വൈദികാർത്ഥികളായി സ്വീകരിക്കുന്നത് സംബന്ധിച്ച് വത്തിക്കാനിലെ പൗരസ്ത്യ സഭാ കാര്യാലയത്തിൽനിന്നു ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ സിനഡ് ഇപ്രകാരം തീരുമാനിക്കുകയുണ്ടായി: സമർപ്പിത സമൂഹത്തിൽ നിന്നുള്ളവരാണെങ്കിൽ ബന്ധപ്പെട്ട സെമിനാരി റെക്ടറിൽനിന്നും സമർപ്പിത സമൂഹാധികാരികളിൽനിന്നും, രൂപതയ്ക്കുവേണ്ടി യുള്ളവരാണെങ്കിൽ ബന്ധപ്പെട്ട മെത്രാനിൽനിന്നും സെമിനാരി റെക്ടറിൽനിന്നും പുനഃപ്രവേശനത്തിന് അനുകൂലമായ കത്ത് വാങ്ങിച്ചിരിക്കണം.

**12. പി.ആർ.ഓഫീസ്**

സീറോമലബാർ സഭയുടെ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉത്തരവാദിത്വം പുതിയൊരു ടീമിനെ ഏല്പിച്ച വിവരം എല്ലാവ രെയും അറിയിക്കുന്നു. പൂച്ചക്കാട്ട് ബഹു. ജിമ്മിയച്ചൻ കോ-ഓർഡി നേറ്റർ ആയുള്ള അഞ്ചംഗ ടീമിനെയാണ് ചുമതല ഏല്പിച്ചിരിക്കു ന്നത്. ദീർഘകാലം പി.ആർ.ഒ ആയി സേവനം ചെയ്ത ബഹു. പോൾ

തേലക്കാട്ടച്ചനോടുള്ള നന്ദി ഈയവസരത്തിൽ സ്നേഹപൂർവ്വം അറിയിക്കുന്നു.

**13. മേജർ സുപ്പീരിയേഴ്സുമായുള്ള സമ്മേളനം**

സിനഡിനോടനുബന്ധിച്ച് സീറോമലബാർ സഭയിലെ സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സും സിനഡുപിതാക്കന്മാരും സംയുക്തമായി സമ്മേളിച്ച് സഭയിൽ സമർപ്പിത സമൂഹങ്ങളുടെ ശുശ്രൂഷയെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന സമർപ്പിതസമൂഹങ്ങളുടെ വിവിധങ്ങളായ ശുശ്രൂഷകൾ സഭയ്ക്ക് വളരെ വിലപ്പെട്ടതാണ്. നമ്മുടെ സഭയിൽ സമർപ്പിത സമൂഹങ്ങൾ ചെയ്യുന്ന വലിയ സേവനങ്ങൾ നമുക്ക് നന്ദിയോടെ ഓർക്കാം. സഭയുടെ സാമ്പത്തികാവശ്യങ്ങളിലും സമർപ്പിതസമൂഹങ്ങൾ നൽകുന്ന ഉദാരമായ സഹായങ്ങൾ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു.

മെത്രാന്മാരും വൈദികരും സമർപ്പിത സമൂഹങ്ങളും തമ്മിൽ എല്ലാ തലങ്ങളിലും കൂടുതൽ ഐക്യവും പരസ്പരധാരണയും വളർത്തേണ്ടതിന്റെ ആവശ്യകത സമ്മേളനം ഊന്നിപ്പറയുകയുണ്ടായി. പ്രവാസികളായ സീറോമലബാർ വിശ്വാസസമൂഹങ്ങളുടെയിടയിൽ സമർപ്പിതരുടെ സേവനം കൂടുതൽ ആവശ്യമായി വരുന്ന സാഹചര്യമാണ് ഇന്നുള്ളത്. നല്ല സമർപ്പിത ദൈവവിളികൾ പരിപോഷിപ്പിക്കാനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. പോരായ്മകൾ പരിഹരിച്ച് മാതൃകാപരമായി സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ നമുക്ക് പരിശ്രമിക്കാം.

**14. ഏകസ്ഥരായ കന്യകകൾ**

സീറോമലബാർ സഭയിലെ ഏകസ്ഥരും അവിവാഹിതരുമായി കഴിയുന്ന സ്ത്രീകളുടെ കാര്യം സിനഡ് ചർച്ച ചെയ്തു. അവരിൽ വിദ്യാസമ്പന്നരും ജോലിയുള്ളവരുമായ ചിലർ സഭയുടെ ഔദ്യോഗികാംഗീകാരത്തോടെ സമൂഹമായി സമർപ്പിത ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നുണ്ട്. മറ്റ് ചില ഏകസ്ഥർ വീടുകളിൽത്തന്നെ താമസിച്ചുകൊണ്ട് ഇടയ്ക്കിടെ ധ്യാനം തുടങ്ങിയ ആത്മീയകാര്യങ്ങൾക്കായി ഒരുമിച്ചുകൂടുന്ന ഒരു ജീവിതശൈലി



ആഗ്രഹിക്കുന്നു. ഏതായാലും സമർപ്പിതജീവിതം ആഗ്രഹിക്കുന്ന ഏകസ്ഥർക്കുവേണ്ടി കൃത്യമായ ഒരു നിയമാവലി തയ്യാറാക്കേണ്ടിയിരിക്കുന്നു. ഏകസ്ഥരുടെ കാര്യം നിയമാവലിക്കനുസൃതമായി അതാതു രൂപതാദ്ധ്യക്ഷന്മാരുടെ ചുമതലയിൽ കൈകാര്യം ചെയ്യുന്നതാണ് ഉചിതമെന്ന് സിനഡ് അഭിപ്രായപ്പെട്ടു.

**കമ്മീഷനുകളും കമ്മറ്റികളും**

മെത്രാന്മാരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മീഷനുകളും കമ്മിറ്റികളും വഴിയാണ് സിനഡ് പ്രവർത്തിക്കുന്നതെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. അജപാലന ശുശ്രൂഷയുടെ വിവിധ മേഖലകളാണ് ഈ കമ്മീഷനുകളും കമ്മിറ്റികളും കൈകാര്യം ചെയ്യുന്നത്. അവയുടെ പ്രവർത്തന റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. കമ്മീഷനുകളും കമ്മിറ്റികളും താഴെപ്പറയുന്നവയാണ്.

**കമ്മീഷനുകൾ**: ലിറ്റർജി കമ്മീഷൻ, മതബോധനകമ്മീഷൻ, വൈദികർക്കുവേണ്ടിയുള്ള കമ്മീഷൻ, സമർപ്പിതസമൂഹങ്ങൾക്കുവേണ്ടിയുള്ള കമ്മീഷൻ, ദൈവവിളി കമ്മീഷൻ, സെമിനാരി കമ്മീഷൻ, യുവജനകമ്മീഷൻ, സൈദ്ധാന്തിക (Doctrine) കമ്മീഷൻ, എക്യുമെനിക്കൽ കമ്മീഷൻ, അല്മായ കമ്മീഷൻ എന്നിവയാണ് കമ്മീഷനുകൾ. അല്മായ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് കത്തോലിക്കാ കോൺഗ്രസ്, മാതൃവേദി, കുടുംബപ്രേഷിതത്വം കൂടുംബകൂട്ടായ്മ മുതലായവ.

**കമ്മിറ്റികൾ**: പൊതുകാര്യ കമ്മിറ്റി (Public Affairs), ഉന്നതവിദ്യാഭ്യാസ കമ്മിറ്റി, സ്കൂൾ വിദ്യാഭ്യാസ കമ്മിറ്റി മുതലായവയാണ് വിവിധ കമ്മിറ്റികൾ.

കൂടാതെ താഴെപ്പറയുന്ന പ്രസ്ഥാനങ്ങളും സിനഡിന്റെ മേൽനോട്ടത്തിൽ നടക്കുന്നു.

**1. ലിറ്റർജിക്കൽ റിസേർച്ച് സെന്റർ (LRC)**

ആരാധനക്രമ വിഷയങ്ങളിൽ ഗവേഷണപരമായ പഠനങ്ങളും ബോധവത്ക്കരണ സെമിനാറുകളും നടത്തുക, സഭാപഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സഭയുടെ ശരി

യായ വളർച്ചയ്ക്ക് ബൗദ്ധിക പിന്തുണ നൽകുക എന്നതാണ് ആരാധനക്രമ ഗവേഷണകേന്ദ്രത്തിന്റെ മുഖ്യലക്ഷ്യം.

## 2. ASSM (Association of Supporters of Syro- Malabar Mission)

സീറോമലബാർ മിഷൻ പ്രവർത്തനങ്ങളെ ആളും അർത്ഥവുംകൊണ്ട് പിന്തുണയ്ക്കുന്ന അസോസിയേഷനാണിത്. നമ്മുടെ മിഷൻ രൂപതകൾക്ക് മാതൃരൂപതയുടെ ഇപ്രകാരമുള്ള സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിവിനനുസരിച്ച് നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ഇന്റർനെറ്റ് മിഷൻ**

സീറോമലബാർ സഭയിലെ വിവിധ രൂപതകളെ കോർത്തിണക്കിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങളാണ് ഇന്റർനെറ്റ് മിഷൻ ചെയ്തുകൊണ്ടിരിക്കുന്നത്. സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഏകോപനവും കാര്യക്ഷമതയും ഉണ്ടാകാൻ ഇന്റർനെറ്റ് മിഷൻ ഏറെ സഹായകരമാണ്.

ആഗസ്റ്റ് 29-ാം തീയതി മധ്യാഹ്നത്തോടെ സിനഡിന്റെ 23-ാം സമ്മേളനം പര്യവസാനിച്ചു. സിനഡിന്റെ വിജത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. നല്ലവനായ ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+ ജോർജ് കാർഡിനൽ ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് ഡിസംബർ മാസം 1 -ാം തിയതി നൽകപ്പെട്ടത്.



## C. 3. ക്രൈസ്തവ സഭൈക്യവാര പ്രാർത്ഥന 2016

വിഷയം : **ദൈവ മഹത്വം പ്രകീർത്തിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു**

**ബൈബിൾ വചനം : (1 Peter 2:9)**

**"എന്നാൽ നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം."**

സഭ 2016 ജനുവരി 18 മുതൽ 25 വരെയുള്ള ഒരാഴ്ചക്കാലം ക്രിസ്തീയ ഐക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനയ്ക്കായി സമർപ്പിച്ചിരിക്കുന്നു. എന്നിരുന്നാലും, ക്രൈസ്തവ ഐക്യത്തിന്റെ ചൈതന്യം വർഷം മുഴുവൻ തുടരാൻ ഈ പ്രാർത്ഥന സഹായകമാകട്ടെ.

**പ്രത്യുത്തരവും ഉദ്ഘോഷണവും**

ദൈവം നമ്മെ തെരഞ്ഞെടുത്തത് ഒരു പ്രത്യേക അവകാശമായിട്ടല്ല. ദൈവം നമ്മെ പരിശുദ്ധരാക്കി, എന്നാൽ ക്രിസ്ത്യാനികളായ നമ്മൾ മറ്റുള്ളവരേക്കാൾ കൂടുതൽ നല്ലവരാണെന്നുള്ള അർത്ഥത്തിലല്ല. ദൈവം നമ്മെ തെരഞ്ഞെടുത്തത് ചില ലക്ഷ്യങ്ങൾ നിറവേറ്റാണ്. ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി നമ്മളെ ഭരമേൽപ്പിക്കപ്പെട്ടിരിക്കു ന്നിടത്തോളം മാത്രമാണ് നമ്മൾ പരിശുദ്ധരായിരിക്കുന്നത്. അത് അവിടുത്തെ സ്നേഹം എല്ലാ ജനങ്ങളിലും എല്ലായ്പ്പോഴും എത്തിക്കുന്നതിനുവേണ്ടിയാണ്. നാം ഈ ലോകത്തിന് സേവന മർപ്പിക്കുകയെന്നതാണ് പൗരോഹിത്യ ജനമെന്നതിന്റെ അർത്ഥം. ക്രിസ്ത്യാനികൾ ജ്ഞാനസ്നാനം വഴികിട്ടിയ വിളിയിൽ ജീവിച്ചുകൊണ്ട് ദൈവത്തിന്റെ മഹനീയ പ്രവർത്തനങ്ങൾക്ക് വിവിധ മാർഗ്ഗങ്ങളിലൂടെ സാക്ഷ്യം നൽകുന്നവരാകണം.

**മുറിവുകൾ സുഖപ്പെടുത്തുന്നു**

ലാറ്റ്വായിലും മറ്റു വിവിധ രാജ്യങ്ങളിലും ജീവിക്കുന്ന ജനങ്ങൾ വൈകാരികമായും ബന്ധങ്ങൾ വഴിയും കൂടെക്കൂടെയുള്ള

യുദ്ധങ്ങൾ കാരണത്താലും സംഘർഷങ്ങൾ വഴിയും അധാർമ്മികതയിലൂടെയും മുറിവേറ്റിട്ടുള്ളവരാണ്. ദൈവത്തിന്റെ പരിശുദ്ധിയിൽ വളരുന്നതിനും കരുണ ലഭിക്കുന്നതിനും സൗഖ്യം പ്രാപിക്കുന്നതിനും ഐക്യപ്പെടുത്തുന്നതിനുമുള്ള തടസ്സങ്ങൾ നിൽക്കുമ്പോൾ അതിനെ അതിജീവിക്കുന്നതിനാവശ്യമായ ക്ഷമാപണം യാചിക്കുന്നതിന് ദൈവത്തിന്റെ അനുഗ്രഹം നമ്മെ സഹായിക്കുന്നു.

**ഐക്യത്തിനും സത്യത്തിനും വേണ്ടിയുള്ള അന്വേഷണം**

ക്രിസ്തുവിൽ താദാത്മപ്പെട്ടിരിക്കുന്നുവെന്ന നമ്മുടെ ബോധ്യം ക്രിസ്ത്യാനികൾ എന്ന നിലയിൽ ഇപ്പോഴും നമ്മെ വേർതിരിച്ചു നിർത്തുന്ന ചോദ്യോത്തരം മേഖലയിൽ പ്രവർത്തിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. എമ്മാവൂസിലേക്കുള്ള യാത്രാമദ്ധ്യേ തന്റെ ശിഷ്യന്മാരെ വിളിച്ചതുപോലെ നമ്മുടെ അനുഭവങ്ങൾ പങ്കിടുന്നതിനും കണ്ടു പിടിക്കുന്നതിനുമായി നമ്മുടെ പൊതുവായ തീർത്ഥയാത്രയിൽ യേശു ക്രിസ്തുവും നമ്മോടുകൂടെയുണ്ട്.

**മനുഷ്യമഹത്വത്തിനുവേണ്ടിയുള്ള പ്രവർത്തനനിരതമായ ദൗത്യം**

അന്ധകാരത്തിൽ നിന്നും പ്രകാശപൂരിതമായ ദൈവരാജ്യ ത്തിലേക്ക് ആനയിക്കപ്പെട്ട ക്രിസ്ത്യാനികൾ എല്ലാ മനുഷ്യജീവി തത്തിന്റെയും അസാധാരണ മഹത്വത്തെ അംഗീകരിക്കുന്നു. പൊതുവായ സാമൂഹികവും ഉദാരചിത്തവുമായ പദ്ധതികളിലൂടെ പാവപ്പെട്ടവരും അവശരും മദ്യാശക്തിയുള്ളവരും രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ പ്രയാസപ്പെടുന്നവരുമായ ജനങ്ങളിലേക്ക് കടന്നു ചെല്ലാൻ നമുക്ക് കഴിയുന്നു.

**മറ്റുള്ള വസ്തുക്കളുടെ അവതരണം**

ബൈബിളിലെ ഒരു പ്രതീകമായ "കത്തിച്ച മെഴുകുതിരിയും ഉപ്പും" ആഘോഷമായ ബലി അർപ്പണത്തിന് ഉപയോഗിക്കുന്നത് സൂചിപ്പിക്കുന്നത് ജ്ഞാനസ്നാനം വഴി ക്രിസ്ത്യാനികളായ നമ്മെ ദൃഷ്ടിഗോചരമായ ദൈവത്തിന്റെ മഹത്തായ പ്രവർത്തികൾ ലോകം മുഴുവൻ പ്രഖ്യാപിക്കാൻ വിളിച്ചിരിക്കുന്നു എന്നതാണ്. ഉപ്പും പ്രകാശവും മലയിലെ പ്രസംഗത്തിൽ ക്രിസ്തു ഉപയോഗി



ച്ചിരിക്കുന്ന സദൃശ്യവാക്കു കളാണ്. (മത്തായി.5:13-16). നമ്മൾ ക്രിസ്ത്യാനികൾ ആണെന്നുള്ള അടയാളമാണ് ഇത് സൂചിപ്പിക്കുന്നത്.

"നിങ്ങൾ ഭൂമയുടെ ഉപ്പാകുന്നു.... നിങ്ങൾ ഭൂമിയുടെ വെളിച്ചമാകുന്നു" എന്ന നമ്മുടെ ദൗത്യമാണ് ഇത് സൂചിപ്പിക്കുന്നത്.

ക്രിസ്ത്യാനികൾ ഇന്ന് ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് കൊടുക്കേണ്ട പ്രതിരൂപങ്ങളാണ് "ഉപ്പും വെളിച്ചവും". ജീവിതത്തിന് രുചി നൽകുന്ന വാക്കുകളാണ് നമ്മൾ ദൈവത്തിൽ നിന്ന് എടുത്തിരിക്കുന്നത്. അത് പലപ്പോഴും അർത്ഥരഹിതമായി തോന്നുന്നു. ലോകത്തേയും ജനങ്ങളേയും സ്വയം കാണാനും മനസ്സിലാക്കാനും കഴിയുന്ന മഹത്തായ വാക്ക് അവരെ സഹായിക്കാനും നയിക്കാനും കഴിയുമെന്നുള്ളതുകൊണ്ട് നമ്മൾ ഇവിടെ ഉപയോഗിക്കുന്നു.

**ആരാധനയ്ക്കുള്ള അവതാരിക**

ഓരോ അടയാളവും (പ്രതീകവും) സൂചിപ്പിക്കുന്നത് വ്യത്യസ്ഥമായ കൂട്ടായ്മയാണ്. വായനയ്ക്കു വേണ്ടി ബൈബിൾ പീഠത്തിന്മേൽ വയ്ക്കണം. നമ്മുടെ ജ്ഞാനസ്നാന വിളിയുടെ അടയാളമായി ജ്ഞാനസ്നാനത്തൊട്ടിയിലോ പീഠത്തിന്റെ വശങ്ങളിലോ ദൈവവചനത്തിന്റെ പ്രതീകങ്ങളായി മെഴുകുതിരിയും ഉപ്പും വയ്ക്കുന്നു. ബലിയുടെ ആരംഭത്തിൽ വചനപ്രഘോഷണത്തിന് ശേഷം ഭക്തജനങ്ങളിൽ ഓരോരുത്തരും മെഴുകുതിരി കത്തിച്ചു പിടിക്കുന്നു. ഇതിനാവശ്യമായ മെഴുകു തിരികൾ ബാസ്ക്കറ്റിൽ പരിശുദ്ധസ്ഥലത്ത് വയ്ക്കുന്നു.

സ്തുതി ഗീതത്തെപ്പറ്റി യാതൊരു സൂചനയും നൽകുന്നി ല്ലെങ്കിലും ലാറ്റ്വിയൻ ഗാനസംഘം തൃത്വകസ്തുതിഗീതങ്ങളെപ്പറ്റി സൂചന നൽകുന്നുണ്ട്. മറുപടിയായി Kyrie Eleison and Christe Elieson പാടണമെന്ന് അവർ അഭിപ്രായപ്പെടുന്നു. ദൈവവചന പ്രാർത്ഥനാവേളയിൽ ഭക്തജനങ്ങൾ നൽകേണ്ട പ്രത്യുത്തരം മൂലഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. വായനാവതാരിക "സ്നേഹ ത്തിന്റെ പൊട്ടിത്തെറി" എന്ന വാക്ക് ഉപയോഗിക്കുന്നു. Gugliel

Giaquinta എന്ന Pro-Sanctitate പ്രസ്ഥാനത്തിന്റെ സ്ഥാപകനിൽ നിന്നാണ് ഈ പ്രയോഗം വന്നിരിക്കുന്നത്.

അപ്പം (Bread) പ്രത്യേകിച്ചും കറുത്ത അപ്പമാണ് ലാറ്റ്വിയൻ ആതിഥ്യത്തിന്റെ അടയാളം. ജനങ്ങൾ പുതിയ വീട്ടിലേക്ക് താമസം മാറുമ്പോൾ, അനുഗ്രഹത്തിന്റെ അടയാളമായി കുരിശിന്റെ അടയാളത്തിലുള്ള ഒരു കഷണം അപ്പത്തിന്റെ മുകളിൽ ഉപ്പുവെള്ളം തളിച്ച് കൂട്ടുകാർ സമ്മാനമായി നൽകുന്നു. ദിവ്യബലിക്കുശേഷമുള്ള സമയത്തോ കൂട്ടായ്മയിലോ അവരുടെ ആതിഥ്യത്തിന്റെ അടയാളമായി മേൽപ്പറഞ്ഞ രീതി അനുകരിക്കണമെന്ന് ലോക ത്താകമാനമുള്ള ക്രിസ്ത്യാനികളോട് ലാറ്റ്വിയൻ എഴുത്തുകാർ ആവശ്യപ്പെടുന്നു.

**ഒന്നാം ദിവസം:** എസേക്കിയൽ 37.12-14, സങ്കീർത്തനം 71.186-23, റോമാ 8. 15-21, മത്തായി 28.1-10.

**രണ്ടാം ദിവസം:** ഏശയ്യാ 61:1-4, സങ്കീർത്തനം 1:33, ഫിലിപ്പിയർ 2:1-5, യോഹന്നാൻ 15:9-12.

**മൂന്നാം ദിവസം:** ജെറമിയ 31:10-13, സങ്കീർത്തനം 122, 1 യോഹന്നാൻ 4 :166-21, 17 : 20-23.

**നാലാം ദിവസം:** ഉൽപ്പത്തി 17:1-8, സങ്കീർത്തനം 145:8-12, റോമാ 10:14-15, മത്തായി 13:3-9.

**അഞ്ചാം ദിവസം:** ഏശയ്യാ 55:6-8, സങ്കീർത്തനം 24, അപ്പോസ്തല, പ്രവർത്ത നങ്ങൾ 2:37-42, യോഹന്നാൻ 13:34-45.

**ആറാം ദിവസം:** ഉൽപ്പത്തി 37:5-8, സങ്കീർത്തനം 126, റോമാ 12:9-13, യോഹന്നാൻ 21:25.

**ഏഴാം ദിവസം:** എസക്കിയേൽ 62:6-7, സങ്കീർത്തനം 100, 1പത്രോസ് 4:76-10, യോഹന്നാൻ 4:4-14.

**എട്ടാം ദിവസം:** ഏശയ്യാ 52:7-9, കൊളോസോസ് 1:27-29, ലൂക്കാ 24:13-36.



## പ്രാർത്ഥനാ ശുശ്രൂഷ

**L - ലീഡർ**
**A - എല്ലാവരും**
**R - വായനക്കാരൻ**
**I - ഭക്തജനങ്ങൾ**

### I. പ്രവേശന സ്തുതിഗീതം

ആഘോഷമായ പ്രാർത്ഥനാശുശ്രൂഷ നടത്തുന്നവർ, ഒരു ബൈബിളും വിളക്കും ഉപ്പും വഹിച്ചുകൊണ്ട് പ്രവേശിക്കാ വുന്നതാണ്.

**സ്വാഗതവാക്കുകൾ**

**L.** ഐക്യത്തിനുവേണ്ടിയുള്ള ഈ പ്രാർത്ഥനാശുശ്രൂഷയിൽ നാം ഒരുമിച്ചു ചേരുമ്പോൾ വിശുദ്ധ പത്രോസിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് നമ്മുടെ ക്രിസ്തീയ മഹത്വത്തിനും ദൈവ നിയോഗത്തിനും നമുക്ക് ദൈവത്തിന് നന്ദി പറയാം.

''നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം.''

ലറ്റ്വിയായിലെ ക്രിസ്ത്യാനികളോടു കൂടി ഈ വർഷം ഞങ്ങൾ ഇതു പ്രാർത്ഥിക്കുന്നതോടൊപ്പം ഐക്യത്തിനുവേണ്ടി ആഗ്രഹിക്കുന്ന എല്ലാ സഹോദരീ സഹോദരന്മാരോടും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ സംസർഗ്ഗത്തിൽ വളരണമെന്ന പ്രതീക്ഷയോടെ ഈ ശുശ്രൂഷാ ക്രമം ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നു. (1 പത്രോസ്.2:9)

### II. പരിശുദ്ധാത്മാവിന്റെ പ്രാർത്ഥന

**L.** പരിശുദ്ധാത്മാവേ, പുത്രനായ യേശുക്രിസ്തുവിന്റെ പിതാവിന്റെ ദാനമേ, ഞങ്ങളിൽ വസിക്കേണമേ. ഞങ്ങളുടെ ഹൃദയങ്ങൾ തുറന്ന് ഞങ്ങളുടെ സ്വരം ശ്രവിക്കേണമേ.

**A.** പരിശുദ്ധാത്മാവേ, ഞങ്ങളിൽ വരേണമേ.

**L.** പരിശുദ്ധാത്മാവേ, പരിശുദ്ധ സ്നേഹമേ, പരിശുദ്ധിയുടേയും ഐക്യത്തിന്റെയും ഉറവിടമേ, പിതാവിന്റെ സ്നേഹം വെളിപ്പെടുത്തേണമേ.

**A.** പരിശുദ്ധാത്മാവേ, ഞങ്ങളിൽ വരേണമേ.

**L.** പരിശുദ്ധാത്മാവേ, യഥാർത്ഥ മനുഷ്യനും യഥാർത്ഥ പരിശുദ്ധിയുമായ ക്രിസ്തുവിൽ ഞങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്തേണമേ. അവിടുന്ന് തന്റെ പുനരുദ്ധാനത്തിലൂടെ നമ്മെ ഐക്യപ്പെടുത്തുകയും ഭിന്നത എന്ന പാപം സ്വയം വഹിക്കുകയും ചെയ്തു.

**A** പരിശുദ്ധാത്മാവേ, ഞങ്ങളിൽ വരേണമേ.

**L** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഞങ്ങളിൽ വസിക്കേണമേ. അങ്ങനെ ഞങ്ങൾ അങ്ങയുടെ പരിശുദ്ധിയും സ്നേഹക്കൂട്ടായ്മയും ആയിരിക്കട്ടെ. എന്നെന്നും ഞങ്ങളിൽ വസിക്കുകയും വാഴുകയും ചെയ്യുന്നവനേ, അങ്ങയിൽ ഞങ്ങളെ ഒന്നാക്കേണമേ.

**A** ആമേൻ

സ്തുതിപ്പിന്റെ ഗാനം.

## III. ഐക്യത്തിന്റെ പ്രാർത്ഥന

L ദൈവം നമ്മെ വിശുദ്ധിയിലേക്കും ഐക്യത്തിലേക്കും ക്ഷണിക്കുന്നു. വിശുദ്ധിയിലേക്കുള്ള ഐക്യത്തിന്റെ അനുഗ്രഹം ലഭിക്കാൻ നമുക്ക് നമ്മുടെ മനസ്സും ഹൃദയവും ശരീരവും ഉന്നതങ്ങളിലേക്ക് ഉയർത്താം. ദൈവമേ, അങ്ങു ഞങ്ങളെ അങ്ങയുടെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. അങ്ങു നൽകിയ പ്രവണത്വവും പ്രകൃതിയും ഞങ്ങൾ കാത്തുസൂക്ഷിക്കാതിരുന്നതിന് ഞങ്ങളോട് ക്ഷമിക്കേണമേ. Kyrie Elieson

A. Kyrie Eleison

യേശുവേ, ഞങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ ഞങ്ങളേയും പരിപൂർണ്ണരാക്കാൻ വിളിക്കേണമേ. ഞങ്ങൾ പരിശുദ്ധിയിൽ വളരാൻ പരാജയപ്പെട്ടപ്പോൾ,



സത്യസന്ധതയിൽ നിലനിൽക്കാൻ പരാജയപ്പെട്ടപ്പോൾ മനുഷ്യ മഹത്വവും അവകാശങ്ങളും ബഹുമാനിക്കാൻ പരാജയപ്പെട്ടപ്പോൾ ഞങ്ങളോടു ക്ഷമിക്കേണമേ. Christe Eleison.

A. Christe Eleison

L. ജീവന്റെയും സമാധാനത്തിന്റെയും നീതിയുടേയും നാഥാ, ഞങ്ങൾ സ്നേഹത്തിന്റെ സംസ്കാരം പടുത്തുയർത്തുന്നതിൽ പരാജയപ്പെട്ടപ്പോൾ, ഞങ്ങൾ അനീതിയുടേയും പോരാട്ടത്തിന്റെയും മരണത്തിന്റെയും സംസ്കാരം കൈമാറുമ്പോൾ ഞങ്ങളോടു ക്ഷമിക്കേണമേ. Kyrie Eleison

A. Kyrie Eleison

L. കരുണാമയനായ ദൈവമേ, അവിടുത്തെ കരുണയും പരിശുദ്ധിയും കൊണ്ട് ഞങ്ങളെ നിറയ്ക്കേണമേ. ഞങ്ങൾ പോകുന്നിടത്തെല്ലാം ഞങ്ങളെ സ്നേഹത്തിന്റെ വക്താക്കളാക്കേണമേ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

A. ആമേൻ

## IV. ദൈവവചന പ്രഘോഷണം

ഞങ്ങൾ കേൾക്കാൻ പോകുന്ന ദൈവവചനം നമ്മുടെ ജീവിതത്തിൽ സ്നേഹത്തിന്റെ സ്ഫോടനം ആയിരിക്കട്ടെ. ശ്രവിക്കുക, നിങ്ങൾ ജീവിക്കും.

A. ദൈവത്തിന് നന്ദി

ഏശയ്യാ 55:1-3

R. ശ്രവിക്കുക. നിങ്ങൾ ജീവിക്കും.

സങ്കീർത്തനം. 145: 8-9, 15-16, 17-18

R. എല്ലായ്പ്പോഴും ഞങ്ങൾ അങ്ങയുടെ നാമത്തെ പാടിപ്പുകഴ്ത്തും.

A. എല്ലായ്പ്പോഴും ഞങ്ങൾ അങ്ങയുടെ നാമത്തെ പാടിസ്തുതിക്കും.

R. കർത്താവ് കൃപാലുവും കരുണാമയനുമാണ്. ഉറച്ച സ്നേഹത്തിൽ നിറഞ്ഞവനും കോപിക്കുന്നതിൽ തിടുക്കം കൂട്ടാത്തവ

നുമാണ്. ദൈവം എല്ലാവർക്കും നല്ലവനാണ്. അവിടെ കരുണ അവിടുന്ന് സൃഷ്ടിച്ച എല്ലാവർക്കും വേണ്ടിയുള്ളതാണ്.

A. എല്ലായ്പ്പോഴും ഞാൻ അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തും.

R. എല്ലാവരുടേയും കണ്ണുകൾ അങ്ങിലേക്ക് ഉയർത്തുന്നു. അങ്ങ് അവർക്ക് യഥാസമയം ഭക്ഷണം നൽകുന്നു. എല്ലാ ജീവനുള്ള വസ്തുക്കളുടേയും ആവശ്യം അങ്ങു തുറന്ന മനസ്സോടെ തൃപ്തിപ്പെടുത്തുന്നു.

A. ഞാൻ എല്ലായ്പ്പോഴും അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തും.

R. കർത്താവ് അവിടുത്തെ പ്രവൃത്തികളിൽ കാരുണ്യവാനും അവിടുത്തെ വഴികൾ നീതിയുക്തവുമാണ്. സത്യത്തിൽ അങ്ങയെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും അങ്ങ് സമീപസ്ഥനാണ്.

A. ഞാൻ എല്ലായ്പ്പോഴും അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തും.
1 പത്രോസ്. 2:9-10

R. ശ്രദ്ധിക്കുക, നിങ്ങൾ ജീവിക്കും

A. ദൈവത്തിന് നന്ദി ഉണ്ടായിരിക്കട്ടെ. (മത്തായി 5:1-16)

R. ശ്രദ്ധിക്കുക. നിങ്ങൾ ജീവിക്കും.

A. ദൈവത്തിന് നന്ദി ഉണ്ടായിരിക്കട്ടെ.

## V. പ്രഭാഷണം

വെളിച്ചവും ഉപ്പും ആകുവാനുള്ള ദൗത്യ പ്രകാശനം അതിനു ശേഷം ലീഡൽ ഭക്തജനങ്ങളോട് താഴെ പറയുന്ന ക്ഷണം നടത്തുന്നു.

L. ഞങ്ങൾ നിധിപോലെ കാത്തുസൂക്ഷിക്കുന്നതും ബഹുമാനിക്കുന്നതുമായ സുവിശേഷം ഞങ്ങൾ ശ്രവിച്ചു. വചനത്തിന്റെ മേശയിൽ ഞങ്ങൾ ഒരുമിച്ചിരുന്നു പോഷിപ്പിക്കപ്പെട്ടു. ഞങ്ങൾ ഭൂമിയുടെ ഉപ്പായും ലോകത്തിന്റെ പ്രകാശമായും തീർന്നുകൊണ്ട് ഒരേ ഒരു ദൗത്യത്തിനായി ഒരുമിച്ചിരിക്കുകയും കർത്താവിന്റെ മഹത്വമേറിയ പ്രവർത്തികൾ പ്രഘോഷിപ്പിക്കുകയും ചെയ്യുന്നതുവഴി, ഞങ്ങൾ പരിശുദ്ധ വചനത്തെ ലോകം മുഴുവൻ എത്തിക്കും. ഞങ്ങൾ പങ്കിടുന്ന ദൗത്യത്തിന്റെ അടയാളമായി ഈ ജ്വാലയിൽ നിന്നും ഓരോരുത്തരും അവരവരുടെ മെഴുകു



തിരികൾ കത്തിക്കുകയും ഈ ഉപ്പിൽ നിന്നും അല്പം രുചിക്കുകയും ചെയ്യുന്നതിനായി ആഗ്രഹിക്കുന്നവരെ മുന്നോട്ടുവരാൻ ഞങ്ങൾ ക്ഷണിക്കുന്നു. ഈ ദൗത്യം ഏറ്റെടുക്കുന്നവർ ബലിയുടെ അവസാനം വരെ ഈ പ്രകാശം ഉജ്ജ്വലിപ്പിക്കാൻ ഞങ്ങള് പ്രേരിപ്പിക്കുന്നു.

## VI. പ്രതീക്ഷയുടെ പ്രാർത്ഥന

L. ദൈവ മക്കൾ എന്ന നിലയിൽ നമ്മുടെ ദൗത്യവും മഹത്വവും ഉൾക്കൊള്ളുകയും നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിൽ ഉയർത്തുകയും പരിശുദ്ധ ദൈവമക്കളായിരിക്കാനുള്ള നമ്മുടെ ആഗ്രഹം ഉറപ്പിക്കുകയും ചെയ്യാം.

(നിശബ്ദത)

L. സ്നേഹപിതാവേ നമ്മുടെ ഹൃദയങ്ങളേയും കുടുംബങ്ങളേയും സമൂഹത്തേയും സമുദായത്തേയും പുതുക്കേണമേ.

A. അങ്ങയുടെ സകല ജനതകളേയും ക്രിസ്തുവിൽ ഏകീകരിക്കുകയും പരിശുദ്ധരാക്കുകയും ചെയ്യേണമേ.

L. ജീവജലമേ, പരിശുദ്ധിക്കും സംസർഗ്ഗത്തിനും സ്നേഹത്തിനും മഹത്വത്തിനുമുള്ള സമൂഹത്തിൽ നിലനില്ക്കുന്ന ദാഹം ശമിപ്പിക്കേണമേ.

A. അങ്ങയുടെ സകല ജനതകളേയും ക്രിസ്തുവിൽ ഏകീകരിക്കുകയും പരിശുദ്ധരാക്കുകയും ചെയ്യേണമേ.

L. പരിശുദ്ധാത്മാവേ, സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ആത്മാവേ, ധനവും അധികാരവും ദുർവിനിയോഗം ചെയ്തതുവഴി ഉണ്ടായ ഭിന്നിപ്പ് സുഖപ്പെടുത്തേണമേ. വിവിധ ഭാഷകളേയും സംസ്കാരങ്ങളേയും ഐക്യപ്പെടുത്തേണമേ. ദൈവ മക്കളായി ഞങ്ങളെ ഏകീകരിക്കേണമേ.

A. അങ്ങയുടെ സകല ജനതകളേയും ക്രിസ്തുവിൽ ഏകീകരിക്കുകയും പരിശുദ്ധരാ ക്കുകയും ചെയ്യേണമേ.

L. സ്നേഹത്തിന്റെ തൃത്വകമേ, ഞങ്ങളെ അന്ധകാരത്തിൽ നിന്നും മഹത്തായ പ്രകാശത്തിലേക്ക് നയിക്കേണമേ.

A. അങ്ങയുടെ സകല ജനതകളേയും ക്രിസ്തുവിൽ ഏകീകരിക്കുകയും പരിശുദ്ധരാക്കുകയും ചെയ്യേണമേ.

L. കർത്താവായ യേശുക്രിസ്തുവെ, ജ്ഞാനസ്നാനം വഴി ഒന്നായ നമ്മൾ, അങ്ങ് ഞങ്ങളെ പഠിപ്പിച്ച വചനങ്ങൾ ഞങ്ങളുടെ പ്രാർത്ഥനയോടു ചേർത്തുവയ്ക്കുന്നു.

A. സ്വർഗ്ഗസ്ഥനാ ഞങ്ങളുടെ.......

## VII. സമാധാനം പങ്കിടുന്നു

L. യേശു പറയുന്നു : നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. അങ്ങയുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുന്നതിനും അങ്ങയുടെ സൽപ്രവൃത്തികൾ അവർ കാണുന്നതിനും നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. ഭൂമിയുടെ ഉപ്പായിരിക്കുക. ലോകത്തിന്റെ പ്രകാശമായിരിക്കുക.

A. അങ്ങയോടു കൂടെയും

L. നമുക്ക് പരസ്പരം സമാധാനം ആശംസിക്കാം.

## VIII. അനുഗ്രഹവും വേർപിരിയലും

L. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ

കരുണയുള്ളവർ ഭാഗ്യവാന്മാർ
ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ
സമാധാന സ്ഥാപകർ ഭാഗ്യവാന്മാർ
പീഠനമേൽക്കുന്നവർ ഭാഗ്യവാന്മാർ
പിതാവും പുത്രനും പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കട്ടെ

A. Amen

L. ദൈവത്തിന്റെ സമാധാനത്തിൽ പോവുക

A. ആമേൻ.

**ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട്**
ചെയർമാൻ
കെസിബിസി കമ്മീഷൻ ഫോർ ഡയലോഗ് ആന്റ് എക്യുമെനിസം



# രൂപതക്കച്ചേരി

## C. 1/16 പുതുവത്സരാശംസകൾ

ഏവർക്കും ആഗതമായിരിക്കുന്ന പുതുവത്സരത്തിന്റെ എല്ലാവിധ ആശംസകളും അർപ്പിക്കുന്നു. ഐശ്വര്യപൂർണ്ണവും സമാധാന പൂർവ്വകവുമായ ജീവിതം എല്ലാവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

Bishop

## C. 2/16 നിത്യാരാധന ചാപ്പൽ

അടിമാലി മോർണിങ്ങ് സ്റ്റാർ ആശുപത്രിക്കു സമീപം ആദ്യത്തെ സെന്റ് ജൂഡ് ഇടവകദൈവാലയം നിലനിന്നിരുന്ന രൂപതാവക സ്ഥലത്ത് നിർമ്മിച്ചുകൊണ്ടിരുന്ന നിത്യാരാധന ചാപ്പലിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ജനുവരി മാസം 14-ാം തീയതി വ്യാഴാഴ്ച ഈ ദൈവാലയത്തിന്റെ കൂദാശയും, അതിനോടനുബന്ധിച്ചുള്ള ദൈവമാതാ ആശ്രമ സിസ്റ്റേഴ്സിന്റെ മഠം വെഞ്ചരിപ്പും നടത്തുന്നു. ഈ അവസരത്തിലേക്കും, തുടർന്നും നിത്യാരാധന ചാപ്പലിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു. കാരുണ്യവർഷത്തിൽ നമ്മൾ തുടക്കം കുറിക്കുന്ന ദിവ്യകാരുണ്യ ആരാധനയും, അവിടെ നിന്നുയരുന്ന നിരന്തര പ്രാർത്ഥനയും നമുക്കും ലോകം മുഴുവനും ധാരാളം ദൈവാനുഗ്രഹം ലഭിക്കുവാൻ കാരണമാകട്ടെ.

Bishop

## C. 3/16 കാരുണ്യവർഷവും ഭവനനിർമ്മാണവും

കാരുണ്യവത്സരത്തിൽ ഇടുക്കി രൂപതയിൽ നടപ്പാക്കേണ്ട കർമ്മപദ്ധതികളെക്കുറിച്ച് സംഘടനാ ഭാരവാഹികളുടെ യോഗത്തിലും, രൂപതാ പ്രസ്ബിറ്ററൽ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ യോഗങ്ങളിലും ആലോചിക്കുകയും ഓരോ സംഘടനയ്ക്കും നടപ്പാക്കാൻ സാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളും

ഭവനരഹിതരും ഏറ്റവും അർഹതയുള്ളവരുമായ ഏതാനും കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നത് വലിയ ഒരു കാരുണ്യപ്രവൃത്തിയായിരിക്കും. ഈ കാരുണ്യവർഷത്തിൽ ഒരു ഭവനമെങ്കിലും നിർമ്മിച്ചു നൽകാത്ത ഒരു ഇടവകയും നമ്മുടെ രൂപതയിൽ ഉണ്ടാകാതിരിക്കട്ടെ. ഇതിലേക്കായി സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഇടവകകൾക്ക്, വ്യവസ്ഥകൾക്ക് വിധേയമായി ചെറിയ സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്ക് വികാരിയച്ചൻമാർ രൂപതാ കേന്ദ്രവുമായി ബന്ധപ്പെടുക.

Bishop

### C. 4/16 സീറോ മലബാർ പ്രേഷിതവാരം

സീറോ മലബാർ സഭാതനയർ മിഷൻ പ്രവർത്തനങ്ങളിൽ കൂടുതൽ ഭാഗഭാക്കുകളാകുന്നതിനുവേണ്ടി 2016 ജനുവരി 6–12 വരെ പ്രേഷിതവാരം ആചരിക്കുന്നു. മിഷൻ രൂപതകളിലെ പ്രേഷിത പ്രവർത്തനങ്ങളെ എല്ലാ വിധത്തിലും സഹായിക്കുവാൻ നമുക്ക് കടമയുണ്ട്. ഇതിനോടകം ഇടവകകളിൽ എത്തിച്ചിരിക്കുന്ന പ്രേഷിതവാര പ്രാർത്ഥനാ കാർഡുകൾ എല്ലാ ഭവനങ്ങളിലും നൽകുകയും ജനുവരി 6–12 വരെയുള്ള ദിവസങ്ങളിൽ ഈ പ്രാർത്ഥന കുടുംബങ്ങളിലും ഇടവക ദൈവാലയങ്ങളിലും എല്ലാ സന്യാസഭവനങ്ങളിലും ചൊല്ലുകയും ചെയ്യണം. സീറോ മലബാർ മിഷൻ ഞായറായ ജനുവരി 10–ാം തീയതി ഈ നിയോഗാർത്ഥം പ്രത്യേക പിരിവു നടത്തി ലഭിക്കുന്ന തുക രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

Bishop

### C. 5/16 വാർഷിക റിപ്പോർട്ട്

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടിനുള്ള ഫോറങ്ങൾ ഈ ലക്കം സഹ്യനാദത്തോടൊപ്പം അയയ്ക്കുകയാണ്. ബന്ധപ്പെട്ടവർ ഇവ കൃത്യമായി പൂരിപ്പിച്ച് ഫെബ്രുവരി 29 നകം അതാതു ഫൊറോനാ വികാരിമാരെ ഏൽപ്പിക്കേണ്ടതാണ്. റിപ്പോർട്ടിൽ വിവരങ്ങൾ കഴിയുന്നത്ര കൃത്യമായി ചേർക്കുമല്ലോ.



### C. 6/16 മാർ മാത്യു പോത്താനാമുഴി പിതാവിന്റെ ചരമവാർഷികം

മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം 2015 ഫെബ്രുവരി 6–ാം തീയതി അനുസ്മരിക്കുകയാണ്. പിതാവിന്റെ ആത്മശാന്തിക്കായി അന്നേദിവസം പ്രത്യേക അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

### C. 7/16 സഭൈക്യ വാരം

2015 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി സാർവ്വത്രികസഭയിൽ ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സഭൈക്യവാരം ഉചിതമായി ആചരിക്കേണ്ടതാണ് (Propria Vol.I, P.P 286 ff കാണുക).

### C. 8/16 Monthly Recollection for Priests

ജനുവരി മാസത്തെ പഠനവിഷയം: കാരുണ്യത്തിന്റെ മുഖം (MISERICORDIAE VULTUS - കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന) 1 – 5 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

### C. 9/16 തിരുനാൾ ആശംസകൾ

| | |
|---|---|
| ഫാ. കുര്യാക്കോസ് മറ്റം | – ജനുവരി 3 |
| ഫാ. കുര്യൻ കുര്യാസ് | – ,, |
| ഫാ. കുര്യാക്കോസ് ആറക്കാട്ട് | – ,, |
| ഫാ. കുര്യൻ പൊടിപാറയ്ക്കൽ | – ,, |
| ഫാ. കുര്യാക്കോസ് കാരയ്ക്കാട്ട് | – ,, |
| ഫാ. സെബാസ്റ്റ്യൻ വടക്കേൽ | – ജനുവരി 20 |
| ഫാ. സെബാസ്റ്റ്യൻ മേലേട്ട് | – ,, |
| ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ അമ്പാട്ടുകുന്നേൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ മത്തിശ്ശേരിൽ | – ,, |

## സമർപ്പിത വർഷം

**C. 9/16 സമർപ്പിതവർഷ സമാപനം**

സമർപ്പിതവർഷത്തിന്റെ ഇടുക്കി രൂപതാതല സമാപനം 2016 ജനുവരിമാസം 26-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ സമർപ്പിതസംഗമത്തോടും, റാലിയോടും, അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള വി. കുർബാനയോടുംകൂടി നടത്തപ്പെടുന്നു. നമ്മുടെ രൂപതയിൽ ശുശ്രൂഷചെയ്യുന്ന എല്ലാ സമർപ്പിതരേയും വൈദീകരേയും സമർപ്പിതവർഷ സമാപനപരിപാടിയിലേക്ക് ക്ഷണിക്കുന്നു.

## മൈനർ സെമിനാരി

**MS. 1/16 ക്രിസ്റ്റീൻ ധ്യാനം**

**"കൗദാശിക ജീവിതത്തിലൂടെ ക്രിസ്തുവിലേക്ക്"**

5-12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇടുക്കി രൂപതാ ദൈവശാസ്ത്ര വൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അവധിക്കാലത്ത് ഇടവകകളിൽ ത്രിദിനധ്യാനം സംഘടിപ്പിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരുടെയും സ്നേഹപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. ധ്യാനം നടത്തുവാൻ താല്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

റവ. ഫാ. സെബാസ്റ്റ്യൻ മഠത്തിശ്ശേരിൽ - 9495769146
ബ്ര. ജോയ്സ് കൊച്ചീത്തറ - 9497352643



## ക്രിസ്തുജ്യോതി

**CJ. 1/16 എ, ബി ഫോമുകൾ**

S.S.C., H.C.C സ്കോളർഷിപ്പ് പരീക്ഷകളുടെ എ,ബി ഫോമുകൾ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ട അവസാന തിയതി ജനുവരി 10 ആണ്.

**CJ. 2/16 മതാധ്യാപകരുടെ സ്റ്റഡി ഫോറവും പ്രാർത്ഥനാ ദിനവും**

മതാധ്യാപകരുടെ സ്റ്റഡി ഫോറവും പ്രാർത്ഥനാ ദിനവും (താലന്ത് ഡിസംബർ ലക്കം) നടത്തേണ്ടത് ജനുവരി 17 ന് ആണ്.

**CJ. 3/16 ഇടവക വിഹിതം**

2015-16 പ്രവർത്തന വർഷത്തെ ഇടവക വിഹിതം ഇനിയും തന്നിട്ടില്ലാത്ത ഇടവകകൾ ജനുവരി 30ന് മുമ്പായി തുക തന്നു തീർക്കുമല്ലോ.

**CJ. 4/16 സുവിശേഷോത്സവ് 2016**

സൺഡേ സ്കൂൾ കുട്ടികൾക്കായുള്ള സുവിശേഷോത്സവ് ക്ലാസ്സുകൾ ഏപ്രിൽ 4 മുതൽ 8 വരെ തിയതികളിലായിരിക്കും.

**CJ. 5/16 ലോഗോസ് ക്വിസ് 2015**

ലോഗോസ് ക്വിസ് 2015 സംസ്ഥാനതല മത്സരത്തിൽ F വിഭാഗത്തിൽ സി. ആനി ഡോൺ S.H. മച്ചിപ്ലാവ് മൂന്നാം റാങ്ക് കരസ്ഥമാക്കി. ബഹു. സിസ്റ്റർ ആനി ഡോണിന് ക്രിസ്തു ജ്യോതിയുടെ അഭിനന്ദനങ്ങൾ.

**CJ. 6/16 സമ്മാനമായി 'യൂകാറ്റ്' നൽകുക**

പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞ് ജീവിത പന്ഥാവിലെ വിവിധ തുറകളിലേക്ക് ചേക്കേറുന്ന നമ്മുടെ യുവതീയുവാക്കൻമാർ നേരിടുന്ന വിശ്വാസ പ്രതിസന്ധികൾക്ക് സഭയുടെ ഉത്തരവും പ്രബോധനവും എന്നും കൂടെ ഉണ്ടാവണമെന്നത് നമ്മുടെ ആഗ്രഹ

മാണല്ലോ. പന്ത്രണ്ടാം ക്ലാസ്സിലെ ബ്ലസ്സിംഗ് സെറിമണിയോടനുബന്ധിച്ചോ അല്ലാതെയോ 'യൂകാറ്റ്'( Rs.200/-) കുട്ടികളെ പരിചയപ്പെടുത്തി ഒരാൾക്ക് ഒരു 'യൂകാറ്റ്' വീതം സമ്മാനമായോ അല്ലാതെയോ ലഭ്യമാക്കാനും എവിടെപ്പോയാലും വി. ഗ്രന്ഥത്തോടൊപ്പം ഈ ഗ്രന്ഥവും ഒപ്പം കൊണ്ടുപോകാനും ഉപയോഗിക്കാനും പഠിപ്പിച്ചാൽ അത് വലിയൊരു സഹായമായിരിക്കും. ഇതിനോടകം 'യൂകാറ്റ്' കുട്ടികൾക്ക് സ്വന്തമായുണ്ടെങ്കിൽ പകരം - 'സീറോ-മലബാർ സഭയുടെ ആരാധനക്രമ വിശ്വാസ പരിശീലനം' എന്ന ഗ്രന്ഥം (Rs.130/-) ഇതിലേക്കായി നിർദ്ദേശിക്കുന്നു.

### CJ. 7/16 'സൺഡേ സ്കൂൾ ടൈംസ്' മത്സരഫലം

മതാധ്യാപകരുടെ കൂട്ടായ്മയും സർഗ്ഗാത്മകതയും പ്രകടിപ്പിക്കുവാനായി ക്രിസ്തുജ്യോതി പ്രഥമമായി നടത്തിയ 'സൺഡേ സ്കൂൾ ടൈംസ്' മത്സരത്തിന് ലഭിച്ച ആവേശോജ്വലമായ പ്രതികരണത്തിന് നന്ദി. പങ്കെടുത്ത എല്ലാ സൺഡേ സ്കൂളു കൾക്കും അഭിനന്ദനങ്ങൾ. മത്സരഫലം താഴെ ചേർക്കുന്നു:

**ഒന്നാം സ്ഥാനം രണ്ട് സൺഡേ സ്കൂളുകൾക്ക്**

'വിശ്വാസ ജ്വാല' - ചെമ്മണ്ണാർ സൺഡേ സ്കൂൾ
'അന്തോണിയൻ വോയ്സ്'- കാമാക്ഷി സൺഡേ സ്കൂൾ

**രണ്ടാം സ്ഥാനം രണ്ട് സൺഡേ സ്കൂളുകൾക്ക്**

'കാൽവരി നാദം' - കാൽവരി മൗണ്ട് സെന്റ് ജോർജ് സൺഡേ സ്കൂൾ
'മരിയൻ വോയ്സ്'- പെരിഞ്ചാംകുട്ടി

**മൂന്നാം സ്ഥാനം മൂന്ന് സൺഡേ സ്കൂളുകൾക്ക്**

'ഗ്യാ ഡേറ്റ് 2015' - കുതിരക്കല്ല് സെന്റ് ജൂഡ് സൺഡേ സ്കൂൾ
'സാന്തോം വോയ്സ്' - ഇരട്ടയാർ സെന്റ് തോമസ് സൺഡേ സ്കൂൾ
'ഫ്ളാമ്മാ അമോറിസ്'- കീരിത്തോട്.

### CJ. 8/16 +1 & +2 ടീച്ചേഴ്സ് സംഗമവും പാഥേയ ജ്യോതിയും

വിശ്വാസ പരിശീലനത്തിലെ പ്രധാനപ്പെട്ടതും നിർണ്ണായകവുമായ XI, XII ക്ലാസുകളിലെ വിശ്വാസ പരിശീലകർക്കും



അവരിലൂടെ കുട്ടികളുടെ മാതാപിതാക്കൾക്കും തങ്ങളുടെ ദൗത്യം ശ്രദ്ധാപൂർവ്വം നിർവ്വഹിക്കുവാനുള്ള പരിശീലനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ക്ലാസ് തിരിച്ച് രണ്ട് പരിശീലന സംഗമങ്ങൾ അടിമാലി ആത്മജ്യോതിയിൽ നടത്തുന്നു. ജനുവരി 23-ാം തീയതി ശനിയാഴ്ച 10.00 a.m. മുതൽ 3.00 p.m. വരെ XI-ാം ക്ലാസിലെയും ജനുവരി 26-ാം തീയതി ചൊവ്വാഴ്ച 10.00 a.m. മുതൽ 3.00 p.m. വരെ XII-ാം ക്ലാസിലെയും വിശ്വാസ പരിശീലകർക്ക് ട്രെയിനിംഗ് നൽകുന്നു. ഈ ക്ലാസുകളിലെ എല്ലാ വിശ്വാസ പരിശീലകരും നിർബന്ധമായും പങ്കെടുക്കുമല്ലോ.

10.00 a.m. ന് രജിസ്ട്രേഷൻ. രജിസ്ട്രേഷൻ ഫീസ് Rs. 50/-

## CORPORATE EDUCATIONAL AGENCY

### Edn. 1/16 അധ്യാപക-അനധ്യാപക സംഗമം

ഈ വർഷത്തെ അധ്യാപക-അനധ്യാപക സംഗമം 2016 ഫെബ്രുവരി 13 ന് വെള്ളയാംകുടി സെന്റ് ജോർജ്സ് ഓഡിറ്റോറിയത്തിൽ നടത്തുന്നതാണ്. അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനം സുപ്രീംകോടതി ജസ്റ്റിസ് ശ്രീ. കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. ഈ സമ്മേളനത്തിൽ എല്ലാ അധ്യാപക-അനധ്യാപകരും പങ്കെടുക്കത്തക്ക രീതിയിൽ അവരുടെ പ്രോഗ്രാം ക്രമീകരിക്കേണ്ടതാണ്.

### Edn. 2/16 സ്ഥലംമാറ്റ അപേക്ഷ

അടുത്ത അധ്യയനവർഷം സ്കൂൾ സ്ഥലം മാറ്റം ആഗ്രഹിക്കുന്ന അധ്യാപക-അനധ്യാപകർ ജനുവരി 31 ന് മുമ്പ് അതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ Online-ൽ സമർപ്പിച്ചാൽ മതിയാകുന്നതാണ്.

### Edn. 3/16 HSA- HM പ്രൊമോഷൻ

നമ്മുടെ അധ്യാപകരിൽ, HSA ആയും, Headmaster ആയും പ്രൊമോട്ടുചെയ്യപ്പെടുവാൻ യോഗ്യരായ അധ്യാപകർ 2016 ജനു

വരി 31 ന് മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ Online ആയി സമർപ്പിച്ചാൽ മതിയാകും (അപേക്ഷകൾക്ക് രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ വെബ്സൈറ്റ് സന്ദർശിക്കുക).

**Edn. 4/16 മത്സര പരീക്ഷകൾ**

അക്കാഡമിക് കൗൺസിൽ രൂപതാതല മത്സരം 2016 ജനുവരി 18 ന് നടത്തുന്നതാണ്. സ്കൂൾതല മത്സര പരീക്ഷയിൽ 1-3 വരെ സ്ഥാനം കിട്ടിയവർക്കാണ് രൂപതാതല മത്സരപരീക്ഷയിൽ പങ്കെടുക്കുവാനുള്ള അർഹത. ഈ മത്സരപരീക്ഷയിൽ പങ്കെടുക്കുവാനുള്ള കുട്ടികളുടെ പേരുവിവരം നിശ്ചിത ഫോറത്തിൽ, പ്രഥമാധ്യാപകർ 2016 ജനുവരി 25 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. രൂപതാതല പരീക്ഷ 2016 ഫെബ്രുവരി 8 തിങ്കളാഴ്ച നടത്തുന്നതാണ്.

വേദപാഠം, സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷ 2016 ജനുവരി 15 നു നടത്തുമെന്ന് അറിയിച്ചിരുന്നെങ്കിലും അന്നേദിവസം പൊങ്കൽ പ്രമാണിച്ച് ഇടുക്കി അടക്കം ചില ജില്ലകളിലെ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ഈ പരീക്ഷകൾ മറ്റൊരു ദിവസം നടത്തുന്നതാണ്. നിശ്ചിത തീയതി ജനുവരി 11 ന് നമ്മുടെ Website - ൽ പ്രസിദ്ധീകരിക്കുന്നതാണ്.

**Edn. 5/16 സ്കൂൾ സന്ദർശനം**

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നമ്മുടെ സ്കൂളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും റിപ്പോർട്ടുകൾ പരിശോധിക്കുവാനും രൂപതാ ഓഫീസിൽ നിന്നുമുള്ള ടീം എത്തുന്നതാണ്. സന്ദർശന സമയത്ത് ഓഫീസ് റെക്കോഡുകൾ കൃത്യമായും സമർപ്പിക്കേണ്ടതാണ്.

**Edn. 6/16 അധ്യാപക-അനധ്യാപക അവാർഡ്**

ഈ അധ്യായന വർഷത്തെ അവാർഡിന് പരിഗണിക്കേണ്ട അധ്യാപക-അനധ്യാപകരുടെ പേരുകൾ വിശദമായ റിപ്പോർട്ടു സഹിതം ജനുവരി 31 ന് മുമ്പ് രൂപതാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ടിന്റെ മാതൃക ഏജൻസിയുടെ വെബ്സൈറ്റിൽ ലഭിക്കും. ബഹു. വികാരിയച്ചന്മാർ അർഹരായവരുടെ പേരുവിവരം യഥാസമയം നിർദ്ദേശിച്ചു സഹകരിക്കണമേ.



# സോഷ്യൽ സർവ്വീസ്

**SS 1/16 സെൻട്രൽ കമ്മറ്റി**

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ സെൻട്രൽ കമ്മറ്റി നവംബർ മാസം 22-ാം തിയതി എച്ച്.ഡി.എസ്. ഓഫീസിൽ വച്ച് പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. എച്ച്.ഡി.എസിന്റെ വിവിധ പദ്ധതികൾ വിശദീകരിക്കുകയും ക്രെഡിറ്റ് യൂണിയൻ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**SS 2/16 മത്സ്യകൃഷി പരിശീലനം**

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയുമായി (MPEDA) സഹകരിച്ച് കൊച്ചി ആസ്ഥാനമായ ജലകൃഷി വിഭാഗത്തിന്റെ നേതൃത്വത്തിൽ ശുദ്ധജല കൊഞ്ചുകൃഷി, ജൈവ ജലകൃഷി, ജലകൃഷിയിൽ വൈവിധ്യവൽക്കര ണത്തിന്റെ ആവശ്യകത എന്നീ വിഷയങ്ങളിൽ രാജക്കാട് എൽ.പി. സ്കൂളിൽ നവംബർ മാസം 24 -ാം തിയതി നടന്ന 3 ദിവസത്തെ പരിശീലന പരിപാടി രാജാക്കാട് ക്രിസ്തുരാജാ ഫൊറോന ചർച്ച് വികാരി റവ. ഫാ. അബ്രാഹം പുറയാറ്റ് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. ഷാജി, ഫീൽഡ് സൂപ്പർവൈസർ ശ്രീമതി മഞ്ജുഷ കെ. എന്നിവർ നേതൃത്വം നൽകി. പരിശീലന പരിപാടിയിൽ പങ്കെടുത്ത 26 പേർക്കും ദിവസം 250 രൂപാവീതം സ്റ്റൈഫന്റും പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

**SS 3/16 ഡിബേറ്റ്**

എച്ച്.ഡി.എസ്സിന്റെ നേതൃത്വത്തിലുള്ള SPED III പ്രോഗ്രാമിന്റെ ഭാഗമായി നെടുങ്കണ്ടം ഹോളി ക്രോസ് പബ്ലിക് സ്കൂളിൽ നവംബർ 26-ാം തീയതി ഡിബേറ്റ് മത്സരം സംഘടിപ്പിച്ചു. 'നിയമ സംരക്ഷണം മനുഷ്യനോ അതോ മൃഗങ്ങൾക്കോ' എന്ന വിഷയത്തെ

ആസ്പദമാക്കി നടത്തിയ ഡിബേറ്റിൽ 5 ടീമുകൾ പങ്കെടുത്തു. നെടുങ്കണ്ടം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഒന്നാം സ്ഥാനവും, ഹോളി ക്രോസ് ഹയർ സെക്കണ്ടറി സ്കൂൾ രണ്ടാം സ്ഥാനവും പോളിടെക്നിക് കോളേജ് നെടുങ്കണ്ടം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഒന്നാം സ്ഥാനത്തിന് അർഹരായവർക്ക് 1501 രൂപയും ട്രോഫിയും, രണ്ടാം സ്ഥാനത്തിന് അർഹരായവർക്ക് 1001 രൂപയും ട്രോഫിയും, മൂന്നാം സ്ഥാനത്തിന് അർഹരായവർക്ക് 751 രൂപയും ട്രോഫിയും, പങ്കെടുത്ത എല്ലാ ടീമുകൾക്കുംസർട്ടിഫിക്കറ്റുകളും എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ വിതരണം ചെയ്തു.

## SS 4/16 ലോക വികലാംഗ ദിനാചരണം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചെറുതോണി ലയൺസ് ക്ലബ്ബും, ഹോപ് ചാരിറ്റബിൾ ട്രസ്റ്റ് ഇടുക്കിയും സംയുക്തമായി ഡിസംബർ 3-ാം തിയതി കരിമ്പൻ സെന്റ് മേരീസ് പാരിഷ്ഹാളിൽ ലോകവികലാംഗ ദിനംആചരിച്ചു. ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗം ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കൊച്ചുത്രേസ്യ പൗലോസ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ലയൺസ് ക്ലബ്ബ് പ്രസിഡന്റ് ശ്രീ. ജയിൻ അഗസ്റ്റ്യൻ, ഹോപ് ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറി ശ്രീ. പി. രാജൻ, വൈസ് പ്രസിഡന്റ് ശ്രീ. സാജൻ കുന്നേൽ, ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, തീരം പ്രോഗ്രാം കോർഡിനേറ്റർ റവ. ഫാ. ജോസ് കാവുങ്കൽ, കരിമ്പൻ പള്ളി വികാരി റവ. ഫാ. ഫ്രാൻസീസ് അമ്പലത്തുങ്കൽ, തീരം രൂപതാ പ്രസിഡന്റ് ശ്രീ. ജോബ് കലമറ്റത്തിൽ, ശ്രീ. എബിൻ കുറുന്താനം, കുമാരി ഷീനാലിസ് മാത്യു എന്നിവർ ആശംസകളർപ്പിച്ചു.

HDS ന്റെ കീഴിലുള്ള ഭിന്നശേഷിയുള്ളവരുടെ സംഘടനയായ തീരത്തിലെ 150 അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു. HDS ന്റെ ലില്ലിയൻ ഫ്രണ്ട്സ് പ്രോജക്ടിൽ ഉൾപ്പെട്ട ഭിന്നശേഷിയുള്ള കുട്ടികൾ നിർമ്മിച്ച കാർട്ടൂൺ കോമിക് പുസ്തക പ്രകാശനം 'Little Thoughts' ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിർവ്വഹിച്ചു.



സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ റിട്ടയേർഡ് റീജണൽ ഓഫീസർ ശ്രീ. വി. വിജയകുമാർ ഭിന്നശേഷിയുള്ളവർക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും അവരുടെ അവകാശങ്ങളും വിശദീകരിച്ചു. വൈകല്യങ്ങളെ അതിജീവിച്ച് പ്രശസ്തിനേടിയ അഞ്ജുറാണി റോയി അനുഭവങ്ങൾ പങ്കുവച്ചു. വിവിധ കലാപരിപാടികളും നടത്തി.

## SS 5/16 മുട്ടക്കോഴിക്കുഞ്ഞ് വിതരണം

എച്ച്.ഡി.എസ്സിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 1040 കോഴിക്കുഞ്ഞുങ്ങളെ കുഞ്ചിത്തണ്ണി, വെള്ളത്തൂവൽ, പാറത്തോട്, ഇരട്ടയാർ എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

## SS 6/16 ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടി

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെയും, സെന്റർ ഫോർ എൻവയൺമെന്റ് ആന്റ് ഡെവലെപ്മെന്റിന്റെയും സാങ്കേതിക സാമ്പത്തിക സഹായത്തോടെ 'ഊർജ്ജ കിരൺ 2015 – 2016' എന്ന പേരിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടി മറയൂർ കൂടയ്ക്കാട്ടുകുടി ഗിരിജ്യോതി ട്രൈബൽ എൽ.പി. സ്കൂളിൽ ഡിസംബർ 18 ന് നടത്തി. മറയൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഉഷാ ഹെന്റ്രിഅദ്ധ്യക്ഷത വഹിച്ച മീറ്റിംഗിന് റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ സ്വാഗതം ആശംസിച്ചു. മറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോമോൻ തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. വാർഡ് മെമ്പർ ശ്രീമതി ദീപാ അരുൾ ജ്യോതി മുഖ്യപ്രഭാഷണം നടത്തി. ഇടുക്കി എനർജി കൺസർവേഷൻ സൊസൈറ്റി സെക്രട്ടറി ശ്രീ. ശശി ബി. മറ്റം ഊർജ്ജ കാര്യശേഷിയും സംരക്ഷണവുംഎന്ന വിഷയത്തെപ്പറ്റി ക്ലാസ് നയിച്ചു. ശ്രീ. സിജോ, കുമാരി മായാദേവി, ഗിരിജ്യോതി ട്രൈബൽ എൽ.പി. സ്കൂൾ ടീച്ചേഴ്സ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## SS 7/16 തേനീച്ച വളർത്തൽ പരിശീലനം

എച്ച്.ഡി.എസ്സിന്റെ സാമ്പത്തിക സഹായത്തോടെഇടുക്കി ജില്ലയിലെ ട്രൈബൽസിനായി തേനീച്ച വളർത്തൽ പരിശീലന

പരിപാടി നടത്തി. ഡിസംബർ 7, 10, 19 എന്നീ തീയതികളിൽ യഥാക്രമം വെണ്മണിയിലും, കഞ്ഞിക്കുഴിയിലും മൂന്ന് പരിശീലന പരിപാടികൾ നടത്തി. ആകെ 122 പേർ പങ്കെടുത്ത ഈ പരിശീലന പരിപാടികൾക്ക് ഹൈറേഞ്ച് തേനീച്ചപരിശീലന കേന്ദ്രം ഡയറക്ടർ ശ്രീ. രാജു നേതൃത്വം നൽകി.

**SS 8/16 ചെന്നൈ ദുരിതാശ്വാസം**

കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ച് ചെന്നൈ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് 12,000 ലിറ്റർ കുടിവെള്ളം എത്തിക്കുന്നതിന് ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി സഹായിച്ചു.

## ചെറുപുഷ്പ മിഷൻലീഗ്

**CML 1/16 ഓർമ്മിക്കാൻ**

**ജനുവരി 2016**

01 വെള്ളി - പുതുവർഷാരംഭം
02 ശനി - വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ
03 ഞായർ - ശാഖാസന്ദർശനം
10 ഞായർ - ശാഖാസന്ദർശനം
16 ശനി - ജോയിന്റ് ഡയറക്ടേഴ്സ് സംഗമവും നവവൈദികർക്ക് സ്വീകരണവും
17 ഞായർ - ശാഖാസന്ദർശനം
23 ശനി - കൈയെഴുത്ത് മാസികാ മത്സരം
24 ഞായർ - ശാഖാ സന്ദർശനം
31 ഞായർ - ശാഖാ സന്ദർശനം

**CML 2/16 സമർപ്പിത സംഗമവും ജോയിന്റ് ഡയറക്ടേഴ്സ് മീറ്റും**

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ നവവൈദികർക്ക് സ്വീകരണവും, സമർപ്പിതസംഗമവും, ജോയിന്റ്



ഡയറക്ടേഴ്സ് മീറ്റും നടത്തുന്നു. സമർപ്പിതസംഗമം ജനുവരി 26-ാം തിയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കത്തീഡ്രൽ പള്ളിയിൽ നടത്തുന്നു. എല്ലാ ശാഖാ, മേഖലാ ജോയിന്റ് ഡയറക്ടർ സിസ്റ്റേഴ്സും ഈ സംഗമത്തിൽ പങ്കെടുക്കുമല്ലോ. അന്നേ ദിവസം ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന ഉണ്ടായിരിക്കും.

**CML 3/16 യാത്രയയപ്പും രൂപതാ എക്സിക്യൂട്ടീവും**

കഴിഞ്ഞ ആറുമാസക്കാലം സി.എം.എൽ. രൂപതാ ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്ത ബ്രദർ അമൽ മണിമലക്കുന്നേലിന് നവം. 22-ാം തീയതി ഞായറാഴ്ച കൂടിയ രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ വച്ച് യാത്രയയപ്പ് നൽകി.തുടർന്ന് പുതുതായി ഓഫീസ് സെക്രട്ടറിയായി ചാർജ് ഏറ്റെടുത്ത ബ്രദർ സാൻജോ കൊച്ചുപറമ്പിലിന് സ്വീകരണവും നൽകി.

**CML 4/16 കൈയെഴുത്ത് മാസിക മത്സരം**

CML ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ജനുവരിമാസം 23-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ രൂപതയിലെ അഞ്ചു സെന്ററുകളിൽ കൈയെഴുത്ത് മാസിക മത്സരം നടത്തുന്നു. നിബന്ധനകൾ മാർഗ്ഗരേഖയിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

സെന്ററുകൾ - നെടുങ്കണ്ടം, വെള്ളയാംകുടി, വാഴത്തോപ്പ്, മുരിക്കാശ്ശേരി, അടിമാലി.

## കെ.സി.എസ്.എൽ.

**KCSL 1/16 ക്രിസ്തുമസ് പുതുവത്സരാശംസകൾ**

എല്ലാ അംഗങ്ങൾക്കും കെ.സി.എസ്.എൽ. കുടുംബത്തിന്റെ ക്രിസ്തുമസ് പുതുവത്സരാശംസകൾ.

## KCSL 2/16 സംസ്ഥാന കലോത്സവം

കെ.സി.എസ്.എൽ. ശതാബ്ദി സംസ്ഥാന കലോത്സവം ജനുവരി 8, 9 തിയതികളിൽ ഇരിങ്ങാലക്കുടയിൽ നടത്തപ്പെടുന്നു. രൂപതയിൽ നിന്ന് സംസ്ഥാനതലത്തിലേക്ക് അർഹരായ കുട്ടികളെ ശതാബ്ദി വർഷത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഒരുക്കുവാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

## KCSL 3/16 ശാഖാ റിപ്പോർട്ടുകൾ

ശാഖാ റിപ്പോർട്ടുകൾ ജനുവരി 4 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.എൽ.പി., യൂ.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങൾക്കായി പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കണം. ഇതിലേക്കായി പ്രത്യേകിച്ച് ഫോം ഒന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല. ഫോട്ടോയും മറ്റും ഉൾപ്പെടുത്തി റിപ്പോർട്ടുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കുമല്ലോ.

## KCSL 4/16 ശതാബ്ദിവർഷ അദ്ധ്യാപക അവാർഡ്

ശതാബ്ദി വർഷത്തിൽ കെ.സി.എസ്.എൽ. യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാന ത്തിൽ പ്രശസ്തിപത്രവും, ക്യാഷ് അവാർഡും നൽകുന്നു. സ്കൂൾ മാനേജർ, പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ എന്നിവർ നാമനിർദ്ദേശം നൽകുന്ന അദ്ധ്യാപകരെയാണ് അവാർഡിനായി തെരഞ്ഞെടുക്കുന്നത്. ജനുവരി 15 നു മുമ്പ് അപേക്ഷകൾ നൽകാൻ ശ്രദ്ധിക്കുമല്ലോ.

## KCSL 5/16 കിഡ്സ് കലോത്സവം

കെ.സി.എസ്.എൽ. എൽ.പി. വിഭാഗത്തിലുള്ള കുട്ടികൾക്കായി ഫെബ്രുവരി 6 ശനിയാഴ്ച്ച 5 റീജിയൺ കേന്ദ്രങ്ങളിലായി കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. പ്രസംഗം, കഥപറച്ചിൽ, ലളിതഗാനം, കെ.സി.എസ്.എൽ. ആന്തം എന്നീ 4 മത്സരങ്ങളാണ് കുട്ടികൾക്കായി ഒരുക്കുന്നത്.



# കെ.സി.വൈ.എം.

## KCYM 1/16 ആനിമേറ്റേഴ്സ് മീറ്റ്

2015 ഡിസംബർ 12-ന് കെ.സി.വൈ.എം. രൂപതാ സമിതിയുടെ നേതൃത്വത്തിൽ കരിമ്പൻ പള്ളിയിൽ നടന്ന ആനിമേറ്റേഴ്സ് സംഗമത്തിൽ പങ്കെടുത്ത എല്ലാ മോഡറേറ്റർ സിസ്റ്റേഴ്സിനും നന്ദി.

## KCYM 2/16 ജീസസ് നൈറ്റ്

ജനുവരി 9-ന് വൈകിട്ട് 6 മണിക്ക് കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ പണിക്കൻകുടി ഇടവകയിൽ ജീസസ് നൈറ്റ് സംഘടിപ്പിച്ചിരിക്കുന്നു.

## KCYM 3/16 സെനറ്റ് മീറ്റ്

ജനുവരി 14, 15, 16 തീയതികളിൽ കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ തൃശൂരിൽ രൂപതകളിലെ സെനറ്റ് അംഗങ്ങളുടെ സംഗമം നടക്കുന്നു.

## KCYM 4/16 ക്രിസ്തുമസ് കാർഡ്

കെ.സി.വൈ.എം. പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് ശേഖരണാർത്ഥം തയ്യാറാക്കിയ ക്രിസ്തുമസ് കാർഡുകൾ വാങ്ങി സഹകരിച്ച എല്ലാ വികാരിയച്ചന്മാർക്കും ഹൃദയം നിറഞ്ഞ നന്ദി.

## KCYM 5/16 വിവര ശേഖരണം

ഒരോ ഇടവകയിലെ കെ.സി.വൈ.എം. പ്രവർത്തകരുടെയും, പ്രവർത്തനങ്ങളുടെയും പേരുവിവരങ്ങൾ ശേഖരിക്കുവാൻ കെ.സി.വൈ.എം. രൂപതാ സമിതി അംഗങ്ങൾ വരുംദിവസങ്ങളിൽ എത്തിച്ചേരുന്നതായിരിക്കും. ഇതിനോട് ഏവരും സഹകരിക്ക ണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

# മദ്യവിരുദ്ധസമിതി

**MVS 1/16 രൂപതാകമ്മിറ്റി**

2015 ഡിസംബർ 5 ശനിയാഴ്ച 2.30 pm ന് നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ബഹു. രൂപതാ ഡയറക്ടർ ഫാ. ജോസ് പാപ്പാടിയുടെ അദ്ധ്യക്ഷതയിൽ രൂപത കമ്മിറ്റി കൂടുകയുണ്ടായി. ഇടുക്കി രൂപതാ ജനറൽ സെക്രട്ടറി ശ്രീ. റോജസ് എം. ജോർജ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പിന്നീട് വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചനയും ചർച്ചയും നടത്തുകയുണ്ടായി.

1. **തീരുമാനങ്ങൾ**

* കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ നടക്കുമ്പോൾ പങ്കെടുക്കുക.
* സമ്പൂർണ്ണ മദ്യനിരോധനം ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് 15 ലക്ഷം പേർ ഒപ്പിട്ട ഭീമഹർജിയുടെ ഒപ്പുശേഖരണ പരിപാടിയിൽ പങ്കുചേരുക.
* 2016 ഫെബ്രുവരി 14-ന് യുവജനങ്ങൾക്കായി ഒരു ഏകദിന മദ്യവിരുദ്ധ ബോധവത്കരണ സെമിനാർ നടത്തുന്നു. പങ്കെടുക്കേണ്ടവർ പ്രധാനമായും 2015-ലെ സാഹിത്യ മത്സരങ്ങളിൽ (പ്രസംഗം, ഉപന്യാസം) വിജയികൾ ആയവരും, ഇടവകകളിൽ നിന്നും വികാരിയച്ചൻമാർ നിർദ്ദേശിക്കുന്നവരുമാണ്.
* ജനുവരി 30 ന് ഗാന്ധിജി രക്തസാക്ഷിത്വദിന അനുസ്മരണവും മദ്യവിരുദ്ധ ഉപവാസവും നടത്തുക.

**MVS 2/16 കരുണയുടെ വർഷം - പ്രവർത്തനങ്ങൾ**

* ഇടുക്കി രൂപതയിലെ എല്ലാ യൂണിറ്റുകളിലും കടന്നു ചെല്ലുന്നതിനും അവിടെ മദ്യവിരുദ്ധ സന്ദേശം എത്തിക്കുന്നതിനും ലഹരി വിമോചന സന്ദേശ യാത്ര നടത്തും.
* ജയിലുകളിൽ ശിക്ഷയനുഭവിച്ചു കഴിയുന്നവരെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി ജയിൽ സന്ദർശനവും പ്രാർത്ഥനയും പ്രത്യേക ക്ലാസ്സുകളും നടത്തും.





**MVS 3/16 സാഹിത്യ മത്സരങ്ങൾ - ഓവറോൾ കിരീടം**

മുരിക്കാശ്ശേരിയിൽ 2015 ഒക്ടോബർ 10 നടത്തിയ പ്രസംഗം, ഉപന്യാസ മത്സരങ്ങളിൽ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ സ്കൂളുകൾ:

1-ാം സ്ഥാനം - സെന്റ് ജോർജ് എച്ച്.എസ്. വാഴത്തോപ്പ്.
2-ാം സ്ഥാനം - ക്വീൻമേരി പബ്ളിക് സ്കൂൾ പണിക്കൻകുടി.

ഇവർക്കുള്ള ട്രോഫികൾ ജനുവരി മാസത്തിൽ സമ്മാനിക്കുന്നതാണ്.

**MVS 4/16 പൗരോഹിത്യ ജൂബിലി അനുമോദനങ്ങൾ**

ബഹു. ജോസ് പാപ്പാടി അച്ചന് രൂപതാ കമ്മിറ്റിയിൽവച്ച് ജൂബിലി മംഗളങ്ങൾ നേരുകയും ക്രിസ്തുമസ് പുതുവത്സര ആഘോഷാശംസകളോടെ കേക്ക് മുറിക്കുകയും ചെയ്തു.

# ഫാമിലി അപ്പോസ്തലേറ്റ്

**FA 1/16 വിവാഹ ഒരുക്ക ധ്യാനം**

2016 ജനുവരി 4-6 തിങ്കൾ - ബുധൻ
2016 ജനുവരി 25-27 തിങ്കൾ - ബുധൻ
2016 ഫെബ്രുവരി 22-24 തിങ്കൾ - ബുധൻ

**FA 2/16 ഏലീശ്വാ ധ്യാനം**

ഗർഭസ്ഥശിശുക്കൾ ഉള്ള ദമ്പതികൾക്കായി പ്രത്യേക കൗൺസിലിംഗ്, ആരാധന, ദൈവവചന ബോദ്ധ്യങ്ങൾ നല്കുന്ന ക്ലാസ്സുകൾ എന്നിവ ഗൈനക്കോളജി, പീഡിയാട്രിക് ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. വി. സ്നാപക

യോഹന്നാനെപ്പോലെ ദൈവകരം കൂടെയുള്ള കുഞ്ഞുങ്ങൾക്ക് രൂപം കൊടുക്കുവാൻ സഹായിക്കുന്ന ഈ ധ്യാന ശുശ്രൂഷയിൽ ഗർഭാവസ്ഥയിൽ 3-ാം മാസം വരെ ആയ അമ്മമാർക്കും ജീവിത പങ്കാളിക്കും പങ്കെടുക്കാം.

തീയതി : 2016 ഫെബ്രുവരി 19-21

സ്ഥലം : അടിമാലി ആത്മജ്യോതി

സമയം : വെള്ളിയാഴ്ച വൈകുന്നേരം 5.00 pm മുതൽ ഞായറാഴ്ച 3.30 pm വരെ.

### FA 3/16 ജോർദ്ദാനിയ

ഒരു കുടുംബത്തിൽ നാലാമത്തെയോ അതിനുമുകളിലേക്കോ ജനിച്ച ശിശുക്കൾക്ക് പ്രവേശക കൂദാശകൾ രൂപതാദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നൽകുന്നു. 2016 ജനുവരി 26 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് പാറത്തോട് സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ നടക്കുന്ന തിരുക്കർമങ്ങളിലേക്ക് ഇടവകകളിൽ നിന്നും ഈ വിഭാഗത്തിൽപ്പെട്ടവരെ പറഞ്ഞയക്കുമല്ലോ. ഭക്ഷണവും മറ്റിതര സേവനങ്ങളും രൂപതാ കുടുംബപ്രേഷിതകേന്ദ്രം നൽകുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവരുടെ പേരുവിവരം ജനുവരി 21 നു മുമ്പായി രൂപതാ കേന്ദ്രത്തിൽ അറിയിക്കുക.

ഫോൺ : 9496895111.

### FA 4/16 ബേത്‌ലഹേം കാരിത്താസ്

രൂപതാതല ജീവകാരുണ്യ ശുശ്രൂഷയിലൂടെ നിർധന രോഗികൾക്ക് മരുന്നും ഭക്ഷണവും നൽകുന്നതിന് സ്പോൺസർമാരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ബഹു. വികാരി അച്ചന്മാരുടെ സഹായം അഭ്യർത്ഥിക്കുന്നു.



## പ്രാർത്ഥനാ ഗ്രൂപ്പ്

### PG 1/16 കാരുണ്യവർഷ ധ്യാനങ്ങൾ

കരുണ, നീതി, നിയമം എന്നീ വിഷയങ്ങളെ ആധാരമാക്കി ഇടവകകൾ തോറും സായാഹ്ന ധ്യാനങ്ങൾ സംഘടിപ്പിക്കുകയാണ് രൂപതയിൽ നിന്ന് പ്രാർത്ഥനാഗ്രൂപ്പുകളെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം. മൂന്ന് സായാഹ്നങ്ങളിലായി ഇടവകതലത്തിൽ ഈ ധ്യാനം നടത്താനുള്ള തയ്യാറെടുപ്പുകൾ രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് നിരവത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

### PG 2/16 ഭവന സന്ദർശനവർഷം

'ആവശ്യക്കാരെ തേടി ഭവനങ്ങളിലേക്ക്' എന്ന മുദ്രാവാക്യമാണ് കാരുണ്യവർഷത്തിൽ പ്രാർത്ഥനാഗ്രൂപ്പുകൾ ഏറ്റെടുത്തിരിക്കുന്നത്. കാരുണ്യവർഷത്തിൽ ഇടവക പ്രാർത്ഥനാഗ്രൂപ്പുകൾ അതാതു ഇടവകകളിലെ കിടപ്പുരോഗികൾ, വാർദ്ധക്യത്തിലെത്തിയവർ എന്നിവരെ നിരന്തര സന്ദർശനത്തിലൂടെ ദൈവസ്നേഹാനുഭവത്തിൽ നിലനിർത്താൻ പരിശ്രമിക്കുകയാണ്.

### PG 3/16 പാരിഷ് മിനിസ്ട്രി

കരിസ്മാറ്റിക് നവീകരണത്തോട് ആഭിമുഖ്യമുള്ള മതാദ്ധ്യാപകർ, കുടുംബകൂട്ടായ്മാ ലീഡേഴ്സ്, പാരിഷ് കൗൺസിലംഗങ്ങൾ, ഭക്തസംഘടനകളുടെ ഭാരവാഹികൾ എന്നിവർക്കായി സോണൽ തലത്തിൽ പാരിഷ് ഫെസ്റ്റ് 2016 ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്നു.

## മാതൃവേദി

### MV 1/16 ഏകദിന കൺവെൻഷൻ

ജനുവരി 9 ന് - നെടുങ്കണ്ടം മേഖല

**MV 2/16 കൗൺസിലിംഗ് കോഴ്സ്**

2016 ഏപ്രിൽ-മെയ് മാസങ്ങളിലായി 10 ദിവസം നീണ്ടു നിൽക്കുന്ന ഒരു കൗൺസിലിംഗ് പരിശീലനം മാതൃവേദി അംഗങ്ങൾക്കായി ഒരുക്കുന്നു. കുടുംബങ്ങളിൽ വൈധവ്യാവസ്ഥയിലും രോഗാവസ്ഥയിലുമായിരിക്കുന്ന സ്ത്രീകളെ സന്ദർശിക്കുവാനും സഹായിക്കുവാനും കേൾക്കുവാനും ആഭിമുഖ്യമുള്ളവരും +2 വിദ്യാഭ്യാസവും 60 വയസിനു താഴെ പ്രായമുള്ളവരുമായ ഏതൊരു മാതൃവേദി അംഗത്തിനും ഈ പരിശീലനത്തിൽ പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് പ്രവേശനം. ഭക്ഷണത്തിനും താമസത്തിനുമുള്ള ഫീസ് മാത്രം മതിയാകും.

രജിസ്ട്രേഷൻ മൊബൈൽ നമ്പർ 9496895111

**MV 3/16 നവോമി സംഗമങ്ങൾ**

ഇടവകതലത്തിൽ വിധവകളുടെ കൂട്ടായ്മ വളർത്തുവാനും അവർക്ക് ക്ലാസ്സുകളും കൗൺസിലിംഗും നൽകുവാനും 3 മാസത്തിലൊരിക്കൽ ഓരോ മാതൃവേദി ശാഖയും ശ്രദ്ധിക്കണം. 2016 ഏപ്രിൽ 23 ന് രൂപതാതല നവോമി സംഗമം നടത്തപ്പെടുന്നു.

**MV 3/16 റൂത്ത് മീറ്റ്**

50 വയസിൽ താഴെ പ്രായമുള്ള വിധവകളെ വിവാഹ ജീവിത്തിലേക്ക് സ്വീകരിക്കാനാഗ്രഹിക്കുന്ന അവിവാഹിത പുരുഷന്മാർക്ക് സഹായകരമായി ഇടവക തലത്തിൽ ഈ ഗണത്തിൽപ്പെടുന്ന വിധവകളുടെ ഒരു പട്ടിക തയ്യാറാക്കി രൂപതാതലത്തിൽ 2016 ഏപ്രിൽ 30 ന് ഒരു സംഗമം ക്രമീകരിക്കുന്നതാണ്.

## കത്തോലിക്കാ കോൺഗ്രസ്

**AKCC 1/16 പ്രതിഷേധിച്ചു**

സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ തികച്ചും പക്ഷപാതപരമാണെന്ന് കത്തോലിക്ക കോൺഗ്രസ്



ഇടുക്കി രൂപത സമിതി വിലയിരുത്തി. സംസ്ഥാനത്തെ പ്രധാന ന്യൂനപക്ഷ ജനവിഭാഗമായ കത്തോലിക്കർക്ക് ജനസംഖ്യാനുപാതികമായ രീതിയിൽ ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുണ്ട്. ഈ വകുപ്പിന്റെ കീഴിൽ നടത്തുന്ന നിരവധി ക്ഷേമപ്രവർത്തനങ്ങൾ ഒരു സമുദായത്തിനുമാത്രം ഗുണം ചെയ്യുന്ന തരത്തിലാണ് വിതരണം ചെയ്യുന്നത്. വിധവകൾക്ക് ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്നതിലും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി ക്ഷേമപ്രവർത്തനവും പരിശീലനവും നൽകുന്നതിലുമെല്ലാം കത്തോലിക്ക സമുദായത്തെ പാടെ അവഗണിക്കുകയാണ്. ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിലെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കുവാൻ സാമ്പത്തിക സഹായം നല്കുന്ന പദ്ധതികൾക്കായി പഞ്ചായത്തുകൾ തിരഞ്ഞെടുക്കുന്നതിൽ കടുത്ത അനീതിയാണ് നടത്തിയിരിക്കുന്നത്. കോട്ടയം, എറണാകുളം പോലെയുള്ള ജില്ലകളിൽ നിന്നും 2 പഞ്ചായത്തുകൾ വീതം തിരഞ്ഞെടുത്തപ്പോൾ മലപ്പുറം ജില്ലയിൽ നിന്നും മാത്രം 22 പഞ്ചായത്തുകളാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇടുക്കി ജില്ലയിൽ ഒരൊറ്റ ന്യൂനപക്ഷ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുപോലുമില്ലാത്ത ഒരേ ഒരു പഞ്ചായത്ത് മാത്രമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഈ നടപടിയിൽ കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത കമ്മറ്റി ശക്തമായി പ്രതിഷേധം രേഖപ്പെടുത്തി. ജനങ്ങളുടെ നികുതിപ്പണം ചിലവഴിച്ച് ക്ഷേമപ്രവർത്തനങ്ങൾ സർക്കാർ നടത്തുമ്പോൾ പക്ഷപാതപരമായ സമീപനം സ്വീകരിക്കുകയും അർഹരായ ഇതര സമുദായത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കുകയും ചെയ്യുന്ന വിവേചനം അവസാനിപ്പിക്കണമെന്നും യോഗം സർക്കാരിനോടാവശ്യപ്പെട്ടു.

എ.കെ.സി.സി. ഇടുക്കി രൂപത പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോർജ് പാട്ടത്തേക്കുഴി, രൂപത ജനറൽ സെക്രട്ടറി ശ്രീ. ജോസ് തോമസ് ഒഴുകയിൽ, ശ്രീ. ജോസുകുട്ടി മാടപ്പള്ളി, ശ്രീ. സണ്ണി ജോർജ് കരിവേലിക്കൽ, ഡോ. ജോയി കോയിക്കക്കുടി, ശ്രീ. ജോസഫ് തേവർപറമ്പിൽ, ശ്രീ. മാത്യു മലേപ്പറമ്പിൽ, ശ്രീ .കെ.സി. ചാക്കോ വരമ്പകത്ത് തുടങ്ങിയവർ സംസാരിച്ചു.

## AKCC 2/16 നിവേദനം നല്കി

സംസ്ഥാന ന്യൂനപക്ഷ വകുപ്പിന്റെ പ്രവർത്തനം പക്ഷപാത പരമാണെന്ന് കാണിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം ശ്രീ. വി. വി. ജോഷി മുമ്പാകെ കത്തോലിക്ക കോൺഗ്രസ് നിവേദനം സമർപ്പിച്ചു. രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ, ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ, ട്രഷറർ സണ്ണി കരിവേലിക്കൽ എന്നിവർ ചേർന്ന് ന്യൂനപക്ഷ കമ്മീഷൻ മുമ്പാകെ നിവേദനം സമർപ്പിക്കുകയായിരുന്നു.

## AKCC 3/16 യൂണിറ്റ് സന്ദർശനം

കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് പ്രവർത്തനം വിലയിരുത്തുന്നതിനായി രൂപതാ ഭാരവാഹികൾ താഴെപ്പറയുന്ന യൂണിറ്റുകൾ സന്ദർശിച്ചു. കാൽവരിമൗണ്ട്, ശാന്തിഗ്രാം, പാറത്തോട്, പണിക്കൻകുടി, മുരിക്കാശ്ശേരി, തങ്കമണി എന്നീ യൂണിറ്റുകളാണ് ഭാരവാഹികൾ സന്ദർശിച്ചത്.

## AKCC 4/16 രൂപതാ മീറ്റിംഗ്

28-11-2015 ൽ കൂടിയ രൂപതാ കമ്മറ്റിയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്തു. 2015 ഡിസംബർ 31 ന് മുമ്പായി എല്ലാ ഇടവകകളിലും യൂണിറ്റ് രൂപീകരിക്കുക, മെമ്പർഷിപ്പ് വാരം ആചരിക്കുക, ആത്മമിത്രം മൈക്രോ ഫൈനാൻസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2016 ജനുവരി മാസത്തിൽ യൂണിറ്റ് ഭാരവാഹികൾക്ക് പരിശീലനം നല്കുക, സംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക. കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന സിവിൽ സർവ്വീസ്/എൻട്രൻസ്/പി.എസ്.സി. കോച്ചിംഗ് ക്ലാസ്സുകൾ മൂവാറ്റുപുഴ നിർമ്മലാ കോളേജിൽ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. നമ്മുടെ രൂപതയിലെ പരമാവധി കുട്ടികൾക്ക് ഇവിടെനിന്നും പരിശീലനം നേടിയെടുക്കണം.



# കേരള ലേബർ മൂവ്മെന്റ്

## KLM 1/16 കാരുണ്യ വർഷം - സന്നദ്ധ സേവകദിനാചരണം

കരുണയുടെ വർഷാചരണത്തിന്റെ ഭാഗമായി ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന സന്നദ്ധ സേവകരുടെ ദിനാചരണം ഫെബ്രുവരി 21 ന് രാവിലെ 11 ന് പടമുഖം സ്നേഹമന്ദിരം ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്യും. KLM രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിക്കും. രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴം സ്വാഗതം ആശംസിക്കും.

## KLM 2/16 സുരക്ഷാ അക്കൗണ്ട് പുതുക്കൽ

KLM സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ വാർഷിക വരിസംഖ്യ അടക്കുന്നതിന് 2016 ജനുവരി 1 മുതൽ 10 വരെ കരിമ്പൻ ബിഷപ്സ് ഹൗസിൽ പ്രവർത്തിക്കുന്ന ഓഫീസിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. 10-ാം തിയതി കഴിഞ്ഞാൽ ഈ വർഷത്തെ തുക അടക്കുന്നതിന് സൗകര്യം ലഭിക്കുന്നതല്ല.

## KLM 3/16 തൊഴിലാളി ഫോറം

തൊഴിലാളി ഫോറങ്ങളുടെ നേതൃസംഗമം ഡിസംബർ 19, 20 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടന്നു. ഇടുക്കി രൂപതയിൽ നിന്നും 5 പ്രതിനിധികൾ പങ്കെടുത്തു.

## KLM 4/16 KLM രൂപതാ കമ്മറ്റി

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റി എഴുകുംവയൽ പാരിഷ് ഹാളിൽ ചേർന്നു. കാരുണ്യവർഷത്തോടനുബന്ധിച്ച് രൂപതയിൽ നിന്നും നിർദ്ദേശിച്ചിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾനടത്തുന്നതിന് തീരുമാനിച്ചു.

# ആത്മജ്യോതിയിലെ പരിപാടികൾ

**ജനുവരി 2016**

04 – 06 : വിവാഹ ഒരുക്ക സെമിനാർ
10 – 15 : എഫാത്താധ്യാനം
16 – 17 : തിയോളജി കോഴ്സ്
25 – 27 : വിവാഹ ഒരുക്ക സെമിനാർ

# അറിയിപ്പുകൾ

### പുതിയ സാരഥികൾ

### എസ്.എച്ച്. നവജ്യോതി പ്രൊവിൻസ് – ഇടുക്കി

പ്രൊവിൻഷ്യൽ : റവ. ഡോ. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ
കൗൺസിലേഴ്സ്: സി. മേരി മറ്റപ്പിള്ളിൽ (വൈസ് പ്രൊവിൻഷ്യൽ)
,, : സി. ടെസ്സി മലേക്കുടി (സാമൂഹിക സേവനം)
,, : സി. ആൻസ് മേരി കല്ലുങ്കൽ (വിദ്യാഭ്യാസം)
,, : സി. എലിസബത്ത് കുളങ്ങര (ഉപവി പ്രവർത്തനങ്ങൾ)
ഓഡിറ്റർ : സി. നിർമ്മല മാത്യു വടക്കേപ്പറമ്പിൽ
പ്രൊക്യുറേറ്റർ : സി. ഫിലോ കോലംകുഴിയിൽ

### എഫ്.സി.സി. നിർമ്മൽറാണി പ്രൊവിൻസ് – ഇടുക്കി

പ്രൊവിൻഷ്യൽ : സി. ആൻസിൽ
വൈസ് പ്രൊവിൻഷ്യൽ : സി. സ്റ്റാൻസി ജോസ്
കൗൺസിലേഴ്സ് : സി. ഷെഫി
,, : സി. ബെന്നോ
,, : സി. ശുഭ
ഫിനാൻസ് ഓഫീസർ : സി. ലിസ ജോസ്
സെക്രട്ടറി : സി. ലീജ



### സി.എം.സി. കാർമ്മൽഗിരി പ്രൊവിൻസ് – ഇടുക്കി

പ്രൊവിൻഷ്യൽ : സി. ആലീസ് മരിയ
വൈസ് പ്രൊവിൻഷ്യൽ : സി. ബിനോയ്
കൗൺസിലേഴ്സ് : സി. പുഷ്പലത (വിദ്യാഭ്യാസം)
,, : സി. റ്റോംസി മരിയ (FFT & Mass Media)
,, : സി. മാരിസ് (Renewal & Finance)
ഫിനാൻസ് സെക്രട്ടറി : സി. റ്റീന
പ്രൊവിൻഷ്യൽ സെക്രട്ടറി: സി. സിനോ മരിയ
ഇന്റേണൽ ഓഡിറ്റർ : സി. മാഗി

### എസ്.എ.ബി.എസ്. ജയ്മാതാ പ്രൊവിൻസ് – ഇടുക്കി

പ്രൊവിൻഷ്യൽ : സി. റെജി പന്തലാനി
വൈസ് പ്രൊവിൻഷ്യൽ : സി. ലീമ റോസ് വേലച്ചേരിൽ
കൗൺസിലേഴ്സ് : സി. ലിറ്റി ഉപ്പുമാക്കൽ
,, : സി. അൽഫോൺസ് കടമ്പനാട്ട്
,, : സി. ദീപ്തി തേനംമാക്കൽ
ഫിനാൻസ് ഓഫീസർ : സി. റെയ്സി കല്ലൂർ
സെക്രട്ടറി : സി. അനിത വലിയപറമ്പിൽ






01 കരിമ്പൻ ബിഷപ്പസ് ഹൗസിൽ പ്രെസ്ബിറ്റേറിയത്തിൽ അദ്ധ്യക്ഷത വഹിച്ചു.

02 കരിമ്പൻ ബിഷപ്പസ് ഹൗസിൽ കാരുണ്യവർഷത്തോടനുബന്ധിച്ച് രൂപതാതല സംഘടനാ ഭാരവാഹികളുടെയും, ഡയറക്ടർമാരുടെയും സമ്മേളനത്തിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നല്കി.

04 മുരിക്കാശ്ശേരി FCC പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി.

06 ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ മുളകുവള്ളി ബാലഭവനിലെ കുട്ടികളോടൊപ്പം ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

07 മാങ്കടവ് ദൈവമാതാ ആശ്രമത്തിൽ പുതിയതായി നിർമ്മിച്ച ചാപ്പലിന്റെ കൂദാശാകർമ്മം നിർവഹിച്ചു.

* രാജമുടി ക്രിസ്തുരാജ് ദൈവാലയത്തിൽ ബഹു. ഫാ. ജോസഫ് തൊട്ടിയുടെ വത്സലമാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

08 രാജമുടി SH പ്രോവിൻഷ്യൽ ഹൗസിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി.

09-11 എറണാകുളത്ത് KCBC മീറ്റിംഗിൽ സംബന്ധിച്ചു.

12 അടിമാലി ആത്മജ്യോതി പാസ്റ്റർ സെന്ററിൽ അല്മായ ദൈവശാസ്ത്ര കോഴ്സിൽ ക്ലാസ്സെടുത്തു.

15 കരിമ്പൻ ബിഷപ്പ്സ് ഹൗസിൽ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകി.



16 കുതിരക്കല്ല് FCC കോൺവെന്റിൽ വി. കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി.

18 മുരിക്കുംതൊട്ടി വി. മരിയഗൊരേത്തി പള്ളിയിൽ നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിൽ സന്ദേശം നൽകി.

19 അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട പാസ്റ്ററൽ കൗൺസിലിന്റെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

20 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ യോഗത്തിൽ പങ്കെടുത്തു.

22 കാന്തിപ്പാറ SH ബാലഭവനിൽ പുതിയതായി നിർമ്മിച്ച ചാപ്പൽ കൂദാശ ചെയ്തു.

25 വാഴത്തോപ്പ് കത്തീഡ്രലിൽ ക്രിസ്തുമസ് തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 വാഴത്തോപ്പ് കത്തീഡ്രലിൽ ഡീക്കൻ തോമസ് മംഗലത്തിന് തിരുപ്പട്ടം നൽകി.

* മുരിക്കാശ്ശേരി പള്ളിയിൽ ഡീക്കൻ ജോർജ്ജ് പെരുമാലിക്ക് തിരുപ്പട്ടം നൽകി.

28 നീലിവയൽ പള്ളിയിൽ ഡീക്കൻ ജയിംസ് കാവുങ്കലിന് തിരുപ്പട്ടം നൽകി.

29 മുത്തിയുരുണ്ടയാർ പള്ളിയിൽ ഡീക്കൻ തോമസ് കാഞ്ഞിരംകുന്നേലിന് തിരുപ്പട്ടം നൽകി.

30 മാങ്കുളം പള്ളിയിൽ ഡീക്കൻ ജോസഫ് അഴിമുഖത്തിന് തിരുപ്പട്ടം നൽകി.

31. നാങ്കുതൊട്ടി പള്ളിയിൽ ഡീക്കൻ ആന്റണി പാറക്കടവിലിന് തിരുപ്പട്ടം നൽകി.

* വാഴവര പള്ളിയിൽ ഡീക്കൻ അലക്സ് പാലക്കുഴയ്ക്ക് തിരുപ്പട്ടം നൽകി.




01 09.00 am - തിരുപ്പട്ടം, ഡീ. കുര്യാക്കോസ് കൊല്ലപ്പള്ളിൽ, പന്നിയാർകുട്ടി
03.00 pm - കുരിശുപള്ളി വെഞ്ചരിപ്പ് , വെള്ളയാംകുടി
02 09.00 am - തിരുപ്പട്ടം, ഡീ. തോമസ് മാറാട്ടുകുളം, കോമ്പയാർ
03.00 am - തിരുപ്പട്ടം, ഡീ. ജയിംസ് പൊന്നമ്പേൽ, മാവടി
04 09.00 am - തിരുപ്പട്ടം, ഡീ. ജോസഫ് പുതിയാപറമ്പിൽ, വെളിച്ചിയാനി
- വീട് വെഞ്ചരിപ്പ്, കരിമ്പൻ
05 09.00 am - തിരുപ്പട്ടം, ഡീ. തോമസ് കുന്നുംപുറത്ത് OCD, രാജമുടി
02.30 pm - റവന്യു ജില്ലാ കലോത്സവം, മുരിക്കാശ്ശേരി
07 - 12 - സിനഡ്, മൗണ്ട് സെന്റ് തോമസ്, കാക്കനാട്
13 07.30 pm - നവവൈദികർക്ക് സ്വീകരണം, കരിമ്പൻ
14 09.00 am - നിത്യാരാധന ചാപ്പൽ കൂദാശ, അടിമാലി
15 04.30 pm - സാന്തോം സ്കൂൾ വാർഷികം, ചുരുളി
16 10.00 am - പള്ളി കൂദാശ, തടിയമ്പാട്
17 03.00 pm - ചാപ്പൽ കൂദാശ, മഞ്ഞപ്പാറ (തടിയമ്പാട്)
18 03.00 pm - ചാപ്പൽ കൂദാശ, സ്നേഹമന്ദിരം, മുരിക്കാശ്ശേരി
19 - 20 - മാതൃവേദി സംസ്ഥാന കമ്മിറ്റി, നെസ്റ്റ്, മൂവാറ്റുപുഴ
23 04.00 pm - കുരിശുപള്ളി വെഞ്ചരിപ്പ്, ജോർജിയാർ
26 03.00 pm - സമർപ്പിതസംഗമം , കത്തീഡ്രൽ പള്ളി, വാഴത്തോപ്പ്
27 04.00 pm - ജോർദ്ദാനിയ – സമൂഹ മാമ്മോദീസ, പാറത്തോട്
29 04.00 pm - ഇടവകദിനം, എഴുകുംവയൽ
30 10.00 am - സ്കൂൾ വെഞ്ചരിപ്പ്, മരിയാപുരം
04.00 pm - പാരീഷ് ഹാൾ വെഞ്ചരിപ്പ്, രാജമുടി